# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കോട്ടക്കൽ മുനിസിപ്പാലിറ്റി

# ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAMPM20/6/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 28/02/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
കോട്ടക്കൽ മുനിസിപ്പാലിറ്റി

സർ,

വിഷയം : കോട്ടക്കൽ മുൻസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോട്ടക്കൽ മുൻസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2.നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
3.റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യവകുപ്പ്, കോഴിക്കോട്, (ഉപരിപത്രം സഹിതം)

4.സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം, (ഉപരിപത്രം സഹിതം)
5.കാര്യാലയ പകർപ്പ്

നമ്പർ: KSAMPM20/6/2022 തീയ്യതി: 28/02/2022

## മലപ്പുറം ജില്ലയിലെ കോട്ടക്കൽ മുൻസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കോട്ടക്കൽ മുൻസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-01-2020 മുതൽ 16-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 40 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 31-12-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സൈമൺ.കെ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 17-12-2021 | 31-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-12-2021 | 31-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ.നാസർ.കെകെ. | ചെയർമാൻ | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | ചെയർപേഴ്സൺ | 12-11-2020 | 27-12-2020 |
| ശ്രീമതി.ബുഷറ ഷബീർ | ചെയർപേഴ്സൺ | 28-12-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സുഗതകുമാർ.എം. | സെക്രട്ടറി | 01-04-2020 | 26-06-2020 |
| ശ്രീ.ജുബികൃഷ്ണൻ.ടി | സൂപ്രണ്ട് (സെക്രട്ടറി ഇൻചാർജ്ജ്) | 27-06-2020 | 26-08-2020 |
| ശ്രീ.സുഗതകുമാർ.എം. | സെക്രട്ടറി | 27-08-2020 | 31-03-2021 |
| ശ്രീമതി.ഹസീന.വി. | I.C.D.S.സൂപ്പർവൈസർ | 01-03-2020 | 13-11-2020 |
| ശ്രീമതി.മുംതാസ്.ടി.വി. | I.C.D.S.സൂപ്പർവൈസർ | 14-11-2020 | 31-03-2021 |
| ഡോ.ഖദീജ.സി. | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2020 | 31-03-2021 |
| ഡോ.നസീമ മോൾ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2020 | 31-03-2021 |
| ഡോ.സയിദ് ഫസൽ.കെ.പി. | മെഡിക്കൽ ഓഫീസർ(ആലോപ്പതി) | 01-04-2020 | 31-03-2021 |
| ഡെ.മുജീബ് റഹ്മാൻ.കെ.പി. | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീ.റഷീദുദീൻ.എം. | പ്രോജക്ട് ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ.ഹംസ. കെ.കെ. | ഹെൽത്ത് ഇൻസ്പെക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി.സുജാത | ഹെഡ്മിസ്ട്രസ് | 01-04-2020 | 31-03-2021 |
| ശ്രീ.അരുൺകുമാർ.കെ.വി. | അഗ്രികൾച്ചർ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി. മിനിമോൾ.പി.ടി. | അസി.എഞ്ചിനീയർ | 01-04-2020 | 30-06-2020 |
| ശ്രീ.ക്ലെമെന്റ്.പി. | അസി.എഞ്ചിനീയർ | 01-07-2020 | 18-08-2020 |
| ശ്രീ.ക്ലമെന്റ് | അസി.എഞ്ചിനീയർ | 02-11-2020 | 10-02-2021 |
| ശ്രീ.അരുൺ എസ് ദാസ് | അസി.എഞ്ചിനീയർ | 17-02-2021 | 31-03-2021 |
| ശ്രീമതി ആജിത വിജയൻ | പ്രിൻസിപ്പാൾ | 01-04-2020 | 31-03-2021 |
| ശ്രീ.ഹുസൈൻ പോതൻങ്ങാടൻ | അസി.എഞ്ചിനീയർ | 19-08-2020 | 01-11-2021 |
| ഒഴിവ് | അസി.എഞ്ചിനീയർ | 11-02-2021 | 16-02-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Abdul Salam.P (Senior Grade Auditor, On 01-01-2022)<br>Last Updated By: Simon K (Senior Deputy Director, On 25-02-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Prasad (Audit Officer, On 28-12-2021)<br>Last Updated By: Simon K (Senior Deputy Director, On 25-02-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Prasad (Audit Officer, On 28-12-2021)<br>Last Updated By: Simon K (Senior Deputy Director, On 25-02-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Prasad (Audit Officer, On 28-12-2021)<br>Last Updated By: Simon K (Senior Deputy Director, On 25-02-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Prasad (Audit Officer, On 28-12-2021)<br>Last Updated By: Simon K (Senior Deputy Director, On 25-02-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: E.Moosa (Asst. Audit Officer, On 30-12-2021)<br>Last Updated By: Simon K (Senior Deputy Director, On 25-02-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Mohammed Noushad A K (Auditor, On 30-12-2021)<br>Last Updated By: Simon K (Senior Deputy Director, On 25-02-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Vineetha P P (Auditor, On 30-12-2021)<br>Last Updated By: Simon K (Senior Deputy Director, On 25-02-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Abdul Sathar C.P (Audit Officer, On 29-12-2021)<br>Last Updated By: Simon K (Senior Deputy Director, On 25-02-2022) | 1-9 |
| 10 | മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Prasad (Audit Officer, On 28-12-2021)<br>Last Updated By: Simon K (Senior Deputy Director, On 25-02-2022) | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: Abdul Salam.P (Senior Grade Auditor, On 30-12-2021)<br>Last Updated By: Simon K (Senior Deputy Director, On 25-02-2022) | 1-11 |
| 12 | 100 ച.മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടത്തിന് കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചു 58125 രൂപയുടെ നഷ്ടം<br>Written By: Mohammed Noushad A K (Auditor, On 01-01-2022)<br>Last Updated By: Simon K (Senior Deputy Director, On 25-02-2022) | 1-12 |
| 13 | വസ്തു നികുതി- കെട്ടിടത്തിൽ കൂട്ടിച്ചേർക്കലുകൾ- മുൻപ് നമ്പർ നൽകിയ ഭാഗത്തിന്റെ നികുതി പരിഷ്കരിച്ചില്ല, നികുതി നഷ്ടം.<br>Written By: Mohammed Noushad A K (Auditor, On 01-01-2022)<br>Last Updated By: Simon K (Senior Deputy Director, On 25-02-2022) | 1-13 |
| 14 | അനധികൃത നിർമ്മാണവും സ്ഥാപനവും<br>Written By: Mohammed Noushad A K (Auditor, On 01-01-2022)<br>Last Updated By: Simon K (Senior Deputy Director, On 25-02-2022) | 1-14 |
| 15 | വാർത്താ വിനിമയ ഗോപുരങ്ങളുടെ നികുതി കുടിശ്ശിക<br>Written By: Mohammed Noushad A K (Auditor, On 01-01-2022)<br>Last Updated By: Simon K (Senior Deputy Director, On 25-02-2022) | 1-15 |
| 16 | ഫയലുകൾ പരിശോധനക്ക് ഹാജരാക്കിയില്ല<br>Written By: ABDHU NAZER.P (Audit Officer, On 31-12-2021)<br>Last Updated By: Simon K (Senior Deputy Director, On 25-02-2022) | 1-16 |

| | | |
|---|---|---|
| 17 | വർഷങ്ങൾക്ക് മുമ്പ് പൂർത്തീകരിച്ച പ്രവൃത്തികൾക്ക് പ്രൊജക്ടില്ലാതെ പെയ്മെന്റ് നൽകുന്നു.<br>Written By: ABDHU NAZER.P (Audit Officer, On 01-01-2022)<br>Last Updated By: Simon K (Senior Deputy Director, On 25-02-2022) | 1-17 |
| 18 | ബഡ്സ് സ്കൂൾ നിർമ്മാണം പ്ലാസ്റ്ററിങ് - 18139 രൂപ കരാറുകാരന് അധികം നൽകി<br>Written By: ABDHU NAZER.P (Audit Officer, On 31-12-2021)<br>Last Updated By: Simon K (Senior Deputy Director, On 25-02-2022) | 1-18 |
| 19 | മരാമത്ത് പ്രവൃത്തി നിർവ്വഹണത്തിലെ അപാകതകൾ -ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് 8094 രൂപ തിരിച്ചടവാക്കി.<br>Written By: ABDHU NAZER.P (Audit Officer, On 31-12-2021)<br>Last Updated By: Simon K (Senior Deputy Director, On 25-02-2022) | 1-19 |
| 20 | മരാമത്ത് പ്രവൃത്തികളുടെ ടാക്സുകൾ അടവാക്കിയില്ല.<br>Written By: ABDHU NAZER.P (Audit Officer, On 01-01-2022)<br>Last Updated By: Simon K (Senior Deputy Director, On 25-02-2022) | 1-20 |
| 21 | ജനകീയ ഹോട്ടൽ പദ്ധതി-ചെലവ് രേഖകൾ ലഭ്യമല്ല-30000/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.<br>Written By: Prasad (Audit Officer, On 28-12-2021)<br>Last Updated By: Simon K (Senior Deputy Director, On 25-02-2022) | 1-21 |
| 22 | കുടുംബശ്രീയിൽപ്പെട്ട കുടുംബങ്ങൾക്ക് ജീവിത മാർഗ്ഗത്തിന് ഗ്രഡ്സ് ഓട്ടോ നല്കൽ-അപാകതകൾ-50000/-തടസ്സത്തിൽ വയ്ക്കുന്നു.<br>Written By: Prasad (Audit Officer, On 28-12-2021)<br>Last Updated By: Simon K (Senior Deputy Director, On 25-02-2022) | 1-22 |
| 23 | പി.എം.എ.വൈ നഗര സഭാ വിഹിതം-അപാകതകൾ - രേഖകളുടെ അഭാവത്തിൽ 7986739/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.<br>Written By: Prasad (Audit Officer, On 31-12-2021)<br>Last Updated By: Simon K (Senior Deputy Director, On 25-02-2022) | 1-23 |
| 24 | മുഴുവൻ വാടകയും ഈടാക്കിയില്ല<br>Written By: Latha.O.V (Auditor, On 31-12-2021)<br>Last Updated By: Simon K (Senior Deputy Director, On 25-02-2022) | 1-24 |
| 25 | വാടക ഈടാക്കിയിട്ടില്ല.<br>Written By: Latha.O.V (Auditor, On 31-12-2021)<br>Last Updated By: Simon K (Senior Deputy Director, On 25-02-2022) | 1-25 |
| 26 | ലേലം ചെയ്ത റൂമുകളുടെ ഡെപ്പോസിറ്റ് തുക മുഴുവനും അടവാക്കിയില്ല.<br>Written By: Latha.O.V (Auditor, On 31-12-2021)<br>Last Updated By: Simon K (Senior Deputy Director, On 25-02-2022) | 1-26 |
| 27 | വാടക അധിക സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കാത്തത്<br>Written By: Latha.O.V (Auditor, On 31-12-2021)<br>Last Updated By: Simon K (Senior Deputy Director, On 25-02-2022) | 1-27 |
| 28 | വനിത വയോജനങ്ങൾക്ക് കട്ടിൽ വിതരണം-അപാകതകൾ<br>Written By: Latha.O.V (Auditor, On 31-12-2021)<br>Last Updated By: Simon K (Senior Deputy Director, On 25-02-2022) | 1-28 |
| 29 | മുഴുവൻ മരുന്നും ലഭ്യമായില്ല<br>Written By: Latha.O.V (Auditor, On 31-12-2021)<br>Last Updated By: Simon K (Senior Deputy Director, On 25-02-2022) | 1-29 |
| 30 | മാലിന്യ സംസ്കരണം-അപാകതകൾ<br>Written By: Prasad (Audit Officer, On 01-01-2022)<br>Last Updated By: Simon K (Senior Deputy Director, On 25-02-2022) | 1-30 |
| 31 | തനത് ഫണ്ട് വകയിരുത്തിയ മരാമത്ത് പ്രോജക്ടുകൾ- ക്രമപ്രകാരമല്ലാത്ത നടപടികൾ<br>Written By: ABDHU NAZER.P (Audit Officer, On 01-01-2022)<br>Last Updated By: Simon K (Senior Deputy Director, On 25-02-2022) | 1-31 |

| | | |
|---|---|---|
| 32 | ബിൽ തുകയിൽ നിന്ന് GST കുറവ് ചെയ്തില്ല<br>Written By: ABDHU NAZER.P (Audit Officer, On 01-01-2022)<br>Last Updated By: Simon K (Senior Deputy Director, On 25-02-2022) | 1-32 |
| 33 | അക്രഡിറ്റഡ് ഏജൻസി വഴിയുള്ള മരാമത്ത് പ്രവൃത്തികൾ - അപാകതകൾ<br>Written By: Abdul Salam.P (Senior Grade Auditor, On 01-01-2022)<br>Last Updated By: Simon K (Senior Deputy Director, On 25-02-2022) | 1-33 |
| 34 | ചെലവ് അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല<br>Written By: Abdul Salam.P (Senior Grade Auditor, On 01-01-2022)<br>Last Updated By: Simon K (Senior Deputy Director, On 25-02-2022) | 1-34 |
| 35 | GWD – തുക അടവാക്കൽ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല<br>Written By: Abdul Salam.P (Senior Grade Auditor, On 01-01-2022)<br>Last Updated By: Simon K (Senior Deputy Director, On 25-02-2022) | 1-35 |
| 36 | ഇൻസിനറേറ്റർ പ്രവർത്തനം - ഭീമമായ തുക ചെലവഴിക്കുന്നു<br>Written By: Abdul Salam.P (Senior Grade Auditor, On 01-01-2022)<br>Last Updated By: Simon K (Senior Deputy Director, On 25-02-2022) | 1-36 |
| 37 | ക്ലബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം - അധിക തുക ചെലവഴിച്ചു<br>Written By: Abdul Salam.P (Senior Grade Auditor, On 01-01-2022)<br>Last Updated By: Simon K (Senior Deputy Director, On 25-02-2022) | 1-37 |
| 38 | KSEB – തുക അടവാക്കൽ പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല<br>Written By: Abdul Salam.P (Senior Grade Auditor, On 01-01-2022)<br>Last Updated By: Simon K (Senior Deputy Director, On 25-02-2022) | 1-38 |
| 39 | തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം ലഭ്യമായില്ല.<br>Written By: Vineetha P P (Auditor, On 31-12-2021)<br>Last Updated By: Simon K (Senior Deputy Director, On 25-02-2022) | 1-39 |
| 40 | ഗുണഭോക്തൃ സമിതി മുഖേനയുള്ള മരാമത്ത് നിർവ്വഹണം - കൺവീനർക്ക് അധിക തുക നൽകി<br>Written By: ABDHU NAZER.P (Audit Officer, On 01-01-2022)<br>Last Updated By: Simon K (Senior Deputy Director, On 25-02-2022) | 1-40 |
| 41 | പൊതു മരാമത്ത് പ്രവൃത്തികൾ - അവലോകനം<br>Written By: ABDHU NAZER.P (Audit Officer, On 01-01-2022)<br>Last Updated By: Simon K (Senior Deputy Director, On 25-02-2022) | 1-41 |
| 42 | പാരാമെഡിക്കൽ സ്ഥാപനങ്ങളിൽ നിന്നും വാർഷിക ഫീസ് ഈടാക്കിയില്ല.<br>Written By: Vineetha P P (Auditor, On 01-01-2022)<br>Last Updated By: Simon K (Senior Deputy Director, On 25-02-2022) | 1-42 |
| 43 | വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് - തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.<br>Written By: ABDHU NAZER.P (Audit Officer, On 01-01-2022)<br>Last Updated By: Simon K (Senior Deputy Director, On 25-02-2022) | 1-43 |
| 44 | തൊഴിൽനികുതി: രജിസ്റ്ററുകളുടേയും റിട്ടേണുകളുടേയും സൂക്ഷിപ്പിലെ അപാകതകൾ<br>Written By: Vineetha P P (Auditor, On 01-01-2022)<br>Last Updated By: Simon K (Senior Deputy Director, On 25-02-2022) | 1-44 |
| 45 | നിക്ഷേപ പ്രവൃത്തി - പൂർത്തീകരണ വിവരം ലഭ്യമല്ല<br>Written By: Abdul Salam.P (Senior Grade Auditor, On 10-01-2022)<br>Last Updated By: Simon K (Senior Deputy Director, On 25-02-2022) | 1-45 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | ഗുണഭോക്തൃ സമിതി മുഖേനയുള്ള മരാമത്ത് നിർവ്വഹണം - കൺവീനർക്ക് അധിക തുക നൽകി<br>Written By: ABDHU NAZER.P (Audit Officer, On 01-01-2022)<br>Last Updated By: Simon K (Senior Deputy Director, On 25-02-2022) | 3-1 |
| 2 | ബഡ്സ് സ്കൂൾ നിർമ്മാണം -പ്ലാസ്റ്ററിങ് പ്രവൃത്തിക്ക് 18139 രൂപ | 3-2 |

| | | |
|---|---|---|
| | കരാറുകാരന് അധികം നൽകി<br>Written By: ABDHU NAZER.P (Audit Officer, On 01-01-2022)<br>Last Updated By: Simon K (Senior Deputy Director, On 25-02-2022) | |
| 3 | ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം - അധിക തുക ചെലവഴിച്ചു<br>Written By: Abdul Salam.P (Senior Grade Auditor, On 01-01-2022)<br>Last Updated By: Simon K (Senior Deputy Director, On 25-02-2022) | 3-3 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്ലിയതിന്റെ വിവരം<br>Written By: Prasad (Audit Officer, On 28-12-2021)<br>Last Updated By: Simon K (Senior Deputy Director, On 25-02-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Prasad (Audit Officer, On 28-12-2021)<br>Last Updated By: Simon K (Senior Deputy Director, On 25-02-2022) | 4-2 |
| 3 | നിക്ഷേപ പ്രവർത്തികൾക്ക് നല്ലിയ തുകയുടെ വിവരങ്ങൾ<br>Written By: Prasad (Audit Officer, On 28-12-2021)<br>Last Updated By: Simon K (Senior Deputy Director, On 25-02-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നല്ലിയതിന്റെ വിവരം<br>Written By: Prasad (Audit Officer, On 28-12-2021)<br>Last Updated By: Simon K (Senior Deputy Director, On 25-02-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Prasad (Audit Officer, On 28-12-2021)<br>Last Updated By: Simon K (Senior Deputy Director, On 25-02-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Prasad (Audit Officer, On 28-12-2021)<br>Last Updated By: Simon K (Senior Deputy Director, On 25-02-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Prasad (Audit Officer, On 28-12-2021)<br>Last Updated By: Simon K (Senior Deputy Director, On 25-02-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ<br>Written By: Prasad (Audit Officer, On 28-12-2021)<br>Last Updated By: Simon K (Senior Deputy Director, On 25-02-2022) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Prasad (Audit Officer, On 28-12-2021)<br>Last Updated By: Simon K (Senior Deputy Director, On 25-02-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Prasad (Audit Officer, On 28-12-2021)<br>Last Updated By: Simon K (Senior Deputy Director, On 25-02-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Prasad (Audit Officer, On 28-12-2021)<br>Last Updated By: Simon K (Senior Deputy Director, On 25-02-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2020-21 ലെ ബജറ്റ് പാസാക്കിയ തിയ്യതി | ബജറ്റ് പുതുക്കിയ തിയ്യതി |
|---|---|
| 30.03.2020തിയ്യതിയിലെ തീരുമാനം നമ്പർ (1) | 10.03.2021ലെ തീരുമാനം നമ്പർ (1) |

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തിയ്യതി | ലഭിച്ച തിയ്യതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച് തിയ്യതി | അപാകത പരിഹരിച്ച് ലഭിച്ച തിയ്യതി |
|---|---|---|---|
| 31.07.2021 | 29.07.2021 | -- | -- |

### 1-3 സാമ്പത്തിക വിശകലനം

| ഇനം | സാമ്പത്തിക വർഷം 2020-21 |
|---|---|
| മുന്നിരിപ്പ് | 70013514.97 |
| വരവ് | 253375299.00 |
| ആകെ | 323388813.97 |
| ചെലവ് | 233350567.00 |
| നീക്കിയിരിപ്പ് | 90038246.97 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് | 00 | 36747266 | 36747266 | 36726666 | 20600 |
| വികസന ഫണ്ട് (എസ്.സി.പി) | 00 | 4704000 | 4704000 | 4704000 | 00 |
| വികസന ഫണ്ട് (ടി.എസ്.പി) | 00 | 00 | 00 | 00 | 00 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 00 | 13845000 | 13845000 | 12519530 | 1325470 |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 00 | 9288096 | 9288096 | 10193495 | -905399 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | 00 | 55293999 | 55293999 | 30189091 | 25104908 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 00 | 22430000 | 22430000 | 15484678 | 6945322 |
| ബി.ഫണ്ട് | 00 | 75516800 | 75516800 | 75516800 | ০০ |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു .

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 331 | 548612559 | 152 | 127542808 | 32 | 147 | 45.92 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 920169 | 5108448 | 6028617 | 449500 | |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | | | | 5302122 | |
| ബാങ്ക് ചാർജ്ജ് | | | | 17 | |
| ആകെ | | | 6028617 | 5751639 | 276978 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം മുനിസിപ്പാലിറ്റി നടപ്പാക്കിയ വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 7200 | 10 |
| കർഷക തൊഴിലാളി പെൻഷൻ | 1346100 | 111 |
| വിധവ പെൻഷൻ | 23365900 | 1612 |
| വാർദ്ധക്യകാല പെൻഷൻ | 42471400 | 3018 |
| വികലാംഗ പെൻഷൻ | 7826500 | 534 |
| വിവാഹ ധനസഹായം | 00 | |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 499700 | 35 |

## 1-8 ക്യാഷ് പരിശോധന

പരിശോധനയിൽ 1,24,761/- രൂപയുടെ നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.12.2021 ന് 11:30 Am സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി.

## 1-9 ആഭ്യന്തര നിയന്ത്രണം

1) ഓഫീസിലെ എല്ലാ സെക്ഷനുകളും തൻപതിവേടുകൾ എഴുതുന്നില്ല. എഴുതുന്നവ അപൂർണവും, മേൽപരിശോധന നടത്തപ്പെടാത്തവയുമാണ്. സൂചിക വിതരണ രജിസ്റ്ററിൽ തിയ്യതി വച്ച് എല്ലാ സെക്ഷനുകളും ഒപ്പു വയ്ക്കുന്നുമില്ല. ഇക്കാര്യത്തിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പിന്റെ 12-2-2021 ലെ നം. റൂൾസ്-2/22/2020/ഉഭപവ സർക്കുലർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

2.പ്രോജക്റ്റ് ഓഫീസർ, ഹെൽത്ത് ഓഫീസർ, ICDS സൂപ്പർവൈസർ തുടങ്ങിയ നിർവ്വഹണ ഉദ്യോഗസ്ഥർ പ്രോജക്റ്റ് രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിപാലിക്കുന്നില്ല. എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥർക്കും പ്രോജക്റ്റ് രജിസ്റ്റർ സെക്രട്ടറി വിതരണം ചെയ്ത് അതിന്റെ രേഖകൾ പ്രൊജക്റ്റ് സംബന്ധമായ ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

3.ജീവനക്കാരുടെ സ്ഥിരം മേൽവിലാസം തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുന്ന മാസ്റ്റർ ഇംകംബൻസി രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

4. ആസ്തി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

5. ഓഫീസ് കോമ്പൗണ്ട്, ടൗൺഹാൾ പരിസരം എന്നിവിടങ്ങളിലെ ഉപയോഗ ശൂന്യമായ യന്ത്രങ്ങളും വാഹനങ്ങളും

കൈയൊഴിഞ്ഞ് മുതൽക്കൂട്ടേണ്ടതാണ്.

6. ഓഫീസ് കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന വില്ലേജ് ഓഫീസ് വാടക പിരിച്ചതായി കാണാത്തതിനാൽ അതു സംബന്ധിച്ച കാര്യങ്ങൾ വ്യക്തമാക്കാൻ ആവശ്യപ്പെട്ട്, ഓഡിറ്റ് എൻക്വയറി നം. 35/20-21/ 30-12-21 നൽകിയിരുന്നു. റവന്യൂ വകുപ്പ് വിട്ടു തന്ന സ്ഥലത്താണ് നഗരസഭാ കാര്യാലയം പ്രവർത്തിക്കുന്നതെന്നാണ് ഇതിന് എക്സിറ്റ് മീറ്റിങ്ങിൽ വിശദീകരണം നൽകിയത്. എന്നാൽ ഇതു സംബന്ധിച്ച രേഖകൾ ഒന്നും പരിശോധനക്ക് ലഭ്യമാക്കിയില്ല. ഉടമസ്ഥത, വാടക, വാടക റെമിഷൻ തുടങ്ങിയവ സംബന്ധിച്ച് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് കൃത്യത വരുത്തുകയും, വാർഷികക്കണക്കിൽ വാടക റെമിഷൻ കാണിക്കുകയും ചെയ്യേണ്ടതാണ്.

## 1-10 മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 03.06.2015 | 2013-14 മുതൽ 2014-15വരെ | 01.07.2015 |
| എ.ജി ഓഡിറ്റ് | 02.08.2018 | 2014-15 മുതൽ 2017-18 വരെ | 14.09.2018 |

## 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

1. ബാങ്ക് റീകൺസലിയേഷൻ പത്രികകൾ പ്രതിമാസം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

2. താഴെപ്പറയുന്ന രജിസ്റ്ററുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

Contractor’s Earnest Money Deposit Register, Supplier’s Earnest Money Register, Contractor’s Retention Money Register, Election Deposit Register. രജിസ്റ്ററുകൾ കാലികമാക്കി സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കിയില്ല.

3 .Miscelaneous Advance A.F.S പ്രകാരം 478280/-രൂപ ബാലൻസും രജിസ്റ്ററിൽ 378280/-രൂപയുമാണ്. വ്യത്യാസത്തിന് കാരണം വിശദീകരിച്ചിട്ടില്ല.

4. തൊഴിൽ നികുതി രജിസ്റ്റർ, ലൈസൻസ് രജിസ്റ്റർ, വസ്തു നികുതി രജിസ്റ്റർ എന്നിവ വാർഷിക കണക്കുകളുമായി താരതമ്യം ചെയ്യാവുന്ന വിധത്തിൽ സംക്ഷിപ്തം എഴുതി ഓഡിറ്റിന് ഹാജരാക്കിയില്ല.

5. ഫിക്സഡ് അസറ്റുകൾക്ക് ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

6. ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വാർഷിക കണക്ക് ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-12 100 ച.മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടത്തിന് കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചു 58125 രൂപയുടെ നഷ്ടം

നഗരസഭയുടെ 25.05.2011 ലെ R1/3852/2011 നമ്പർ വസ്തുനികുതി വിജ്ഞാപനം പ്രകാരം 'വാണിജ്യാവശ്യത്തിനുള്ള 100ച.മീ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ' എന്ന ഗണം കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 40 രൂപയും, 'വാണിജ്യാവശ്യത്തിനുള്ള 100ച.മീ മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ' എന്ന ഗണം കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 70 രൂപയുമാണ് നികുതി നിരക്ക്.

നഗരസഭയിൽ, വാണിജ്യാവശ്യത്തിനുള്ള 100ച.മീ മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ തുടങ്ങിയ കെട്ടിടങ്ങൾക്ക് 100ച.മീ.ന് താഴെ വിസ്തീർണ്ണമുള്ള വ്യത്യസ്ത മുറികളാക്കി നമ്പർ അനുവദിക്കുമ്പോൾ കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം കണക്കിലെടുത്ത് സഞ്ചയയിൽ കെട്ടിടത്തെ 'വാണിജ്യാവശ്യത്തിനുള്ള 100ച.മീ മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ' എന്ന ഗണത്തിലുൾപ്പെടുത്തി അവയുടെ നികുതി നിരക്കായ, ച.മീറ്ററിന് 70 രൂപ നിരക്കിലുള്ള നികുതി തന്നെയാണ് നിർണ്ണയിച്ച് ഈടാക്കി വരുന്നത്.

എന്നാൽ നഗരസഭ ലഭ്യമാക്കിയ സഞ്ചയയിൽ നിന്നുള്ള, 2020-21ൽ നമ്പർ അനുവദിച്ച കെട്ടിടങ്ങളുടെ ലിസ്റ്റ് പ്രകാരം വാണിജ്യാവശ്യത്തിനുള്ള 100ച.മീ മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ തുടങ്ങിയ കെട്ടിടങ്ങളെ, ഒരേ ഉടമസ്ഥതയിലും ഒരേ ഉപയോഗക്രമത്തിനുമായുള്ള കെട്ടിടങ്ങളായിരുന്നിട്ട് പോലും, വ്യത്യസ്ത മുറികളായി തരം തിരിച്ച് നമ്പർ നൽകിയപ്പോൾ 'വാണിജ്യാവശ്യത്തിനുള്ള 100ച.മീ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ' എന്ന ഗണത്തിൽ ഉൾപ്പെടുത്തി ചതുരശ്ര മീറ്ററിന് 40 രൂപ

നിരക്കിൽ നികുതി നിർണ്ണയിച്ച് ഈടാക്കുകയാണ് ചെയ്തത്. കെട്ടിടങ്ങളെ 'വാണിജ്യാവശ്യത്തിനുള്ള 100ച.മീ മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ' എന്ന തരത്തിൽ ഉൾപ്പെടുത്തി ച. മീറ്ററിന് 70/- രൂപ എന്ന നിരക്കിൽ വസ്തു നികുതി നിർണ്ണയിക്കേണ്ടതായിരുന്നു. അപാകത സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു. നഗരസഭയിലെ എല്ലാ വാർഡുകളും ദ്വിതീയ മേഖലയിലാണ് ഉൾപ്പെടുത്തിയത് എന്നതിനാൽ എല്ലാ കെട്ടിടങ്ങൾക്കും പൊതുവായി 10% നികുതിയിളവ് അനുവദിക്കുന്നുണ്ട്.

| ക്രമ നം | കെട്ടിട ഉടമയുടെ പേര്, നികുതി നിർണ്ണയിച്ച തിയതി | കെട്ടിട നമ്പർ/ വിസ്തീർണ്ണം (ച.മീറ്ററിൽ) | നിർണ്ണയിച്ച നികുതി | | | നിർണ്ണയിക്കേണ്ടിയിരുന്ന നികുതി | | | കുറവ് വന്ന നികുതി | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | നികുതി | LC | Ser. Char. | നികുതി | LC | Ser. Char. | നികുതി | LC | Ser. Char. |
| 1 | മുഹമ്മദ് റാഷിദ് 09.02.2021 | 11/135 C, D, E 57.92x3 | 2317x3 | 116x3 | 47x3 | 4055x3=12165/- (57.92x70-10%+ 20% വഴി – 10% മേൽക്കൂര=4055) | 203x3 | 81x3 | 5214 | 261 | 104 |
| 2 | മുംതാസ് തൊട്ടിയിൽ 20.11.2020 | 2/649 A, B, C, D, E, F, 59.538x6 | 2907x2+ 1254x4 | 136x2+ 63x4 | 55x2+26x4 | 4752x6=28512/- ((59.538x70-10% + 20% വഴി +10% എ.സി) -5% ഒ.നില= 4752) | 238x6 =1428 | 95x6= 570 | 17682 | 884 | 353 |
| | | 2/649 G 158.588 | 4523 | 227 | 91 | 11990/- ((158.588x70-10%+ 20%വഴി+ 10%എ.സി)-10% ര.നില=11990) | 600 | 240 | 7467 | 373 | 149 |
| | | 2/649 H, I, J 67.218x3 | 1508x3 | 76x3 | 31x3 | 5082x3=15246/- ((67.218x70-10%+ 20%വഴി+ 10%എ.സി)-10% ര.നില=5082) | 254x3= 762 | 102x3= 306 | 10722 | 536 | 219 |
| 3 | മോഇദ്ധീൻ ഹാജി മുതൽ പേർ 17.11.2021 | 3/618 A, B 58.38x2 | 2569x2 | 129x2 | 52x2 | 4496x2=8992/- (58.38x70- 10%+20% വഴി=4496) | 225x2 =450 | 90x2 =180 | 3854 | 193 | 77 |
| | | 3/618 C, D 72.24x2 | 3021x2 | 152x2 | 61x2 | 5563x2=11126/- (72.24x70-10%+ 20%വഴി=5563) | 278x2 =556 | 111x2 =222 | 5084 | 254 | 102 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | 3/618 E, F 57.41 | 2275x2 | 114x2 | 46x2 | 4421x2=8842/- (57.41x70-10%+ 20%വഴി=4421) | 221x2 =442 | 88x2 =176 | 4292 | 215 | 86 |
| ആകെ | | | | | | | | 54315 | 2721 | 1085 |

2020-21ൽ ആകെ 58121/- രൂപ (54315+2721+1085) നഷ്ടം സംഭവിച്ചിട്ടുണ്ട്. തുടർന്നുള്ള വർഷങ്ങളിലും മേൽ നഷ്ടം ആവർത്തിക്കുന്നതാണ്. അപാകതക്ക് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 21/2020-21/28.12.2021ന് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ മേൽ കെട്ടിടങ്ങളുടെ നികുതി നിരക്കുകൾ ചതുരശ്ര മീറ്ററിന് 70 രൂപയായി സഞ്ചയയിൽ പുതുക്കി നിർണ്ണയിച്ചതായും ആയത് പ്രകാരം കടിശ്ശികയായിട്ടുള്ള തുകകൾ അടവാക്കുന്നതിന് കെട്ടിട ഉടമകൾക്ക് നോട്ടീസ് നൽകിയതായും അടവാക്കുന്ന മുറക്ക് രേഖകൾ സഹിതം വിവരം അറിയിക്കുന്നതാണെന്നും അറിയിച്ചു.

അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും നികുതികൾ കുടിശ്ശിക സഹിതം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-13 വസ്തു നികുതി- കെട്ടിടത്തിൽ കൂട്ടിച്ചേർക്കലുകൾ- മുൻപ് നമ്പർ നൽകിയ ഭാഗത്തിന്റെ നികുതി പരിഷ്കരിച്ചില്ല, നികുതി നഷ്ടം.

നഗരസഭയുടെ 25.05.2011 ലെ R1/3852/2011 നമ്പർ വസ്തുനികുതി വിജ്ഞാപനം പ്രകാരം 'വാണിജ്യാവശ്യത്തിനുള്ള 100ച.മീ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ' എന്ന ഗണം കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 40 രൂപയും, 'വാണിജ്യാവശ്യത്തിനുള്ള 100ച.മീ മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ' എന്ന ഗണം കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 70 രൂപയുമാണ് നികുതി നിരക്ക്.

നഗരസഭയിൽ, വാണിജ്യാവശ്യത്തിനുള്ള 100ച.മീ മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ തുടങ്ങിയ കെട്ടിടങ്ങൾക്ക് 100ച.മീ.ന് താഴെ വിസ്തീർണ്ണമുള്ള വ്യത്യസ്ത മുറികളാക്കി നമ്പർ അനുവദിക്കുമ്പോൾ കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം കണക്കിലെടുത്ത് സഞ്ചയയിൽ കെട്ടിടത്തെ 'വാണിജ്യാവശ്യത്തിനുള്ള 100ച.മീ മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ' എന്ന ഗണത്തിലുൾപ്പെടുത്തി അവയുടെ നികുതി നിരക്കായ, ച.മീറ്ററിന് 70 രൂപ നിരക്കിലുള്ള നികുതി തന്നെയാണ് നിർണ്ണയിച്ച് ഈടാക്കി വരുന്നത്.

ഓഡിറ്റ് വർഷങ്ങളിൽ കൂട്ടിച്ചേർക്കലുകൾ വരുത്തിയ ചുവടെ ചേർത്ത കെട്ടിടത്തിന്റെ നികുതി അവയുടെ ആകെ വിസ്തീർണ്ണം കണക്കിലെടുത്ത് പരിഷ്കരിച്ചിട്ടില്ല.

യാസർ അറഫാത്ത് വലിയ പറമ്പിൽ എന്നവർക്ക് 05.09.2018ൽ 16.19ച.മീ വിസ്തീർണ്ണമുള്ള രണ്ട് കട മുറികൾക്ക് 11/65 A, B, 19.58 ച.മീ. വിസ്തീർണ്ണമുള്ള ഒരു കട മുറിക്ക് 11/65 C എന്നിങ്ങനെയും നമ്പർ അനുവദിച്ചിട്ടുണ്ട്. 'വാണിജ്യാവശ്യത്തിനുള്ള 100ച.മീ. വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്ററന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ' എന്ന ഗണത്തിൽ ഉൾപ്പെടുത്തി നഗരസഭയിലെ അവയുടെ നിരക്കായ40 രൂപ/ച.മീ നിരക്കിൽ നികുതി ചുമത്തിയാണ് മേൽ കെട്ടിട നമ്പറുകൾ അനുവദിച്ചത്. നികുതി നിർണ്ണയത്തിൽ ടി കെട്ടിടത്തിന് 10% ദ്വിതീയ മേഖല ഇളവും 5മീറ്ററോ അതിൽ കൂടുതലോ ഉള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 20% നികുതി വർദ്ധനയും കണക്കിലെടുത്തിട്ടുണ്ട്.

പിന്നീട് 28.09.2020ൽ മേൽ വ്യക്തിക്ക് തന്നെ 44.925 ച.മീറ്റർ വിസ്തീർണ്ണമുള്ള രണ്ട് കടമുറികൾക്ക് 11/65 D, E എന്നിങ്ങനെ രണ്ട് നമ്പറുകൾ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ ഫയൽ പരിശോധിച്ചതിൽ ആദ്യം നമ്പർ അനുവദിച്ച കെട്ടിടത്തിൽ കൂട്ടിച്ചേർക്കൽ വരുത്തിയതിന് ശേഷമുള്ള അധികരിച്ച വിസ്തീർണ്ണത്തിനാണ് രണ്ടാമത് നമ്പർ അനുവദിച്ചത്. ആയത് പ്രകാരം കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം 141.81 ആകുന്നതും (16.19x2+19.58+44.92x2) കെട്ടിടത്തെ 'വാണിജ്യാവശ്യത്തിനുള്ള 100ച.മീ.ന് മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്ററന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ' എന്ന ഗണത്തിൽ ഉൾപ്പെടുത്തി 70 രൂപ നിരക്കിൽ നികുതി നിർണ്ണയിക്കേണ്ടതുമായിരുന്നു എന്നതിനാൽ ഓരോ ചതുരശ്ര മീറ്ററിനും 30 രൂപ നികുതി നഷ്ടം സംഭവിച്ചതായി കണക്കാക്കാവുന്നതാണ്.

മാത്രമല്ല, 11/65 D, E എന്നീ നമ്പറുകൾ അനുവദിച്ചപ്പോൾ നികുതി നിർണ്ണയത്തിൽ ടി കെട്ടിടത്തിന് 10% ദ്വിതീയ മേഖല ഇളവും 1.5 മീറ്ററിൽ കൂടുതലുള്ള വഴി സൗകര്യം എന്നുമാണ് സഞ്ചയയിൽ രേഖപ്പെടുത്തിയത്. മുൻപ് നമ്പർ അനുവദിച്ചപ്പോൾ 5മീറ്ററോ അതിൽ കൂടുതലോ ഉള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 20% നികുതി വർദ്ധന കണക്കിലെടുത്തിട്ടുണ്ടെങ്കിലും രണ്ടാമത് നമ്പറുകൾ അനുവദിച്ചപ്പോൾ ആയത് കണക്കിലെടുത്തിട്ടുമില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.

27/2020-21/29.12.2021ന് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ മേൽ കെട്ടിടത്തിന്റെ നികുതി നിരക്കുകൾ ചതുരശ്ര മീറ്ററിന് 70 രൂപയായി സഞ്ചയയിൽ പുതുക്കി നിർണ്ണയിച്ചതായും ആയത് പ്രകാരം കുടിശ്ശികയായിട്ടുള്ള തുക അടവാക്കുന്നതിന് കെട്ടിട ഉടമക്ക് അരിയർ ഡിമാന്റ് നോട്ടീസ് നൽകിയതായും അടവാക്കുന്ന മുറക്ക് രേഖകൾ സഹിതം വിവരം അറിയിക്കുന്നതാണെന്നും അറിയിച്ചു.

അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും നികുതികൾ കുടിശ്ശിക സഹിതം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-14 അനധികൃത നിർമ്മാണവും സ്ഥാപനവും

ശ്രീ. അബ്ദുൽസലീം മണ്ണാരു കുണ്ടിൽ എന്നവർക്ക് 03.06.2019ൽ 81.07ച.മീ വിസ്തീർണ്ണമുള്ള വാണിജ്യ ആവശ്യ കെട്ടിടത്തിന് 8/203 A നമ്പറും, 25.09.2020ൽ ടിയാൾക്ക് തന്നെ 57.19 ച.മീ വിസ്തീർണ്ണമുള്ള വാണിജ്യ ആവശ്യ കെട്ടിടത്തിന് 08/203 B നമ്പറും അനുവദിച്ചിട്ടുണ്ട്. മേൽ രണ്ട് കെട്ടിട നമ്പറുകളും അനുവദിച്ചത്, 'വാണിജ്യാവശ്യത്തിനുള്ള 100ച.മീ. വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്ററന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ' എന്ന ഗണത്തിൽ ഉൾപ്പെടുത്തി നഗരസഭയിലെ അവയുടെ നിരക്കായ 40 രൂപ/ച.മീ നിരക്കിൽ നികുതി ചുമത്തിയാണ് .

08/203 B നമ്പർ അനുവദിച്ചത് സംബന്ധിച്ച ഫയൽ പരിശോധനക്ക് ഹാജരാക്കാത്തതിൽ, ആദ്യം നമ്പർ അനുവദിച്ച കെട്ടിടത്തിൽ കൂട്ടിച്ചേർക്കൽ വരുത്തിയതിന് ശേഷമുള്ള വിസ്തീർണ്ണത്തിനാണോ രണ്ടാമത് നമ്പർ അനുവദിച്ചത് അതോ ഇത് വേറെ കെട്ടിടമാണോ എന്നതിൽ വ്യക്തത വരുത്തുന്നതിലേക്കായി ഓഡിറ്റ് 31.12.2021ന് സ്ഥലം നേരിൽ പരിശോധിച്ചു. സ്ഥല പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ/അപാകതകൾ ചുവടെ ചേർക്കുന്നു.

1. 8/203 A നമ്പർ കെട്ടിടത്തിന്റെ മുൻവശത്ത് ശരാശരി 1 മീറ്റർ (ഒരറ്റത്ത് 0.15 മീറ്ററും മറ്റൊരറ്റത്ത് 2 മീറ്ററും) മാത്രം അകലത്തിലാണ് 8/203 B നമ്പർ കെട്ടിടം നിർമ്മിച്ചിരിക്കുന്നത്.

2. 8/203 A നമ്പർ കെട്ടിടത്തിന്റെ പിൻവശത്ത് ടി കെട്ടിടത്തോട് ചേർന്ന് കൊണ്ട് 11.3 മീറ്റർ നീളത്തിലും 7.4 മീറ്റർ വീതിയിലുമായി 83.62 ച.മീ വിസ്തീർണ്ണത്തിൽ ഷീറ്റ് മേൽക്കൂരയുള്ള കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. ഇത് അനധികൃത നിർമ്മിതിയാണ്.

3. അനധികൃത നിർമ്മാണം ഉൾപ്പെടെയുള്ള മേൽ കെട്ടിടത്തിൽ എം.കെ കാറ്ററിംഗ് എന്ന സ്ഥാപനം പ്രവർത്തിക്കുന്നുണ്ട്. ടി സ്ഥാപനത്തിന്റെ 2019-20ലെ 174/19-20/02.07.19 നമ്പർ ലൈസൻസ് 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ പുതുക്കിയിട്ടില്ല.

4. 8/203 B നമ്പർ കെട്ടിടത്തിന് മുകളിൽ നഗരസഭയുടെ അനുമതിയില്ലാതെ അനധികൃത നിർമ്മാണം നടന്നു കൊണ്ടിരിക്കുന്നുണ്ട്.

8/203 A നമ്പർ കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരം മുൻവശം എന്ന് രേഖപ്പെടുത്തി ഷട്ടർ സ്ഥാപിച്ച ഭാഗത്താണ് 8/203 B നമ്പർ കെട്ടിടം നിർമ്മിച്ചിരിക്കുന്നത്. അനധികൃത നിർമ്മാണം ഉൾപ്പടെയുള്ള മേൽ കെട്ടിടത്തിലാണ് ലൈസൻസ് പുതുക്കാതെ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്. നിയമാനുസൃതമല്ലാതെ നിർമിക്കപ്പെട്ട നിർമ്മിതികൾ നാളിതുവരെയും കണ്ടെത്തി ക്രമവൽകരണം നൽകുകയോ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ മേൽ കെട്ടിടങ്ങളിലെ/സൈറ്റിലെ അനധികൃത നിർമ്മാണങ്ങൾ പൊളിച്ച് കളയുകയോ, അപാകത പരിഹരിച്ച് കെട്ടിടങ്ങൾക്ക് വസ്തു നികുതി ചുമത്തി നമ്പർ നൽകുകയോ ചെയ്യേണ്ടതുണ്ട്.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ) ചട്ടങ്ങൾ ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് അനധികൃത നിർമ്മാണങ്ങളുടെ പട്ടികയിൽപ്പെടുത്തി നിശ്ചിത നിരക്കിൽ വസ്തുനികുതി ഈടാക്കണമെന്ന് നിർദേശിക്കുന്നുണ്ട്. ചട്ടം 24 പ്രകാരം കെട്ടിട നിർമ്മാണം പൂർത്തിയാക്കുകയോ ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിലേതാണ് നേരത്തെ സംഭവിക്കുന്നത് ആ അർദ്ധവർഷാരംഭം മുതൽ വസ്തു നികുതി നൽകാൻ കെട്ടിട ഉടമസ്ഥൻ ബാദ്ധ്യസ്ഥനാകുന്നതാണ് എന്നും വ്യക്തമാക്കുന്നുണ്ട്.

മേൽ കെട്ടിടങ്ങൾ പ്രവർത്തനക്ഷമമായതു മുതലുള്ള വസ്തുനികുതി കണക്കാക്കി മൂന്നിരട്ടി നികുതിയും കുടിശ്ശികയും ഈടാക്കേണ്ടതുണ്ട്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 40/2020-21/31.12.2021ന് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ മേൽ അനധികൃത നിർമ്മാണത്തിനെതിരെ നടപടികൾ സ്വീകരിച്ച് വരുന്നതായി അറിയിച്ചു. തുടർനടപടി വിവരം ലഭ്യമാക്കേണ്ടതും ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന മേൽ സ്ഥാപനങ്ങൾക്കെതിരെയും മറ്റ് സ്ഥാപനങ്ങളെ കണ്ടെത്തുന്നതിനും നിയമപരമായ നടപടികൾ സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 1-15 വാർത്താ വിനിമയ ഗോപുരങ്ങളുടെ നികുതി കുടിശ്ശിക

നഗരസഭ പരിധിയിലെ എല്ലാ മൊബൈൽ ടവറുകളുടെയും വസ്തുനികുതി, വസ്തു നികുതി കുടിശ്ശിക എന്നീ വിവരങ്ങൾ

സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 13/20-21/27.12.2021 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ചുവടെ ചേർത്ത വസ്തു നികുതി കുടിശ്ശികയുണ്ട്.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | വാർഷിക നികുതി (ഗ്രന്ഥശാലാ വരി, സർവ്വീസ് ചാർജ് ഉൾപ്പെടെ) ഡിമാന്റ് | 2020-21 വരെയുള്ള വസ്തു നികുതി കുടിശ്ശിക |
|---|---|---|---|---|
| 1 | 1/13 B | ഇൻഡസ് ടവർ Ltd | 16949 | 16949 |
| 2 | 1/79 A | ന്യൂ ഇന്ത്യ സെല്ലുലാർ Ltd | 16949 | 16948 |
| 3 | 3/1256 A | ന്യൂ ഇന്ത്യ സെല്ലുലാർ Ltd | 16949 | 16949 |
| 4 | 5/253 F | എം.കെ നാരായണൻ-എസ്സാർ ടെലികോം | 15408 | 87246 |
| 5 | 3/30A | റിലയൻസ് ഇൻഫ്രടെൽ Pvt Ltd | 21914 | 188320 (2013-14 മുതൽ 8 വർഷത്തെ കുടിശ്ശിക- 3x26250+5x21914) |
| 6 | 18/143 C | മാനേജർ – ഇൻഡസ് ടവർ Ltd | 13868 | 13868 |
| 7 | 18/143 B | ടവർ വിഷൻ ഇന്ത്യ | 13868 | 13868 |

വസ്തു നികുതി കുടിശ്ശികകൾ മൂന്ന് വർഷത്തോളം പിരിച്ചെടുക്കാതെ അവശേഷിച്ചാൽ ആയത് പിന്നീട് പിരിച്ചെടുക്കാൻ കഴിയാതെ വന്നേക്കാമെന്നതിനാൽ കുടിശ്ശിക തുകകൾ യഥാസമയം പിരിച്ചെടുക്കേണ്ടതാണ്. മേൽ കുടിശ്ശികകൾ പിരിച്ചെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 ഫയലുകൾ പരിശോധനക്ക് ഹാജരാക്കിയില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ്, അളവ് പുസ്തകം, അനുബന്ധ രേഖകൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. അസിസ്റ്റന്റ് എഞ്ചിനീയർ കാഷ്ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബിൽ നമ്പർ/ചെക്ക് നമ്പർ എന്നിവ ലഭ്യമായിട്ടില്ല.

| ക്രമ നമ്പർ | പ്രവൃത്തി | ഫണ്ട് | തുക |
|---|---|---|---|
| 1 | കരിമ്പനക്കൽ റോഡ് കോൺക്രീറ്റ് (61/21) | ,, | 164833 |
| 2 | ആലമ്പാട്ടിൽ പാത്‌വെ ബാക്കി ഇന്റർലോക്ക് & സൈഡ് കെട്ടലും വാർഡ് 8 (76/21) | ,, | 299748 |
| 3 | തൈക്കാട്തൊടി ഇടവഴി ഇന്റർലോക്ക് വാർഡ് 10 (78/21) | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 53931 |
| 4 | പുല്ലിക്കാട് മിന്നാംപറമ്പ് റോഡ് റീ ടാറിങ് സൈഡ് കോൺക്രീറ്റ് വാർഡ് 27 (180/21) | ,, | 800000 |
| 5 | പാലത്തറ മൂർക്കത്ത് രായീൻഹാജി സ്മാരക റോഡ് നിർമ്മാണം വാർഡ് 28 (192/21) | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 265900 |
| 6 | പാലത്തറ ഗാന്ധി നഗർ തോക്കാംപാറ റോഡ് റീ ടാറിങ് വാർഡ് 28 (235/21) | മെയിന്റനൻസ് ഗ്രാന്റ് - റോഡ് | 994229 |

| | | | |
|---|---|---|---|
| 7 | മരവട്ടം ഇന്ത്യനൂർ റോഡ് രണ്ടാംഘട്ടം റീടാറിങ് വാർഡ് 20 (294/21) | ,, | 946907 |
| 8 | തോല റോഡ് കോൺക്രീറ്റ് (351/21) | തനത് ഫണ്ട് | 310000 |
| 9 | കാലൊടി മുതുവിൽ പാത്‌വെ കോൺക്രീറ്റ് (352/21) | ,, | 400000 |
| 10 | തോക്കാംപാറ പുലിക്കോട് റോഡ് കോൺക്രീറ്റ് (354/21) | ,, | 350000 |
| 11 | മാണിയാങ്ങൽ കുമ്പളപറമ്പ് റോഡ് സൈഡ് പുനരുദ്ധാരണം വാർഡ് 15 (371/21) | തനത് ഫണ്ട് | 400000 |
| 12 | മൈത്രി റോഡ് സൈഡ് കോൺക്രീറ്റ് വാർഡ് 1 (397/21) | തനത് ഫണ്ട് | 490000 |
| | | ആകെ | 5475548 |

ഓഡിറ്റ് എൻക്വയറി 22/20-21/28.12.2021 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് സെക്ഷൻ 11(1)ബി, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 8 എന്നിവ പ്രകാരമുള്ള സമൻസ് (തീയ്യതി 12.1.2022) നടപടിയിലൂടെ ആവശ്യപ്പെട്ടിട്ടും പ്രസ്തുത രേഖകൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ചെലവ് തുക 54,75,548 രൂപ തടസ്സം ചെയ്യുന്നു. ഫയലുകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-17 വർഷങ്ങൾക്ക് മുമ്പ് പൂർത്തീകരിച്ച പ്രവൃത്തികൾക്ക് പ്രൊജക്ടില്ലാതെ പെയ്മെന്റ് നൽകുന്നു.

അസിറ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി വർഷങ്ങൾക്ക് മുമ്പ് പൂർത്തീകരിച്ച പ്രവൃത്തികൾക്ക് 20-21 വർഷങ്ങളിൽ തനത് ഫണ്ടിൽ നിന്നും പെയ്മെന്റ് നൽകിയതായി കാണുന്നു. ഇത്തരം പ്രവൃത്തികൾക്ക് നൽകുവാനുള്ള പെയ്മെന്റുകൾ സ്പിൽഓവർ പ്രോജക്ട് ആയി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ട് വകയിരുത്തിയിട്ടുമില്ല. ടി പ്രവൃത്തികൾക്ക് പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷം ബിൽ നൽകിയിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിനും രേഖകൾ ഇല്ല. ടി ചെലവുകൾ സുലേഖ ചെലവ് സ്റ്റേറ്റ്മെന്റിൽ എൻട്രി വന്നിട്ടുമില്ല. നാളിതു വരെ പെയ്മെന്റ് നൽകാതിരുന്നതിന് കാരണം വ്യക്തമാക്കിയിട്ടില്ല. ടി പ്രവൃത്തികളുടെ അളവുകൾ രേഖപ്പെടുത്തിയിട്ടുള്ളത് നമ്പർ രേഖപ്പെടുത്താത്ത അളവ് പുസ്തകങ്ങളിലാണ്. ടി പ്രവൃത്തികളുടെ നികുതി തുകകൾ അതാത് ഹെഡിലേക്ക് അടവാക്കിയതിന്റെയും രേഖകളില്ല.

പ്രവൃത്തികളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | കൺവീനർ/ കരാറുകാരന് നൽകിയ തുക/ ചെക്ക് നമ്പർ | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| 1 | വൈദ്യരത്നം വടക്കേതിൽ പാത്ത്‌വേ കോൺക്രീറ്റിംഗ്<br>കൺവീനർ- ശ്രീ. നൗഫൽ.കെ.<br>പ്രവൃത്തിയുടെ മൂല്യം- 458093<br>(-) VAT5% 22905<br>(-) WF 1% 4581 | 430607<br>ചെക്ക് നമ്പർ- 313792/11.11.20 | പ്രവൃത്തി 25.11.2015 ന് പൂർത്തീകരിച്ചതായി നമ്പർ രേഖപ്പെടുത്താത്ത അളവ് പുസ്തകത്തിൽ അസി. എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. |
| 2 | പുന്നപ്പറമ്പ് മഠത്തിൽപ്പറമ്പ് റോഡ് കോൺക്രീറ്റിംഗ്<br>സാങ്കേതികാനുമതി- 215000<br>കൺവീനർ- ശ്രീ.<br>പ്രവൃത്തിയുടെ മൂല്യം- 206756<br>(-) VAT5% -10338<br>(-) WF 1% 1951 | 195053<br>ചെക്ക് നമ്പർ- 313768/13.10.20 | പ്രവൃത്തി 27.06.2016 ന് പൂർത്തീകരിച്ചതായി നമ്പർ രേഖപ്പെടുത്താത്ത അളവ് പുസ്തകത്തിൽ അസി. എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. |
| 3 | മുക്കിൽകുഴി എറാട്ടക്കൽ റോഡ് നിർമ്മാണം<br>കൺവീനർ- ശ്രീ. സൈതലവി.എം.<br>പ്രവൃത്തിയുടെ മൂല്യം- 286906<br>(-) VAT5% 14345<br>(-) WF 1% 2869 | 286907<br>ചെക്ക് നമ്പർ- 313767/13.10.20 | പ്രവൃത്തി 28.12.2015 ന് പൂർത്തീകരിച്ചതായി നമ്പർ രേഖപ്പെടുത്താത്ത അളവ് പുസ്തകത്തിൽ അസി. എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. |
| 4 | പുലിക്കോട് അംഗൻവാടി - കാലൊടി റോഡ് കോൺക്രീറ്റ്<br>ഫയൽ PW2 -1801/15<br>സാങ്കേതികാനുമതി AEE/TDI/910/15-16 Dt 23.2.2016 തുക 365000<br>കരാർ 17A/22.5.2016. കൺവീനർ. പി. ഇസ്മായീൽ<br>അളവ് പുസ്തകം . നമ്പർ രേഖപ്പെടുത്തിയിട്ടില്ല.<br>കോസ്റ്റ് ഇൻഡക്സ് 36.19% | ചെക്ക് 313794/11.11.2020 തുക 242502 | പ്രവൃത്തി 6.07.2016 ന് പൂർത്തീകരിച്ചതായി നമ്പർ രേഖപ്പെടുത്താത്ത അളവ് പുസ്തകത്തിൽ അസി. എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. |
| 5 | ബസ്സ്റ്റാന്റ് പടിഞ്ഞാറെ വശം റോഡ് നിർമ്മാണം | ചെക്ക് 313795/11.11.2020 തുക 302965 | പ്രവൃത്തി 6.06.2016 ന് പൂർത്തീകരിച്ചതായി നമ്പർ രേഖപ്പെടുത്താത്ത അളവ് |

| | | | |
|---|---|---|---|
| | ഫയൽ PW2 -1800/15(7)<br>സാങ്കേതികാനുമതി AEE/TDI/936/15-16 Dt 4.3.2016 തുക 350000<br>കരാർ 17/27.5.2016. കൺവീനർ. അഷ്റഫ്. എൻ<br>അളവ് പുസ്തകം .നമ്പർ രേഖപ്പെടുത്തിയിട്ടില്ല.<br>കോസ്റ്റ് ഇൻഡക്സ് 36.19% | | പുസ്തകത്തിൽ അസി. എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട് |
| 6 | പാണ്ടമംഗലം ശ്രീകൃഷ്ണ ക്ഷേത്രം പാത്‌വേ കോൺക്രീറ്റ്<br>ഫയൽ PW2-15987/14<br>സാങ്കേതികാനുമതി 599/AEE/TDI/14-15 Dt 18.9.2014 തുക 100000<br>കരാർ 132/21.3.2015 കൺവീനർ. ഉണ്ണികൃഷ്ണൻ<br>അളവ് പുസ്തകം .<br>നമ്പർ രേഖപ്പെടുത്തിയിട്ടില്ല. | ചെക്ക് 313795/11.11.2020 തുക 94700 | പ്രവൃത്തി 6.07.2016 ന് പൂർത്തീകരിച്ചതായി നമ്പർ രേഖപ്പെടുത്താത്ത അളവ് പുസ്തകത്തിൽ അസി. എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട് |
| | ആകെ | 15,52,734 | |

മേൽ അപാകതകൾക്ക് വിശദീകരണമാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവുമായി ബന്ധപ്പെട്ട പ്രൊജക്ട്, ചെലവിനാധാരമായ കൗൺസിൽ തീരുമാനം, അനുബന്ധ രേഖകൾ എന്നിവ ഓഡിറ്റ് റിപ്പോർട്ടിനുള്ള റെക്ടിഫിക്കേഷൻ റിപ്പോർട്ടിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. അല്ലാത്ത പക്ഷം, തുക നൽകിയ സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. രേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തുക 15,52,734 രൂപ തടസ്സം ചെയ്യുന്നു.

## 1-18 ബഡ്സ് സ്കൂൾ നിർമ്മാണം പ്ലാസ്റ്ററിങ് - 18139 രൂപ കരാറുകാരന് അധികം നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ബഡ്സ് സ്കൂൾ നിർമ്മാണം എന്ന പ്രവൃത്തിയുടെ ഭാഗമായി 1001.913$m^2$ പ്ലാസ്റ്ററിങ് പ്രവൃത്തി ചെയ്തതായി കാണിച്ച് കരാറുകാരന് തുക നൽകിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി യഥാർത്ഥത്തിൽ ചെയ്തത് 916.5288$m^2$ മാത്രമാണ്. പ്രവൃത്തിയുടെ ആകെ അളവ് 959.2188$m^2$ ആണ്. പ്രസ്തുത അളവിൽ നിന്ന് Deductions ആയി കാണിച്ച 42.6942$m^2$ കുറവ് ചെയ്യുന്നതിന് പകരം ആകെ അളവിന്റെ കൂടെ ഇവ കൂട്ടിയത് കാരണമാണ് അപാകത സംഭവിച്ചത്. വിശദ വിവരങ്ങൾ ഖണ്ഡിക 3-2 ആയി ചേർത്തിട്ടുണ്ട്.

## 1-19 മരാമത്ത് പ്രവൃത്തി നിർവ്വഹണത്തിലെ അപാകതകൾ -ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് 8094 രൂപ തിരിച്ചടവാക്കി.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ജെന്റർ റിസോഴ്സസ് സെന്റർ നവീകരണം (433/21) എന്ന പ്രവൃത്തി പൂർത്തീകരിച്ച് ബിൽ നൽകിയപ്പോൾ കരാറുകാരന് 8094 രൂപ അധികം നൽകാനിടയായിട്ടുണ്ട്.

ഈ പ്രവൃത്തിയുടെ ഇനം 4 ആയി സ്റ്റീൽ വർക്ക് ചെയ്തതിന്റെ യഥാർത്ഥ തൂക്കം 1368.145Kg ആണ്. എന്നാൽ അളവുകൾ കൂട്ടിയതിലെ അപാകത കാരണം ഇത് 1439.81Kg എന്നാണ് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. അധിക തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 3/20-21/21.12.2021 നൽകിയതിനെ തുടർന്ന് അധികം നൽകിയ 8094 രൂപ ചുവടെ കാണിച്ച രസീതികൾ പ്രകാരം ഗ്രാമ പഞ്ചായത്തിൽ അടവാക്കി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | അധികം നൽകിയ തുക | രസീത് നമ്പർ |
|---|---|---|
| ജെന്റർ റിസോഴ്സസ് സെന്റർ നവീകരണം (433/21)<br>കരാറുകാരൻ. ശ്രീ.സിറാജുദ്ധീൻ. പി.പി<br>കരാർ 117/2.3.20 അളവ് പുസ്തകം 117<br>ബിൽ 37/31.3.2021 തുക 410196<br>ആകെ മൂല്യ നിർണ്ണയം 993744<br>കോസ്റ്റ് ഇൻഡക്സ് 31.06% | 8094 | 121010111315/30.12.2021 |

## 1-20 മരാമത്ത് പ്രവൃത്തികളുടെ ടാക്സുകൾ അടവാക്കിയില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി തനത് ഫണ്ട് വകയിരുത്തി നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ ആകെ മൂല്യ നിർണ്ണയ തുക നഗരസഭയിൽ നിന്ന് ചെക്ക് മുഖേന അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള ട്രഷറി അക്കൗണ്ട് നമ്പർ 799011400001303, SBI കോട്ടക്കൽ ബ്രാഞ്ച് അക്കൗണ്ട് നമ്പർ 00000067335418465 എന്നീ അക്കൗണ്ടുകളിലേക്ക് നൽകിയ ശേഷം പ്രസ്തുത അക്കൗണ്ടിൽ നിന്ന് നികുതികൾ കുറവ് ചെയ്ത ശേഷം കരാറുകാർക്ക് നൽകാനുള്ള തുക മാത്രമാണ് പിൻവലിച്ചിട്ടുള്ളത്. ആദായ നികുതി, നിർമ്മാണ തൊഴിലാളി ക്ഷേമനിധി തുടങ്ങിയ നികുതികൾ ബന്ധപ്പെട്ട സ്ഥാപനങ്ങളിലേക്ക് അടവാക്കിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

എൽ.പി സ്കൂൾ റോഡ് രണ്ടാം ഘട്ടം നിർമ്മാണം (ഫയൽ E2- 5258/20), മണിയങ്ങൽ റോഡ് കുമ്പളപ്പറമ്പ് റോഡ് പുനരുദ്ധാരണം (ഫയൽ E2- 6318/20), ശ്മശാനം എണ്ണക്കരകുളം പാത (ഫയൽ PW2- 18682/19) എന്നീ 3 പ്രവൃത്തികളുടെ ബിൽ തുകയായി ആകെ 804984 രൂപ അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിൽ 10.12.2020 ന് വരവ് വന്നിട്ടുണ്ട്. എന്നാൽ പ്രസ്തുത അക്കൗണ്ടിൽ നിന്ന് 3 പ്രവൃത്തികളുടെ കരാറുകാർക്കുള്ള 776236 രൂപ മാത്രമാണ് പിൻവലിച്ചിട്ടുള്ളത്.

എൽ.പി സ്കൂൾ എണ്ണാക്കരകുളമ്പ് പാത്‌വെ ഇന്റർലോക്ക് (ഫയൽ PW2- 1646/20) പ്രവൃത്തിക്കായി 275407 രൂപ അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിൽ 2.12.2020 ന് വരവ് വന്നിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രവൃത്തിയുടെ കരാറുകാരനുള്ള 265571 രൂപ മാത്രമാണ് അക്കൗണ്ടിൽ നിന്ന് പിൻവലിച്ചിട്ടുള്ളത്.

അസിസ്റ്റന്റ് എഞ്ചിനീയർ 1.12.2020 മുതലുള്ള കാഷ് ബുക്ക് മാത്രമാണ് എഴുതി തയ്യാറാക്കി പരിശോധനക്ക് ലഭ്യമാക്കിയിട്ടുള്ളത്. ആയതിനാൽ തനത് ഫണ്ട് ഉപയോഗിച്ചുള്ള മുഴുവൻ പ്രവൃത്തികളുടെയും ടാക്സുകൾ അടവാക്കിയത് സംബന്ധിച്ച പരിശോധന നടത്താനായിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലും ട്രഷറി അക്കൗണ്ടിലുമായി നിലവിൽ 15 ലക്ഷം രൂപയിലധികം ബാലൻസ് ഉണ്ട്. മേൽ പരാമർശിച്ച പ്രകാരം ടാക്സുകൾ അടവാക്കാതിരുന്നത് കാരണമാണ് ഇത്രയും വലിയ ബാലൻസ് അക്കൗണ്ടിൽ അവശേഷിച്ചത് എന്ന് വ്യക്തമാണ്.
പ്രവൃത്തികളുടെ മൂല്യ നിർണ്ണയ തുകകയിൽ നിന്ന് നിയമപരമായി അടവാക്കേണ്ട നികുതികൾ ഈടാക്കി ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ അടവാക്കാതിരുന്നത് ഗുരുതരമായ അപാകതയായി ഓഡിറ്റ് വിലയിരുത്തുന്നു. 2019-20, 2020-21 വർഷങ്ങളിൽ നിർവ്വഹിച്ച മുഴുവൻ പ്രവൃത്തികളുടെയും ഫയലുകളും രേഖകളും പരിശോധിച്ച് ടാക്സുകൾ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ അടവാക്കി ബാക്കി തുക മുനിസിപ്പൽ ഫണ്ടിൽ തിരിച്ചടച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി 30/2020-21 /29.12.2021 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-21 ജനകീയ ഹോട്ടൽ പദ്ധതി-ചെലവ് രേഖകൾ ലഭ്യമല്ല-30000/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര്/നം. | വിശപ്പ് രഹിത കേരളം ജനകീയ ഹോട്ടൽ<br>(പ്രോജക്ട് നം. 285/20-21) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ശ്രീ. റഷീദുദ്ദീൻ.എം., പ്രോജക്ട് ഓഫീസർ |
| ആകെ അടങ്കൽ | 100000/- |
| ചെലവ് തുക | 30000/-(തനതു ഫണ്ട്)<br>(ചെക്ക് നം. 314944/30.03.2021) |

വിശപ്പ് രഹിത കേരളം - ജനകീയ ഹോട്ടൽ പദ്ധതി പ്രകാരം പ്രോജക്ട് നം. 285/20-21ൽ ഉൾപ്പെടുത്തി 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ജനകീയ ഹോട്ടലിന് വർക്കിംഗ് ഗ്രാന്റ് നല്കുന്നതിനുവേണ്ടി അനുവദിച്ച് 30000/-രൂപ സെക്രട്ടറി പ്രോജക്ട് ഓഫീസർക്ക് നല്കിയിട്ടുണ്ട്. ആയത് ചെലവഴിച്ചതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. രേഖകൾ ഓഡിറ്റിന് ലഭ്യമാക്കണം എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് അന്വേഷണം നം. 1/20-21/21.12.2021) 31.12.2021ന് ലഭ്യമാക്കിയ മറുപടിയിൽ അടിസ്ഥാന സൗകര്യങ്ങൾക്കുവേണ്ടിയാണ് 30000/-രൂപ അനുവദിച്ചത് എന്നറിയിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ ചെലവു രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ചെലവു രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-22 കുടുംബശ്രീയിൽപ്പെട്ട കുടുംബങ്ങൾക്ക് ജീവിത മാർഗ്ഗത്തിന് ഗുഡ്സ് ഓട്ടോ നല്കൽ- അപാകതകൾ-50000/-തടസ്സത്തിൽ വയ്ക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര്/നം. | കുടുംബശ്രീയിൽപ്പെട്ട കുടുംബങ്ങൾക്ക് ജീവിത മാർഗ്ഗത്തിന് ഗുഡ്സ് ഓട്ടോ നല്കൽ (പ്രോജക്ട് നം. 317/20-21) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ശ്രീ. റഷീദുദ്ദീൻ.എം.<br>പ്രോജക്ട് ഓഫീസർ |

| | |
|---|---|
| ആകെ അടങ്കൽ | 200000/- |
| ചെലവ് തുക | 200000/-(വികസന ഫണ്ട്)<br>(ട്രഷറി ബിൽ നം. 9/20-21 തിയ്യതി 23.09.21 ) |

കുടുംബശ്രീ അംഗങ്ങളായ വനിതകളുടെ കുടുംബത്തിലെ അംഗങ്ങൾക്ക് ഗുഡ്സ് ഓട്ടോറിക്ഷ വാങ്ങാൻ ധനസഹായം നല്കാൻ പദ്ധതി വിഭാവനം ചെയ്യുന്നു. മേൽ പദ്ധതി പ്രകാരം ശ്രീ.മനോജ് പി.ബി, ശ്രീ ഷംസുദ്ദീൻ, ശ്രീ. ഷാജി.പി., ശ്രീ. മുഹമ്മദ് ഷരീഫ് എന്നീ ഗുണഭോക്താക്കൾക്ക് 50000/-രൂപ വീതം ഗുഡ്സ് ഓട്ടോ വാങ്ങുന്നതിന് ധനസഹായം നല്കിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ (സ.ഉ(കൈ)നം.22/2018/തസ്വഭവ, തിരുവനന്തപുരം തിയ്യതി 14.02.2018) 6.4(7) പ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലോ/സ്വയം സംരംഭകത്വ മിഷനിലോ പേര് രജിസ്റ്റർ ചെയ്തവരായിരിക്കണം ഗുണഭോക്താക്കൾ. എന്നാൽ ശ്രീ. മുഹമ്മദ് ഷരീഫ്.ടി. തോട്ടക്കോട് വീട്, ഈസ്റ്റ് വില്ലൂർ, കോട്ടയ്ക്കൽ എന്ന വ്യക്തിയുടെ അപേക്ഷയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലോ/സ്വയം സംരംഭകത്വ മിഷനിലോ പേര് രജിസ്റ്റർ ചെയ്തതിന്റെ വിവരം ഇല്ല. മേൽ വ്യക്തി ഏത് കുടുംബശ്രീ ഉൾപ്പെട്ട വ്യക്തിയുടെ കുടുബാംഗമാണെന്നുള്ള വിവരം കൂടി ഓഡിറ്റിനെ അറിയിക്കേണ്ടതാണ് എന്ന കാണിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് അന്വേഷണം നം.2/20-21 /21.12.202) മറുപടിയായി ശ്രീ. മുഹമ്മദ് ഷരീഫ്.ടി.യെ പ്രസ്തുത വിവരം അറിയിച്ചിട്ടുണ്ടെന്നും, ഗുണഭോക്താവിന്റെ മാതാവ് 14-ാം വാർഡിലെ താരകം അയൽക്കൂട്ടത്തിലെ അംഗമാണെന്നും അറിയിച്ചിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലോ/സ്വയം സംരംഭകത്വ മിഷനിലോ പേര് രജിസ്റ്റർ ചെയ്തതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-23 പി.എം.എ.വൈ നഗര സഭാ വിഹിതം-അപാകതകൾ - രേഖകളുടെ അഭാവത്തിൽ 7986739/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

| പ്രോജക്റ്റിന്റെ പേര്/നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ അടങ്കൽ | ചെലവ് തുക |
|---|---|---|---|
| പി.എം.എ.വൈ നഗരസഭാ വിഹിതം<br>പ്രോജക്റ്റ് നം. 4 | ശ്രീ.സുഗതകുമാർ സെക്രട്ടറി | 7012739/- | 7012739/-(വികസന ഫണ്ട്)<br>(65,00,000/-<br>(Sl.No.8/01/20-21 PMAY PO9612/16 Dated 22.09.20<br>512739/-<br>Sl.No.46/03/20-21 PMAY PO9612/16 Dated 31.03.21 |
| പി.എം.എ.വൈ നഗരസഭാ വിഹിതം (എസ്.സി)<br>പ്രോജക്റ്റ് നം. 5 | എം.സുഗതകുമാർ, സെക്രട്ടറി | 446000/- | 446000/-(എസ്.സി.പി)<br>Sl.No.45/02/20-21 PMAY/ PO9612/16 Dated 31.03.21 |
| പി.എം.എ.വൈ നഗരസഭാ വിഹിതം(എസ്.സി)<br>പ്രോജക്റ്റ് നം. 48 | എം.സുഗതകുമാർ, സെക്രട്ടറി | 528000/- | 528000/- (എസ്.സി.പി)<br>BRN- 20151747000900034957 Dated 1<br>11.04.20 |
| | | 7986739 | |

മേൽ പദ്ധതികളുടെ ഫയൽ പരിശോധനയിൽ താഴെപ്പറയുന്ന രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

1. ഭവന നിർമ്മാണത്തിന വേണ്ടി ഗുണഭോക്താക്കൾക്ക് നല്കിയ തുകയുടെ ഗുണഭോക്തൃ ലിസ്റ്റും, നല്കിയ തുകയും.

2. ഓരോ ഗുണഭോക്താവിനും 2020-21 വരെ ഭവന നിർമ്മാണത്തിന വേണ്ടി നല്കിയ ആകെ തുക.

3. ഭവനങ്ങൾ പൂർത്തിയാക്കിയതിന്റെ സ്റ്റേജ് റിപ്പോർട്ട്.

4. ഗുണഭോക്താക്കൾ തുക കൈപ്പറ്റയതിന്റെ കൈപ്പറ്റ് രജിസ്റ്റർ.

മേൽ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് (ഓഡിറ്റ് അന്വേഷണം നം. 28/*2020-21*/30.12.21) എന്ന് ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി (31.12.20121) ഗുണഭോക്താക്കൾക്ക് നൽകിയ ധനസഹായ തുകയുടെ ലിസ്റ്റ് ഓഡിറ്റിന് ലഭ്യമാക്കുകയുണ്ടായി. ലഭ്യമാക്കിയ ലിസ്റ്റിൽ ധനസഹായം നല്കിയ ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ട് നമ്പരോ, ട്രഷറി ബിൽ പ്രകാരം ചെലവഴിച്ച തുക ഏതെല്ലാം ഗുണഭോക്താക്കൾക്ക് എത്ര രൂപ വീതം നല്കിയെന്നോ വ്യക്തമല്ല. ഓഡിറ്റ് അന്വേഷണത്തിൽ സൂചിപ്പിച്ച അപാകതകൾ തുടർ വർഷങ്ങളിൽ പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ട്രഷറി ബിൽ പ്രകാരം ഓരോ ഗുണഭോക്താവിനും നല്കിയ ധനസഹായവും ഭവന നിർമ്മാണത്തിന്റെ പുരോഗതിയും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ 7986739/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-24 മുഴുവൻ വാടകയും ഈടാക്കിയില്ല

2020-21 വർഷത്തിൽ മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള വിവിധ കടമുറികൾ ലേലം കൊണ്ട, താഴെ പറയുന്ന വാടകക്കാരിൽ നിന്നും മുഴുവൻ വാടകയും ഈടാക്കിയിട്ടില്ല. ഈടാക്കാൻ അവശേഷിയ്ക്കുന്ന തുകയുടെ വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | വാടകക്കാരന്റെ പേര് | റൂം നം | നിശ്ചയിച്ച വാടക (ജി. എസ്.ടി അടക്കം) | അടയ്ക്കാൻ അവശഷിയ്ക്കുന്ന മാസം | കുടിശ്ശിക | ആകെ കുടിശ്ശിക |
|---|---|---|---|---|---|---|
| 1 | കൊട്ടേക്കാടൻ മുഹമ്മദ് കുട്ടി | 7-4108 (മൽസ്യ സ്ററാൾ) | 1216+219 =1435 | 2/2020 | 1435 | 1435 |
| 2 | കെ.കെ ഫൈസൽ തങ്ങൾ | G5-3112 (1205,1206) | 8001+1440=9441 | 11/20-2/21 | 9441*4 | 37764 |
| 3 | റായിസ് S/O മുസ്തഫ | SCB-US 5,6 | 6086+1204=7290 | 2/20 | 7290 | 7290 |
| 4 | റായിസ് മുസ്തഫ | SCB-US 7,8 | 6086+1204=7290 | 2/20 | 7290 | 7290 |
| 5 | ഹുസൈൻ പുതുക്കുടി | M4-9117 | 4689+844=5533 | 10/20-2/21 | 5533*5 | 27665 |
| 6 | പഞ്ചിളി മുഹമ്മദ് സിയാദ് | M155-2155 | 3473+626=4099 | 7/20-2/21 | 4099*8 | 32792 |
| 7 | തോട്ടോളി മുഹമ്മദാലി | M-176 2180 | 3473+626=4099 | 9/20-2/21 | 4099*6 | 24594 |
| 8 | അടാട്ടിൽ മൂസ | 1217 | 1605+289=1894 | 1/21-2/21 | 1894*2 | 3788 |
| 9 | കല്ലിങ്ങൽ മരയ്ക്കാർ | മീറ്റ് സ്ററാൾ12-new) | 2431+438=2869 | 6/20-2/21 | 2869*9 | 25821 |
| | | | | | | 168439 |

ആകെ 168439 /-

വാടകയിനത്തിൽ ഈടാക്കാനവശേഷിയ്ക്കുന്ന തുക ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും ഈടാക്കി വിവരം അറിയിയ്ക്കുന്നതിനായി നൽകിയ ഓഡിററ് എൻക്വയറിയ്ക്ക് (നം.5 /24.12.21 (20-21) കുടിശ്ശിക വരുത്തിയവരിൽ നിന്നും വാടക പലിശ സഹിതം തിരിച്ചീടാക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-25 വാടക ഈടാക്കിയിട്ടില്ല.

2020-21 സാമ്പത്തിക വർഷത്തിൽ നഗരസഭയുടെ ഷോപ്പിംഗ് കോംപ്ലക്സിലെ താഴെ കൊടുത്തിരിക്കുന്ന മുറികളുടെ വാടക ഈടാക്കിയിട്ടില്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | റൂം നം | വാടകയ്ക്ക് നൽകിയ വ്യക്തിയുടെ പേര് | വാടക (ജി. എസ്.ടി. അടക്കം) | ആകെ വാടക |
|---|---|---|---|---|
| 1 | 1-(4102) (മൽസ്യ സ്ററാൾ) | ബിയ്യാത്തിയിൽ അഹമ്മദ് | (1216+219)*11 | 15785 |
| 2 | 3-(4104) (മൽസ്യ സ്ററാൾ) | പഴയകത്ത് അബ്ദുൾ സലാം | (1216+219)*11 | 15785- |
| 3 | 4-(4105) (മൽസ്യ സ്ററാൾ) | വടക്കൻ യൂസഫ് | (1216+219)*11 | 15785 |
| 4 | 14-(4115) (മൽസ്യ സ്ററാൾ) | കുഞ്ഞുമാടൻ | (1216+219)*11 | 15785 |
| 5 | 22-(4123) (മൽസ്യ സ്ററാൾ) | കൈപ്പം മുസ്തഫ | (1216+219)*11 | 15785 |
| 6 | 23-(4124) (മൽസ്യ സ്ററാൾ) | കോട്ടക്കാടൻ മുസ്തഫ | (1216+219)*11 | 15785 |
| 7 | 27-(4128) (മൽസ്യ സ്ററാൾ) | കാമ്പ്രത്ത് കുഞ്ഞിമുഹമ്മദ് | (1216+219)*11 | 15785 |
| 8 | 29-(4130) (മൽസ്യ സ്ററാൾ) | മുജീബ് കോമു | (1216+219)*11 | 15785-- |
| 9 | 2-4135(മാംസ സ്റ്റാൾ) | കല്ലിങ്ങൽ കോയ | (3647+657)*11 | 47344 |
| 10 | 3-4136മാംസ സ്റ്റാൾ | പൂതുക്കുടി ഹുസൈൻ | (3647+657)*11 | 47344 |
| 11 | 6-4139(മാംസ സ്റ്റാൾ) | പൂതുക്കുടി മുഹമ്മദ് അഷറഫ് | (2431+438)*11 | 31559 |
| 12 | 7-4140(മാംസ സ്റ്റാൾ) | സക്കീർബാബു | (4012+722)*11 | 52074 |
| 13 | 8-4141(മാംസ സ്റ്റാൾ) | പൂതുക്കുടി കുഞ്ഞിമുഹമ്മദ് | (3647+657)*11 | 47344 |
| 14 | 2-4135(വെജി.സ്റ്റാൾ) | പഞ്ചിളി മുഹമ്മദ് ഷുക്കൂർ | (1737+313)*11 | 22550 |
| 15 | SCB US1-1201 | ഷംസുദ്ദീൻ .വി | 3308+596)*11 | 42944 |
| 16 | M5,M6-9118,9119 | അഷറഫ് പൂതുക്കുടി | (13428+2417)*11 | 174295 |
| | | | | 591734 |

ആകെ 591734 / -

വാടകയിനത്തിൽ ഈടാക്കാനവശേഷിയ്ക്കുന്ന തുക ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും പലിശ സഹിതം ഈടാക്കി അറിയിയ്ക്കുന്നതിനായി നൽകിയ ഓഡിററ് എൻക്വയറിയ്ക്ക് (നം.10/27.12.21(2020-21) കുടിശ്ശിക വരുത്തിയവരിൽ നിന്നും വാടക പലിശ സഹിതം തിരിച്ചീടാക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-26 ലേലം ചെയ്ത റൂമുകളുടെ ഡെപ്പോസിറ്റ് തുക മുഴവനും അടവാക്കിയില്ല.

നഗരസഭ ബസ്സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സിലെ റൂമുകൾ ലേലം കൊണ്ട താഴെ കൊടുത്തിരിയ്ക്കുന്ന ലൈസൻസികൾ മുഴവൻ ഡെപ്പോസിറ്റ് തുകയും നഗരസഭയിൽ അടവാക്കിയിട്ടില്ല. അടവാക്കാൻ അവശേഷിയ്ക്കുന്ന

തുകയുടെ വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ലൈസൻസികളുടെ പേര് | റൂം നം | നിശ്ചയിച്ച ഡെപ്പോസിറ്റ തുക | അടവാക്കിയ തുക | അടവാക്കാൻ അവശേഷിയ്ക്കുന്ന തുക |
|---|---|---|---|---|---|
| 1 | ഒ.പി. ഹനീഫ ഓലപ്പടാൻ | റൂം നം G 17-3301 | 255000 | 85000 | 170000 |
| 2 | ഷാഹുൽ ഹമീദ് | റൂം നം G 17-3301 | 255000 | 85000 | 170000 |
| | | | | | 340000 |

ആകെ 340000

അപാകത സംബന്ധിച്ച നൽകിയ ഓഡിററ് എൻക്വയറിയ്ക്ക് നം. 9/26.12.21(19-20) കടിശ്ശിക വരുത്തിയവരിൽ നിന്നും വാടക പലിശ സഹിതം തിരിച്ചീടാക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-27 വാടക അധിക സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കാത്തത്

നഗരസഭയുടെ ഷോപ്പിംഗ് കോംപ്ലക്സിലെ 251 കടമുറികൾ ഒരേ ലൈസൻസികൾക്ക തന്നെ 2018-19, 19-20, 20-21 വർഷങ്ങളിൽ തുടർച്ചയായി വാടകയ്ക്കു നൽകിയിരിയ്ക്കുകയാണ്. ലൈസൻസികളിൽ നിന്നും 5% വർദ്ധന വരുത്തി വാടക ഈടാക്കിയിട്ടുണ്ടെങ്കിലും 5% അധിക സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിയതായി കാണുന്നില്ല. 5% ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 37 /31.12.21(2020-21) തുടർ വർഷങ്ങളിൽ 5% വർദ്ധന വരുത്തി ഡെപ്പോസിറ്റ് തുക ഈടാക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-28 വനിത വയോജനങ്ങൾക്ക് കട്ടിൽ വിതരണം-അപാകതകൾ

2020-21 വർഷത്തിൽ ഐ.സി.ഡി.എസ്. സൂപ്പർ വൈസർ നിർവഹിച്ച വനിത വയോജനങ്ങൾക്ക് കട്ടിൽ വിതരണം എന്ന പദ്ധതിയുടെ നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

പ്രൊജക്ട് നം : 69/20-21

പ്രൊജക്ടിന്റെ പേര് :വനിത വയോജനങ്ങൾക്ക് കട്ടിൽ വിതരണം

അടങ്കൽ :1740000 (പ്ലാൻ)

ചെലവ് : 1561650/-(ബിൽ നം.8/20-21തീയതി.3.4.21)

മേൽ പ്രൊജക്ട് പ്രകാരം, വനിത വയോജനങ്ങൾക്ക് കട്ടിൽ വിതരണം ചെയ്യുന്നതിനായി സിഡ്കോ യിൽ നിന്നും 3686.4രൂപ നിരക്കിൽ 359 കട്ടിലുകൾ വാങ്ങിയതിന് സിഡ്കോയ്ക്ക് 1561650/- നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| ഇൻവോയ്സ്.നം&തീയതി | എണ്ണം | തുക | ജി എസ്.ടി18% | ആകെ തുക |
|---|---|---|---|---|
| 38/29.7.20 | 100 | 368646 | 66354 | 435000 |
| 159/5.2.21 | 100 | 368646 | 66354 | 435000 |
| 161/5.2.21 | 59 | 217499 | 39150 | 256650 |
| 160/5.2.21 | 100 | 368646 | 66354 | 435000 |
| | 359 | | | 1561650 |

പ്രൊജക്ട് സംബന്ധിച്ച ഫയൽ സ്റ്റോക്ക്/വിതരണ രജിസ്റ്റർ എന്നിവ പരിശോധിച്ചപ്പോൾ 354 ഗുണഭോക്താക്കൾ മാത്രമാണ് കട്ടിലുകൾ കൈപ്പറ്റിയത്. അവശേഷിയ്ക്കുന്ന 5 കട്ടിലുകൾ വിതരണം ചെയ്യാതിരുന്നതിന് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം 20/28.12.21(2020-21)ത്തിന്, കട്ടിലുകൾ വിതരണം ചെയ്ത സമയത്ത് ഗുണഭോക്താക്കൾ മരണപ്പെട്ടതിനാലും 60 വയസ്സ തികയാതിരുന്നതിനാലുമാണ് വിതരണം ചെയ്യാതിരുന്നത് എന്നും പകരം ഗുണഭോക്താക്കളെ കണ്ടെത്തുതന്നതിന് കൗൺസിൽ മുമ്പാകെ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി കട്ടിലുകൾ വിതരണം ചെയ്ത് വിവരമറിയിയ്ക്കുന്നതു വരെ ചെലവു തുക 21750 (18432 + 3318) തടസ്സം ചെയ്യുന്നു.

## 1-29 മുഴവൻ മരുന്നും ലഭ്യമായില്ല

മെഡിയ്ക്കൽ ഓഫീസർ (എഫ്.എച്.സി )നിർവ്വഹണം നടത്തിയ, താഴെ പറയുന്ന പ്രൊജക്ടുകൾ പ്രകാരം, മരുന്ന വാങ്ങുന്നതിനായി കെ.എം.സി.എല്ലിന് മുൻകൂറായി തുക നൽകിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തീയതി വരെയും മുഴവൻ മരുന്നും കെ.എം.സി.എൽ നിന്നും ലഭ്യമാക്കിയിട്ടില്ല. പ്രൊജക്ടുകൾ സംബന്ധിച്ചും മരുന്നുകൾ ലഭ്യമായതു സംബന്ധിച്ചുമുള്ള വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1)പ്രൊജക്ടിന്റെ പേര് :സി. എച്.സിയിലേയ്ക്ക് മരുന്ന്, ലാബ് റീ ഏജന്റ്സ് എന്നിവ വാങ്ങൽ

പ്രൊജക്ടനം : 8/20-21

അടങ്കൽ :3ലക്ഷം/-(മെയിന്റനൻസ് ഫണ്ട്)

ആകെ ചെലവ് : 3ലക്ഷം

ബിൽ നം. 25/20-21തീയതി. 29.1.20, തുക. 204000/-)

| കെ.എം.സി.എല്ലിന് നൽകിയ തുക | ഇൻവോയ്സ് നം& തീയതി | തുക | ലഭിയ്ക്കാനവശേഷിയ്ക്കുന്നത് |
|---|---|---|---|
| 204000 | 5810/8.9..21 | 29881 | 50406 |
| | 6048/13.9.21 | 50984 | |
| | 7020/5.10.21 | 65248 | |
| | 498/5.11.21 | 7481 | |
| | ആകെ | 153594 | |

2)പ്രൊജക്ടിന്റെ പേര് :പാലിയേറ്റീവ് കെയർ

പ്രൊജക്ടനം : 7/20-21

അടങ്കൽ :916440 /-(പ്ലാൻ ഫണ്ട്)

ആകെ ചെലവ് : 842265/-

ബിൽ നം. 22/20-21തീയതി. 29.1.20, തുക. 209840/-)

| കെ.എം.സി.എല്ലിന് നൽകിയ തുക | ഇൻവോയ്സ് നം& തീയതി | തുക | ലഭിയ്ക്കാനവശേഷിയ്ക്കുന്നത് |
|---|---|---|---|
| 150000/- | 5699/28.8.21 | 9351 | 39782 |
| | 5811/8.9.21 | 19145 | |
| | 5812/8.9.21 | 70829 | |
| | 7628/19.10.21 | 10576 | |
| | 8495/5.11.21 | 317 | |
| | ആകെ | 110218 | |

അവശേഷിയ്ക്കുന്ന 90188 രൂപയുടെ മരുന്നുകൾ ലഭ്യമാക്കാത്തതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം 33/30.12.21(2020-21) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമായ വിവരം സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-30 മാലിന്യ സംസ്കരണം-അപാകതകൾ

| പ്രോജക്ടിന്റെ പേര്/നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ അടങ്കൽ | ചെലവ് തുക |
|---|---|---|---|

| | | | |
|---|---|---|---|
| ഗാർഹിക മാലിന്യ സംസ്കരണം - ബയോബിൻ (പ്രോജക്റ്റ് നം. 444/20-21) | ശ്രീ.കെ.കെ.ഹംസ, ഹെൽത്ത് ഓഫീസർ | 1,10,00,000/- | 4587000 /- (Try.Bill No. 2/20-21 Dated 26.02.2021 Rs. 1760000/- Try.Bill No. 3/20-21 Dated 28.03.21 Rs. 2827000/-) |
| ഗാർഹിക മാലിന്യ സംസ്കരണം-ബയോഗ്യാസ് (പ്രോജക്റ്റ് നം. 445/20-21) | ശ്രീ.കെ.കെ.ഹംസ, ഹെൽത്ത് ഓഫീസർ | 4050000/- | 1688850/- (Try.Bill No. 1/20-21 Dated 26.02.2021 Rs. 540000/- Try.Bill No. 4/20-21 Dated 28.03.21 Rs. 1148850/-) |

പ്രോജക്റ്റ് നം. 444/20-21 പ്രകാരം ഗാർഹിക മാലിന്യ സംസ്കരണം -ബയോബിൻ വാങ്ങുന്നതിനായി Invoice No, 64 Dated 10.03.2021 പ്രകാരം 4000 ബയോബിൻ (യൂണിറ്റ് ഒന്നിന് 2200/-) 8800000/-രൂപയും (2020-21 സാമ്പത്തി വർഷം 4587000/-രൂപ നല്കി) പ്രോജക്റ്റ് നം. 445/20-21 പ്രകാരം 221 പോർട്ടബിൾ ബയോഗ്യാസ് പ്ലാൻറ് യൂണിറ്റ് 221 എണ്ണം (ഒരു പ്ലാന്റിന് 13500/-) 2983500/- എണ്ണവും (ഇൻവോയ്സ് നം. 94 തിയ്യതി 25.03.2021) വാങ്ങിയിട്ടുണ്ട്. (2020-21 സാമ്പത്തിക വർഷം 1688850/-രൂപ നല്കി) ആയവ 32 വാർഡുകളിലായി വിതരണം ചെയ്തതായി ഫയലിൽ നിന്നും ലഭ്യമായിട്ടുണ്ട്. 13.10.2020 ലെ തീരുമാനം നം. 5 പ്രകാരം പ്രോജക്റ്റ് നം. 444/20-21നം നം.6 പ്രകാരം 445/20-21നം മുനിസിപ്പൽ കൗൺസിൽ സോഷ്യോ ഇകണോമിക് യൂണിറ്റ് ഫൗണ്ടേഷൻ, മലപ്പുറത്തു നിന്നും സാമഗ്രികൾ വാങ്ങുന്നതിന് ഹെൽത്ത് ഓഫീസറെ ചുമതലപ്പെടുത്തി. മേൽ പദ്ധതി നടപ്പിലാക്കിയതിന് താഴെ കാണുന്ന അപാകതകൾ കാണുന്നു.

1. മേൽ സ്ഥാപനം സെക്യൂരിറ്റി ഡെപ്പോസിറ്റ് നല്കിയതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കിയില്ല.

2. മേൽ സ്ഥാപനത്തിന് നല്കാൻ അവശേഷിക്കുന്ന തുക തുടർ സാമ്പത്തിക വർഷത്തിൽ നല്കിയിട്ടുണ്ടെങ്കിൽ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3. ഗുഡ്സ് & സർവ്വീസ് ആക്ട് 2017- ലെ സെക്ഷൻ 51, 21.07.2018-ലെ 28th ജി.എസ്.ടി കൗൺസിൽ എന്നിവ പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്ഥാപനങ്ങൾ വാങ്ങുന്ന സാധനങ്ങളുടെ ജി.എസ്.ടിയിൻമേൽ 2 ശതമാനം TDS ഈടാക്കേണ്ടതാണ്. TDS ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

4.നിലവിൽ സ്ഥാപനത്തിന് അക്രിഡേഷൻ ഉണ്ടെങ്കിൽ ഉത്തരവ് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് അന്വേഷണം നം. 19/20-21/27.12.2021) 29.12.2021 തിയ്യതിയിൽ ലഭിച്ച മറുപടിയിൽ മേൽ സ്ഥാപനത്തിന്റെ അക്രിഡേഷൻ പുതുക്കുന്നതിനുള്ള നടപടി പുരോഗമിക്കുകയാണെന്നും, സ.ഉ.(എം.എസ്)നം.133/07/ത.സ്വ.ഭ.വ. തിയ്യതി 18.05.2007 ക്രമ നം. 6 പ്രകാരം സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടെന്ന് അറിയിച്ചുവെങ്കിലും മേൽ ഉത്തരവ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ടി.ഡി.എസ്. തുക സെക്രട്ടറിയ അക്കൗണ്ടിൽ അടവാക്കുന്നതിന് നടപടി സ്വീകരിച്ചു വരികയാണെന്നും നിർവ്വണോദ്യോഗസ്ഥനം സോഷ്യോ ഇക്ണോമിക് യൂണിറ്റ് ഫൗണ്ടേഷനം അറിയിച്ചിട്ടുണ്ട്. മേൽ പദ്ധതികളുടെ തുകകൾ പൂർണ്ണമായും 2021-22 സാമ്പത്തിക വർഷത്തിലാണ് നല്കിയതെന്നും ആയതിനാലാണ് നികുതികൾ 2020-21 സാമ്പത്തിക വർഷം അടവാക്കാത്തതെന്നും നിർവ്വഹണോദ്യോഗസ്ഥൻ അറിയിക്കുകയുണ്ടായി. പദ്ധതി കാലയളവിൽ അക്രഡിറ്റേഷൻ ഉണ്ടെങ്കിൽ ഉത്തരവ് ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്. ഓഡിറ്റ് എൻക്വയറിയെ തുടർന്ന് 3-1-22 ന് ചെക്ക് നമ്പർ 025038 പ്രകാരം 224448/- രൂപ അടവാക്കിയതായി Socio Economic Unit Foundation അറിയിച്ചിട്ടുണ്ട്. നഗരസഭയിൽ അടവാക്കിയ രശീത് നമ്പർ, തുക അടവാക്കിയതിന്റെ ഡേ ബുക്ക് കോപ്പി എന്നിവ ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-31 തനത് ഫണ്ട് വകയിരുത്തിയ മരാമത്ത് പ്രോജക്ടുകൾ- ക്രമപ്രകാരമല്ലാത്ത നടപടികൾ

നഗരസഭയിൽ വിവിധ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് വാർഷിക പദ്ധതിയിൽ തനത് ഫണ്ട് വകയിരുത്തിയ പ്രവൃത്തികളുടെ മൂല്യ നിർണ്ണയ പ്രകാരമുള്ള തുകകൾ നഗരസഭ സെക്രട്ടറി അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിലേക്കും (അക്കൗണ്ട് നമ്പർ-799011400001303) അസി.എഞ്ചിനീയറുടെ പേരിൽ കോട്ടക്കൽ എസ്.ബി.ഐ.യിലുള്ള ബാങ്ക് അക്കൗണ്ടിലേക്കും (അക്കൗണ്ട് നമ്പർ- 00000067335418465) ട്രാൻസ്ഫർ ചെയ്ത് നൽകുകയാണ് ചെയ്യുന്നത്. എന്നാൽ ടി- തുകകളിൽ നിന്നും നിയമാനുസൃതം കുറവ് ചെയ്യേണ്ടതായ നികുതി തുകകൾ കുറവ് ചെയ്ത് അറ്റ തുക കരാറുകാരുടെ/കൺവീനർമാരുടെ അക്കൗണ്ടുകളിലേക്ക് ക്രഡിറ്റ് ചെയ്തതിന്റെയോ നികുതി തുകകൾ അതാത് സ്ഥാപനങ്ങളിലേക്ക് അടവാക്കിയതിന്റെയോ രേഖകളൊന്നും ഫയലിൽ സൂക്ഷിക്കുകയോ പരിശോധനക്ക് ഹാജരാക്കുകയോ ചെയ്തിട്ടില്ല. ഇക്കാരണത്താൽ മുനിസിപ്പൽ എഞ്ചിനീയറുടെ പേരിലുള്ള ട്രഷറി/ബാങ്ക് അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുള്ള തനത്ഫണ്ട് ചെലവഴിച്ചതിന്റെ ആധികാരികത ഉറപ്പ് വരുത്താനായിട്ടില്ല. ഇത്തരത്തിൽ പണം കൈമാറുന്നതിലേയും നടപടിക്രമങ്ങളിലേയും അപാകതകൾ സംബന്ധിച്ച് മുൻ വർഷത്തെ (2018-19) ഓഡിറ്റ് റിപ്പോർട്ടിൽ (ഖണ്ഡിക- 1-32, 1-40) പരാമർശിച്ചിരുന്നുവെങ്കിലും ആയത് പരിഹരിക്കാതെ തുടരുന്നതായാണ് കാണുന്നത്. പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളും മറ്റ് അപാകതകളും ചുവടെ ചേർക്കുന്നു.

1. അസി. എഞ്ചിനീയർക്ക് കൈമാറുന്ന ഫണ്ടുകൾ കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടുന്നില്ല .

ജി.ഒ.പി.177/2006/ധന, തി- 12.4.2006 നമ്പർ ഉത്തരവിലെ സർക്കാർ നിർദ്ദേശമനുസരിച്ചുള്ള ക്യാഷ് ബുക്ക്, സബ്സിഡിയറി റജിസ്റ്റർ, പ്രൊജക്ട് റജിസ്റ്റർ എന്നിവയൊന്നും അസി. എഞ്ചിനീയർ സൂക്ഷിക്കുന്നില്ല. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഇ7/11350/2015/സി.ഇ/ത.സ്വ.ഭ.വ,തി-19.01.2017 നമ്പർ സർക്കുലറിലും എഞ്ചിനീയറിംഗ് വിഭാഗം ഓഫീസുകളിൽ സൂക്ഷിക്കേണ്ടതായ റജിസ്റ്ററുകൾ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ നിയമാനുസൃതം സൂക്ഷിക്കേണ്ടതായ റജിസ്റ്ററുകളും രേഖകളും അസി. എഞ്ചിനീയർ സൂക്ഷിക്കാത്തതിനാൽ പണമിടപാടുകൾ സുതാര്യമായും കൃത്യതയോടെയും കൈകാര്യം ചെയ്യുന്നുവെന്ന് ഉറപ്പാക്കാനാവുന്നില്ല. ഓരോ പ്രവൃത്തികൾക്കും അനുവദിക്കുന്ന ഫണ്ട് കരാറുകാരുടേയും/കൺവീനർമാരുടേയും അക്കൗണ്ടുകളിലേക്ക് യഥാവിധി ട്രാൻസ്ഫർ ചെയ്യുന്നുവെന്നും ബില്ലിൽ നിന്നും കുറവ് ചെയ്ത ടാക്സുകൾ അടവാക്കുന്നുണ്ടെന്നും ഉറപ്പ് വരുത്താൻ അസി.എഞ്ചിനീയറുടെ ഓഫീസിൽ സംവിധാനമില്ല. ടെണ്ടർ ഷെഡ്യൂൾ വിൽപ്പന റജിസ്റ്റർ, എം.ബുക്ക് രജിസ്റ്റർ എന്നിവയും സൂക്ഷിക്കുന്നില്ല. നമ്പർ രേഖപ്പെടുത്താതെയാണ് നഗരസഭാ സെക്രട്ടറി എം.ബുക്കുകൾ ഇഷ്യൂ ചെയ്യുന്നത്. എ.ഇ.യുടെ ഓഫീസിൽ കൈപ്പറ്റുന്ന എം.ബുക്കുകൾ നമ്പർ നൽകി വിതരണം ചെയ്യുന്നതിന് പ്രത്യേകം രജിസ്റ്റർ ഏർപ്പെടുത്താത്തതിനാൽ എം.ബുക്കുകളുടെ സ്റ്റോക്ക് കൃത്യമായി മോണിറ്റർ ചെയ്യുന്നതിന് സംവിധാനമില്ല. ചില വർക്കുകൾക്ക് നമ്പർ രേഖപ്പെടുത്താതെ എം. ബുക്കുകൾ ഉപയോഗിച്ചത് ശ്രദ്ധയിൽപെട്ടിട്ടുണ്ട്. എം.ബുക്കുകൾ ഇഷ്യൂ ചെയ്യുന്ന അതോറിറ്റി തന്നെ നമ്പർ പതിച്ച് കൈമാറേണ്ടതാണ്. കൈപ്പറ്റുന്ന ഓഫീസർ ഓരോ എം.ബുക്കുകളും ഇഷ്യൂ ചെയ്യുന്നത് ആർക്കാണെന്നും ഏത് പ്രവൃത്തിക്ക് വേണ്ടിയാണെന്നും കൈമാറിയ തിയതി, ഒപ്പ് എന്നിവയുൾപ്പെടെ രേഖപ്പെടുത്തി സ്റ്റോക്ക് റജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ഇപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാത്തതിനാലും നിയമാനുസൃത രജിസ്റ്ററുകൾ സൂക്ഷിക്കാത്തതിനാലും അസി. എഞ്ചിനീയർ കൈപ്പറ്റുന്ന ഫണ്ടിന്റെ കൃത്യമായ വിനിയോഗവും യഥാ സമയത്തുള്ള അക്കൗണ്ടിംഗും നിരീക്ഷിക്കുന്നതിനും പരിശോധിക്കുന്നതിനും സംവിധാനമില്ല. തനത് ഫണ്ടിൽ നിന്നുള്ള വർക്കുകൾക്കുള്ള നികുതി തുകകൾ (ജി.എസ്.ടി, ഐ.ടി, വെൽഫയർഫണ്ട്) അതാത് സ്ഥാപനങ്ങളിലേക്ക് അടവാക്കിയതിന്റെ കൃത്യത പരിശോധിക്കുന്നതിനും സംവിധാനമില്ല.

2. ഫണ്ടിന്റെ ലഭ്യത പഠനവിധേയമാക്കാതെ തനത് ഫണ്ടിൽ നിന്നും വൻതുക മരാമത്ത് പ്രവൃത്തികൾക്കായി പദ്ധതിയിൽ വകയിരുത്തുന്നു .

നഗരസഭയിൽ നിക്ഷിപ്തമായ അനിവാര്യ ചുമതലകൾ നിർവ്വഹിക്കുന്നതിനും അനുവദനിയമായ മറ്റ് ചെലവുകൾക്കും ആവശ്യമായ തുക ബഡ്ജറ്റിൽ മാറ്റി വെച്ച ശേഷം മിച്ചമുള്ള തുകയാണ് തനത് ഫണ്ട് എന്ന സ്രോതസ്സായി പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. എന്നാൽ നഗരസഭ അനിവാര്യ ചെലവുകൾക്ക് തനത് ഫണ്ടിൽ നിന്നും ആവശ്യമായത്ര തുക നീക്കി വെക്കാതെ മിച്ചമുള്ള തനത് ഫണ്ട് മുഴുവൻ പദ്ധതിയിലുൾപ്പെടുത്തി മരാമത്ത് പ്രവൃത്തികൾക്ക് വേണ്ടി വകയിരുത്തുകയാണ് ചെയ്തിട്ടുള്ളത്. കൂടാതെ തനത് ഫണ്ട് ഉപയോഗിച്ച് ധാരാളം പെറ്റി വർക്കുകളും (50000 രൂപയോളം എസ്റ്റിമേറ്റ് വരുന്ന) പദ്ധതിക്ക് പുറത്ത് ചെയ്തിട്ടുണ്ട്. ഇക്കാരണത്താൽ പൂർത്തീകരിച്ച മരാമത്ത് പ്രവൃത്തികൾക്ക് നൽകാൻ പണമില്ലാതിരിക്കുകയും വർഷങ്ങൾ കഴിഞ്ഞ് പെയ്മെന്റ് നൽകേണ്ടതായ അവസ്ഥ സംജാതമാകുകയും ചെയ്തിട്ടുണ്ട്.

2019-20, 20-21 വർഷങ്ങളിൽ പദ്ധതിയിൽ വകയിരുത്തിയ തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | പദ്ധതിയിൽ | അസി. എഞ്ചിനീയറുടെ | സുലേഖ ചെലവ് |
|---|---|---|---|

| | വകയിരുത്തിയ തനത് ഫണ്ട് | അക്കൗണ്ടിലേക്ക് കൈമാറിയ വിഹിതം | സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവ് തുക |
|---|---|---|---|
| 2019-20 | 6,76,60,221 | 4,82,09,774 | 2,58,08,036 |
| 2020-21 | 4,46,08,674 | 2,36,92,049 | 66,14,560 |

3. അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗ ണ്ടുകളിൽ വിതരണം ചെയ്യാത്ത തുകകൾ

കരാറുകാർക്ക് വലിയ തുക കൊടുത്തു തീർക്കാൻ ബാധ്യതയായി നിൽക്കുമ്പോഴും അസി. എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടുകളിലായി 15 ലക്ഷം രൂപയിലധികം ബാലൻസ് ഉണ്ട്. വിവിധ മരാമത്ത് പ്രവൃത്തികളുടെ ബിൽ തുക നൽകുന്നതിന് വേണ്ടി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകുന്ന തുകകൾ ചെലവഴിക്കാതെ അക്കൗണ്ടിൽ അവശേഷിക്കുന്നതിന് വിശദീകരണം ലഭ്യമല്ല. അക്കൗണ്ടിൽ അവശേഷിക്കുന്ന തുകകളുടെ വിശദാംശങ്ങൾ പരിശോധിച്ച് കണ്ടെത്തി അവ ബന്ധപ്പെട്ട സ്ഥാപനങ്ങളിലേക്ക് അടവാക്കേണ്ടതും വിശദാംശങ്ങൾ ലഭ്യമല്ലെങ്കിൽ നഗരസഭയിലേക്ക് തിരിച്ചടവാക്കി വിവരം ലഭ്യമാക്കേണ്ടതുമാണ്. ബാലൻസ് തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബാങ്ക്/ട്രഷറി | അക്കൗണ്ട് നമ്പർ | തുക |
|---|---|---|
| സബ് ട്രഷറി കോട്ടക്കൽ | ലഭ്യമായിട്ടില്ല | 952556<br>(16.12.2021 നുള്ള ബാലൻസ്<br>2020-21 ലെ അവസാന ട്രാൻസാക്ഷൻ 7.7.20 ബാലൻസ് 785368) |
| സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ കോട്ടക്കൽ | 00000067335418465 | 686562<br>(31.3.2021 നുള്ള ബാലൻസ്) |

(ഇത് സംബന്ധിച്ച് നൽകിയ 30/2020-21/30.12.2021 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. എക്സി. മീറ്റിംഗിൽ ഇത് സംബന്ധിച്ചുള്ള പരാമർശത്തിന് ടാക്സിനത്തിൽ അടവാക്കാനുള്ള തുകകളുടെ വിവരം പരിശോധിക്കുന്നുണ്ടെന്നും ആയത് കണ്ടെത്തി വിവരം അറിയിക്കുന്നതാണെന്നും സെക്രട്ടറി മറുപടി നൽകി)

4. പ്രോജക്റ്റില്ലാതെ തനത് ഫണ്ട് കൈമാറുന്നു .

മുൻവർഷങ്ങളിൽ തനത് ഫണ്ട് വകയിരുത്തി പൂർത്തിയാക്കിയ വർക്കുകളുടെ പെയ്മെന്റ് നൽകുന്നതിന് വേണ്ടി തനത് ഫണ്ടിൽ നിന്നും തുകകൾ അസി.എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് കൈമാറിയതായിക്കാണുന്നു. എന്നാൽ പ്രസ്തുത ചെലവുമായി ബന്ധപ്പെട്ട പ്രൊജക്റ്റിന് സ്പിൽഓവർ ആയി അംഗീകാരം വാങ്ങാതെയാണ് ഫണ്ട് കൈമാറിയിട്ടുള്ളത്. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| കൈമാറിയ തുക | ചെക്ക് നമ്പർ | തിയതി | റിമാർക്സ് |
|---|---|---|---|
| 453324 | 309941 | 2.7.2019 | ടി- ചെലവുകൾക്ക് സ്പിൽഓവർ അംഗീകാരം വാങ്ങിയിട്ടില്ല. |
| 229109 | 313132 | 31.3.20 | |
| 145500 | 309951 | 16.7.2019 | |
| 195053 | 313768 | 13.10.20 | |

5. ചെലവുകൾ സുലേഖ ചെലവ് സ്റ്റേറ്റ്മെന്റിൽ ബുക്ക് ചെയ്തിട്ടില്ല .

തനത് ഫണ്ടിൽ നിന്നുള്ള പദ്ധതിച്ചെലവുകൾ പൂർണ്ണമായി സുലേഖ ചെലവ് സ്റ്റേറ്റ്മെന്റിൽ ബുക്ക് ചെയ്യുന്നതിൽ വീഴ്ച വരുന്നു. മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടിൽ മേൽ അപാകത ശ്രദ്ധയിൽപെടുത്തിയിരുന്നുവെങ്കിലും അപാകത ആവർത്തിക്കുന്നു. യഥാസമയം ചെലവുകൾ ബുക്ക് ചെയ്യാതിരിക്കുന്നത് അക്കൗണ്ടിംഗിലെ വീഴ്ചയായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്റ്റ് നമ്പർ | ചെക്ക് നമ്പർ | തിയതി | ചെലവ് വന്ന തുക |
|---|---|---|---|---|
| 1 | 379/20 | 309959 | 19.7.2019 | 197479 |
| 2 | 353/20 | 309950 | 16.7.2019 | 339778 |
| 3 | 354/20 | 309950 | 16.7.2019 | 274181 |
| 4 | 387/20 | 307682 | 9.12.2019 | 1399331 |

മേൽ അപാകതകൾക്ക് വസ്തുതാപരമായ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട്കൊണ്ട് നൽകിയ 31/2020-21

/30.12.2021 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് കാര്യകാരണ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-32 ബിൽ തുകയിൽ നിന്ന് GST കുറവ് ചെയ്തില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ ചേർത്ത പ്രവൃത്തികളുടെ ബിൽ തുക കൺവീനർമാർക്ക് നൽകിയപ്പോൾ നിയമാനുസൃതം ഈടാക്കേണ്ട 2% GST തുക കുറവ് ചെയ്തിട്ടില്ല.

2017 ലെ GSTനിയമം വകുപ്പ് 51(1) അനുസരിച്ച് 1.10.2018 മുതൽ 2.5ലക്ഷം രൂപയിൽ അധികരിച്ച് നൽകുന്ന ബിൽ തുകയിൽ നിന്ന് 2% തുക GST ഇനത്തിൽ കുറവ് ചെയ്യേണ്ടതുണ്ട്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ ചേർത്ത പ്രവൃത്തികളുടെ ബിൽ തുക നൽകിയപ്പോൾ 2% തുക കുറവ് ചെയ്യാതെയാണ് കൺവീനർക്ക് ബിൽ തുക നൽകിയിട്ടുള്ളത്. ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ 12% തുക GSTക്കായി വകയിരുത്തുകയും മൂല്യ നിർണ്ണയ തുകയോടൊപ്പം കൺവീനർക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ജി.എസ്.ടി കുറവ് ചെയ്യാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുകയോ അല്ലാത്ത പക്ഷം അധിക തുക ഈടാക്കുകയോ ചെയ്യേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | ഈടാക്കേണ്ട തുക (GST2%) |
|---|---|---|
| 1 | രാജാസ് ഹയർ സെക്കന്ററി സ്കൂളിൽ ലാബ്, വരാന്ത, ക്ലാസ് റൂം നവീകരണം (303/21)<br>കൺവീനർ ശ്രീമതി വനജ.ഇ.എൻ കരാർ 35/12.12.2019 അളവ് പുസ്തകം 35/19-20<br>ബിൽ 20151747001400853888/23.12.20 തുക 663700<br>ബിൽ 20151747001400853890/23.12.20 തുക 780000<br>ആകെ മൂല്യ നിർണ്ണയം 993744 കോസ്റ്റ് ഇൻഡക്സ് 31.06% | 28874 |
| 6 | രാജാസ് സ്കൂളിൽ പെൺകുട്ടികൾക്കായുള്ള കൗൺസിലിങ് സെന്ററും ശുചിമുറി നിർമ്മാണവും (43/21)<br>കൺവീനർ ശ്രീമതി വനജ.ഇ.എൻ, പ്രിൻസിപ്പാൾ രാജാസ് സ്കൂൾ കോട്ടക്കൽ<br>കരാർ 74/9.3.2018 അളവ് പുസ്തകം 74/17-18, 111/17-18<br>ഫസ്റ്റ് പാർട്ട് ബിൽ 538924 (2017-18 ൽ നൽകിയത്)<br>ഫൈനൽ ബിൽ 454817<br>ആകെ മൂല്യ നിർണ്ണയം 993744<br>ബിൽ 19151747001401210933/5.2.2020 തുക 422654<br>ചെക്ക് 2829673/31.3.2020 തുക 32163<br>454817<br>കോസ്റ്റ് ഇൻഡക്സ് 37.25% | 9096 |

ഓഡിറ്റ് എൻക്വയറി 1/19-20/20.12.2021 (ക്രമ നമ്പർ 3) നൽകിയതിന് തുക അടവാക്കിയിട്ടുള്ളതാണെന്ന് മറുപടി ലഭ്യമാക്കി. എന്നാൽ അടവാക്കിയത് സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല. മറ്റു പ്രവൃത്തികൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി 12 /20-21/27.12.2021 നല്കിയതിന് തുക അടവാക്കിയ വിവരം ലഭ്യമാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

## 1-33 അക്രഡിറ്റഡ് ഏജൻസി വഴിയുള്ള മരാമത്ത് പ്രവൃത്തികൾ - അപാകതകൾ

കോട്ടക്കൽ നഗരസഭ സെക്രട്ടറിയുടെ 2020-21 വർഷത്തെ പ്രൊജക്ടുകൾ പരിശോധിച്ചതിൽ നിരവധി മരാമത്ത് പ്രവൃത്തികൾ നിർവഹണം നടത്തിയതായി കാണുന്നു. നഗരസഭയിൽ ഒരു എഞ്ചിനീയറിംഗ് വിംഗ് ഉണ്ടായിരിക്കെ മരാമത്ത് പ്രവൃത്തികൾ സെക്രട്ടറി നിർവഹണം നടത്തിയതിന്റെ ആവശ്യകത വ്യക്തമാവുന്നില്ല. 2020-21 ൽ ചെലവ് ചെയ്ത പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നമ്പർ | പ്രൊജക്ടിന്റെ പേര് | അനുവദിച്ച തുക | ഫണ്ട് | അക്രഡിറ്റഡ് ഏജൻസി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 44 | വലിയപറമ്പ് സ്റ്റേഡിയം നിർമ്മാണം | 8493653 | ധനകാര്യ കമ്മീഷൻ അവാർഡ്, വികസന ഫണ്ട് ജനറൽ | സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ്, തൃശ്ശൂർ |
| 168 | ഈനിക്കൽ ചിറ പുനരുദ്ധാരണം വാർഡ് 10 | 2375000 | ധനകാര്യ കമ്മീഷൻ അവാർഡ് | ചെറുകിട ജലസേചന വകുപ്പ്, മലപ്പുറം |
| 225 | മരവട്ടം പാടശേഖരത്ത് നിരയായുള്ള ബണ്ടുകളുടെയും തടയണകളുടെയും നിർമ്മാണം | 1160000 | ധനകാര്യ കമ്മീഷൻ അവാർഡ് | ചെറുകിട ജലസേചന വകുപ്പ്, മലപ്പുറം |
| 231 | ചോലമാട് വലിയചോല റോഡ് കോൺക്രീറ്റ് വാർഡ് 13 | 591696 | വികസന ഫണ്ട് ജനറൽ | SIDCO |
| 237 | കുറ്റിപോളിച്ചിറ തോട് സൈഡ് കെട്ടലും റിപ്പയറിംഗും, വാർഡ് 10 | 1900000 | ധനകാര്യ കമ്മീഷൻ അവാർഡ് | ചെറുകിട ജലസേചന വകുപ്പ്, മലപ്പുറം |
| 273 | ചൂണ്ട തോടിന് സൈഡ് കെട്ടലും സ്ലാബിട്ട് നടപ്പാത നിർമ്മാണവും വാർഡ് | 1303710 | തനത് ഫണ്ട് | SIDCO |
| 280 | വലിയ പറമ്പ് ഇൻഡോർ സ്റ്റേഡിയം നിർമ്മാണം രണ്ടാം ഘട്ടം | 3373604 | ധനകാര്യ കമ്മീഷൻ അവാർഡ് | സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ്, തൃശ്ശൂർ |
| 284 | പുന്നപ്പറമ്പ് പപ്പായി റോഡ് നവീകരണം വാർഡ് 14 | 964953 | തനത് ഫണ്ട് | SIDCO |
| 286 | BH റോഡ് പോലീസ് ലൈൻ റോഡ് ഇന്റർലോക്ക് ചെയ്യുക വാർഡ് 4 | 2888112 | വികസന ഫണ്ട് ജനറൽ | SIDCO |
| 443 | പാലത്തറയിൽ ചിൽഡ്രൻസ് പാർക്ക് | 4155000 | ധനകാര്യ കമ്മീഷൻ അവാർഡ് | കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് |
| 455 | കണ്ണാത്തിചിറ പാലം സൈഡ് കെട്ടൽ തടയണ നിർമ്മാണം | 2338517 | ധനകാര്യ കമ്മീഷൻ അവാർഡ് | SIDCO |
| ആകെ | | 29544245 | | |

അക്രഡിറ്റഡ് ഏജൻസി വഴിയുള്ള നിർമ്മാണ പ്രവർത്തിയുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. വലിയപറമ്പ് സ്റ്റേഡിയം നിർമ്മാണം എന്ന പ്രവർത്തിക്കായി ഒന്നാം ഘട്ടത്തിനായി 1.5 കോടി രൂപയുടെ എസ്റ്റിമേറ്റും, രണ്ടാം ഘട്ടത്തിനായി 4.5 കോടി രൂപയുടെ എസ്റ്റിമേറ്റും, സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് തയ്യാറാക്കിയിട്ടുണ്ട്. 2018 ഒക്ടോബർ 08 ന് 13/18-19 ആയി കരാർ ഒപ്പു വെച്ചെങ്കിലും, നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. കരാർ പ്രകാരം സൈറ്റ് കൈമാറി/കരാർ വെച്ച് 6 മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്.

2. സിഡ്കോ ഏറ്റെടുത്ത് നടത്തിയ BH റോഡ് പോലീസ് ലൈൻ റോഡ് ഇന്റർലോക്ക് ചെയ്യുക (വാർഡ് 4) എന്ന പ്രൊജക്ട് പ്രകാരം നിർമ്മാണം പൂർത്തീകരിച്ച പ്രവൃത്തിയിൽ നിർമ്മാണ ശേഷം ഇന്റർലോക്ക് കട്ടകൾ ഇളകിയ നിലയിൽ കാണുന്നു എന്ന കൗൺസിലറുടെ പരാതിയിൽ ഓവർസിയർ പരിശോധന നടത്തിയതിൽ മേൽ പരാതി കൃത്യമാണെന്നും തകരാർ പരിഹരിക്കുന്നത് സിഡ്കോയുടെ ചുമതലയാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. സിഡ്കോ

യുമായി ഉണ്ടാക്കിയ കരാർ പ്രകാരം പ്രവർത്തി പൂർത്തീകരിച്ചതു മുതൽ 2 വർഷം ഗ്യാരണ്ടി പിരീയഡ് ഉണ്ട് എന്ന് പറയുന്നുണ്ട്. തകരാർ പരിഹരിക്കാൻ സിഡ്കോയോട് രേഖാമൂലം ആവശ്യപ്പെട്ടിട്ടും സിഡ്കോ തുടർ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

3. മരവട്ടം പാടശേഖരത്ത് നിരയായുള്ള ബണ്ടുകളുടെയും തടയണകളുടെയും നിർമ്മാണം, ഈനിക്കൽ ചിറ പുനരുദ്ധാരണം വാർഡ് 10, കുറ്റിപോളിച്ചിറ തോട് സൈഡ് കെട്ടലും റിപ്പയറിംഗും, വാർഡ് 10 എന്നീ പ്രവൃത്തികൾക്ക് മലപ്പുറം ചെറുകിട ജലസേചന വകുപ്പിൽ തുക നിക്ഷേപിച്ചിട്ടുണ്ടെങ്കിലും, പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം ഇല്ല.

4. നഗരസഭക്ക് സ്വന്തമായി മുനിസിപ്പൽ എഞ്ചിനീയറുടെ കീഴിൽ വിപുലമായ എഞ്ചിനീയറിംഗ് വിംഗ് നിലവിലുണ്ട്. എന്നാൽ മേൽ പ്രോജക്ടുകൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയതും സാങ്കേതികാനുമതി നൽകിയതും അക്രഡിറ്റഡ് ഏജൻസികളാണ്.

5. ഈ വർക്കിന്റെ അളവുകൾ രേഖപ്പെടുത്തിയത് നഗരസഭയുടെ എഞ്ചിനീയറിംഗ് വിഭാഗമല്ല എന്ന് ഫയലിൽ നിന്ന് വ്യക്തമാവുന്നു. എസ്റ്റിമേറ്റ് തയ്യാറാക്കുകയും സാങ്കേതികാനുമതി നൽകുകയും ചെയ്ത അക്രഡിറ്റഡ് ഏജൻസികളുടെ അതേ എഞ്ചിനീയറാണ് അളവുകൾ രേഖപ്പെടുത്തിയിട്ടുള്ളത്. 1997 ലെ കേരള മുനിസിപ്പാലിറ്റി (പൊതു മരാമത്ത് പണികളുടെ നടത്തിപ്പും സാധനങ്ങൾ വാങ്ങലും) ചട്ടങ്ങൾ ചട്ടം 14(1) പ്രകാരം മുനിസിപ്പാലിറ്റി ഏറ്റെടുത്തിട്ടുള്ള ഏതൊരു പൊതുമരാമത്ത് പണിയും മുനിസിപ്പൽ എഞ്ചിനീയറുടെയോ അദ്ദേഹം ചുമതലപ്പെടുത്തുന്ന മറ്റു സാങ്കേതിക ഉദ്യോഗസ്ഥരുടെയോ നേരിട്ടുള്ള മേൽനോട്ടത്തിലും നിയന്ത്രണത്തിലും നടത്തേണ്ടതും ജോലിയുടെ പുരോഗതിയും ഗുണമേൻമയും അവർ നേരിട്ട് പരിശോധിച്ച് ബോധ്യപ്പെടേണ്ടതും അപ്രകാരം നടത്തപ്പെടുന്ന ഏതൊരു ജോലിയുടെയും ഗുണമേൻമയോട് കൂടിയ പൂർത്തീകരണത്തിന് അവർ വ്യകതിപരമായോ കൂട്ടായോ ഉത്തരവാദിയായിരിക്കുന്നതാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മുനിസിപ്പൽ എഞ്ചിനീയറിംഗ് വിംഗ് മേൽ പ്രവൃത്തികളിൽ യാതൊരു പരിശോധനയും നടത്തിയിട്ടില്ല.

6. നിലവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പൊതുമരാമത്ത് പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് DSR, MORTH, MORD നിരക്കുകൾ അടിസ്ഥാനമാക്കിയാണ്. ഇവയിൽ പരാമർശിക്കാത്ത ഇനങ്ങൾക്ക് മാർക്കറ്റ് നിരക്കിനെ അടിസ്ഥാനമാക്കി Approved Data യും Observed Data യും നിലവിലുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കാൻ യോഗ്യതയുള്ള ജീവനക്കാർ നഗരസഭ എഞ്ചിനീയറിംഗ് വിഭാഗത്തിലുണ്ട്. എന്നാൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് അക്രഡിറ്റഡ് ഏജൻസികളാണ്. മാത്രമല്ല, ഏത് നിരക്ക് അടിസ്ഥാനമാക്കിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത് എന്നും വ്യക്തമല്ല. ഡാറ്റയും ഉള്ളടക്കം ചെയ്തിട്ടില്ല.

7. അക്രഡിറ്റഡ് ഏജൻസികൾ മുഖേന നടത്തുന്ന വർക്കുകൾ സംബന്ധിച്ച് സർക്കാർ പുതുക്കിയ വിശദമായ മാർഗരേഖ GO(P)311/2014/Fin Dated 30.07.2014 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിലെ Annexure 11 ആദ്യ പാരഗ്രാഫിൽ തന്നെ വ്യക്തമാക്കുന്നത് സ്വന്തമായ എഞ്ചിനീയറിംഗ് വിംഗ് ഇല്ലാത്ത വകുപ്പുകൾക്ക് മാത്രമാണ് സർക്കാറിന്റെ മുൻകൂർ അനുമതി വാങ്ങാതെ അക്രഡിറ്റഡ് ഏജൻസികൾക്ക് വർക്ക് ഏൽപിച്ച് നൽകാൻ അനുമതിയുള്ളു എന്നാണ്. മാത്രമല്ല, സ്വന്തമായി എഞ്ചിനീയറിംഗ് ഉള്ള വകുപ്പുകൾക്ക്, തങ്ങളുടെ എഞ്ചിനീയറിംഗ് വിഭാഗത്തിന് സാങ്കേതിക പരിജ്ഞാനം ഇല്ലാത്ത മേഖലയിലുള്ള പ്രവൃത്തികൾ സർക്കാറിന്റെ മുൻകൂർ അനുമതിയോടെ മാത്രം അക്രഡിറ്റഡ് ഏജൻസികൾക്ക് ഏൽപിച്ച് നൽകാനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

8. GO(P)95/2017/ Fin Dated 25.07.2017 ഉത്തരവിൽ അക്രഡിറ്റഡ് ഏജൻസികൾക്ക് വർക്കുകൾക്ക് നൽകുന്നത് സംബന്ധിച്ച് അധിക നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഈ ഉത്തരവിലെ ക്രമ നമ്പർ 3 പ്രകാരം "The Administrative Department Shall Adopt A Fair And Competitive Bidding Process For Selection Of Accredited Agency " എന്നും ക്രമ നമ്പർ 4 ൽ " The Administrative Department Shall Ensure That All Relevant Guidelines Regarding Execution Of Public Works Are Complied " എന്നും ക്രമ നമ്പർ 7 ൽ " TS Shall Be Issued By The Competent Authority Of Concerned Engineering Department" എന്നും വ്യക്തമായ രീതിയിൽ മാർഗ്ഗനിർദ്ദേശം നൽകിയിട്ടുള്ളതാണ്. എന്നാൽ ഈ സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചില്ല.

9. അക്രഡിറ്റഡ് ഏജൻസികൾ തയ്യാറാക്കുന്ന എസ്റ്റിമേറ്റ് കൗൺസിൽ അംഗീകരിക്കുന്നുണ്ടെങ്കിലും എഞ്ചിനീയറിംഗ് വിഭാഗം പരിശോധന നടത്തി അംഗീകരിക്കുന്നില്ല. ഫൈനൽ ബിൽ നൽകുമ്പോൾ നഗരസഭ എഞ്ചിനീയറിംഗ് വിഭാഗം പരിശോധന നടത്തുകയോ എം. ബുക്കിന്റെ പകർപ്പ് ഫയലിൽ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

മേൽ പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം, ഫൈനൽ വർക്ക് ബില്ല്, അളവ് പുസ്തകം എന്നിവ സഹിതം അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും, അക്രിഡിറ്റഡ് ഏജൻസികൾ മുഖേന നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-34 ചെലവ് അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല

2020-21 വർഷത്തിൽ സെക്രട്ടറി നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രൊജക്ടുകളുടെ ചെലവ് അനുബന്ധ രേഖകൾ

പരിശോധനക്ക് ലഭ്യമാക്കിയില്ല.

| പ്രൊജക്ട് നമ്പർ | പ്രൊജക്ടിന്റെ പേര് | തുക | ചെലവ് വിശദാംശം | കുറിപ്പ് |
|---|---|---|---|---|
| 86/21 | കോട്ടക്കൽ ബസ് സ്റ്റാന്റിനടുത്തുള്ള ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കുക | 893105 | വൗച്ചർ നമ്പർ/തിയ്യതി : 22000984/10.05.2020 – 679230 രൂപ | പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം ഫയൽ സഹിതം ലഭ്യമാക്കേണ്ടതാണ്. |
| | | | വൗച്ചർ നമ്പർ/തിയ്യതി : 22000985/10.05.2020 – 162792 രൂപ | |
| 87/21 | നഗസഭയിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 839105 | വൗച്ചർ നമ്പർ/തിയ്യതി : 22000944/10.05.2020 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. |
| 124/21 | കെ.എസ്.ഇ.ബി വൈദ്യുത കുടിശ്ശിക അടവാക്കൽ | 2000000 | വൗച്ചർ നമ്പർ/തിയ്യതി : 22000398/16.07.2020 | |
| 323/21 | നഗരസഭയിലേക്ക് യു.പിഎസ് പ്രിന്റർ വാങ്ങൽ | 131800 | വൗച്ചർ നമ്പർ/തിയ്യതി : 22000957/26.08.2020 | ഉപകരണങ്ങൾ ലഭ്യമായതിന്റെ വിവരം ഫയൽ/സ്റ്റോക്ക് രജിസ്റ്റർ സഹിതം ലഭ്യമാക്കേണ്ടതാണ്. |
| ആകെ | | 3864010 | | |

രേഖകൾ ലഭ്യമാക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 39/2020-21 തി. 31.12.2021) മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ലഭ്യമാക്കുന്നത് വരെ ചെലവ് തുക 38,64,010 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-35 GWD – തുക അടവാക്കൽ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

ചുവടെ ചേർക്കുന്ന വൗച്ചറുകൾ പ്രകാരം വിവിധ പ്രവൃത്തികൾ നടത്തുന്നതിനായി 20220-21 വർഷത്തിൽ മലപ്പുറം ഭൂജല സർവേ വകുപ്പിൽ തുക അടവാക്കിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| വൗച്ചർ നമ്പർ / തിയ്യതി | പ്രവൃത്തി | അടവാക്കിയ തുക | ഫയൽ നമ്പർ |
|---|---|---|---|
| 22000157/13.05.2020 | വാർഡ് - 25 കുഴൽകിണർ നിർമ്മാണം | 44947 | E 2 – 16702/19 |
| 22001562/30.03.2021 | വാർഡ് - 27 പാലത്തറ കുടിവെള്ള പദ്ധതി ഭൂജല സർവേ നടത്തുന്നതിന് | 2035 | E 2 – 503/21 |
| 22001361/14.02.2021 | ഭൂജല സർവേ നടത്തുന്നതിന് | 7865 | E 2 – 171/21 |
| ആകെ | | 54847 | |

മേൽ ഫയലുകൾ പരിശോധിച്ച് പ്രവൃത്തിയുടെ നിലവിലെ പുരോഗതി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 23/2020-21 തി. 28.12.2021) ലഭ്യമാക്കിയ മറുപടിയിൽ

പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് മലപ്പുറം ഭൂജല സർവേ വകുപ്പ് ജില്ലാ ഓഫീസർക്ക് കത്ത് നൽകിയിട്ടുണ്ട് എന്നറിയിച്ചു. പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 54,847 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-36 ഇൻസിനറേറ്റർ പ്രവർത്തനം - ഭീമമായ തുക ചെലവഴിക്കുന്നു

കോട്ടക്കൽ നഗരസഭയിലെ ഖരമാലിന്യ സംസ്കരണത്തിനായി 2013-14 സാമ്പത്തിക വർഷത്തിൽ 658000 രൂപ ചെലവഴിച്ച് 150 Kg/hr കപ്പാസിറ്റിയുള്ള ഇൻസിനറേറ്റർ സ്ഥാപിച്ചിരുന്നു. നഗരസഭ ശേഖരിക്കുന്ന മാലിന്യം വേർതിരിച്ച് കത്തിച്ച് കളയുന്നതിനാണ് ഇൻസിനറേറ്റർ ഉപയോഗിക്കുന്നത്. നഗരസഭ ഓഫീസ് പരിസരത്തെ സി.എച്ച് ഓഡിറ്റോറിയത്തിനകത്താണ് ഇൻസിനറേറ്റർ സ്ഥാപിച്ചിട്ടുള്ളത്.

ഇൻസിനറേറ്റർ ഉപയോഗിച്ച് മാലിന്യം കത്തിക്കുന്നതിന് പ്രതിദിനം 2000 രൂപ നിരക്കിൽ ശ്രീ. പ്രഭാകരൻ പാറേങ്ങൽ എന്ന വ്യക്തിക്ക് 6 മാസത്തേക്ക് കരാർ നൽകിയിരുന്നു. ഒരു ലോഡ് മാലിന്യങ്ങൾ മൂന്നിൽ കുറയാത്തതും, ആവശ്യഘട്ടത്തിൽ നാല് ജീവനക്കാരെയും നിയോഗിച്ച് പ്രവൃത്തി ചെയ്യാം എന്നായിരുന്നു കരാർ വ്യവസ്ഥ. പിന്നീട് പലപ്പോഴും 6 മാസത്തേക്കും, ഒരു വർഷത്തേക്കുമായി പ്രസ്തുത വ്യക്തിക്ക് തന്നെ കരാർ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. 10.12.2018 മുതൽ ദിവസ വേതനം 2200 രൂപയായി വർധിപ്പിച്ച് മേൽ വ്യക്തിക്ക് തന്നെ കരാർ പുതുക്കി നൽകിയിട്ടുണ്ട്.

2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ ഇൻസിനറേറ്റർ പ്രവർത്തിക്കുന്നതിന് ചുവടെ ചേർക്കും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| മാസം | 2019-20 @ 2200/- Per Day | 2020-21 @ 2200/- Per Day |
|---|---|---|
| മാർച്ച് | 55000 | 57200 |
| ഏപ്രിൽ | 52800 | 61600 |
| മെയ് | 61600 | 59400 |
| ജൂൺ | 55000 | 57200 |
| ജൂലൈ | 59400 | 59400 |
| ഓഗസ്റ്റ് | 57200 | 55000 |
| സെപ്റ്റംബർ | 50600 | 57200 |
| ഒക്ടോബർ | 59400 | 50600 |
| നവംബർ | 57200 | 55000 |
| ഡിസംബർ | 59400 | 59400 |
| ജനുവരി | 57200 | 61600 |
| ഫെബ്രുവരി | 55000 | 52800 |
| ആകെ | 679800 | 686400 |

കൂടാതെ ഇൻസിനറേറ്റർ അറ്റകുറ്റ പണികൾക്കായി 2019-20 സാമ്പത്തിക വർഷത്തിൽ 176765 രൂപയും, 2020-21 സാമ്പത്തിക വർഷത്തിൽ 39235 രൂപയും ചെലവഴിച്ചിട്ടുണ്ട്.

നഗരസഭയിലെ കണ്ടിജന്റ് ജീവനക്കാരും, ഹരിത കർമ്മ സേനയും ശേഖരിക്കുന്ന മാലിന്യങ്ങളാണ് ഇൻസിനറേറ്റർ ഉപയോഗിച്ച് കത്തിക്കുന്നത്. ഹരിത കർമ്മ സേന ശേഖരിക്കുന്ന മാലിന്യം വേർതിരിക്കുന്നതിനും സംസ്കരിക്കുന്നതിനും സംവിധാനം ഹരിത കർമ്മ സേനക്ക് ഉണ്ടായിരിക്കേ ഇൻസിനറേറ്ററിൽ കത്തിക്കുന്നതിന്റെ ആവശ്യകത വ്യക്തമല്ല. 2020 ജനവരി മാസത്തിൽ പ്രവർത്തനം തുടങ്ങിയ ഹരിത കർമ്മ സേനയിൽ നിലവിൽ 10 അംഗങ്ങൾ ഉണ്ട്. 2020-21 വർഷത്തിൽ മാലിന്യം വിറ്റതിന് 13914 രൂപ ഹരിത കർമ്മ സേനക്ക് ലഭിച്ചിട്ടുണ്ട്.

ഇൻസിനറേറ്ററിന്റെ കപ്പാസിറ്റി വർധിപ്പിക്കുന്നതിന് സാങ്കേതിക ഉപദേശം നൽകുന്നതിന് ശുചിത്വ മിഷന് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ ശുചിത്വ മിഷൻ ഡയറക്ടറുടെ (ഓപ്പറേഷൻ) 30.09.2015 ലെ 407/C2/2015 എസ് എം നമ്പർ കത്ത് പ്രകാരം ഇൻസിനറേറ്ററിന്റെ കപ്പാസിറ്റി വർധിപ്പിക്കുന്നതിന് പകരം പ്രകൃതി സൗഹാർദങ്ങളായ രീതിയിലൂടെ ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിച്ചും അജൈവ മാലിന്യങ്ങൾ യഥാവിധി ശേഖരിച്ച് പുന:ചംക്രമണത്തിനായി കൈമാറുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു എങ്കിലും തുടർ നടപടി ഉണ്ടായില്ല.

ഇൻസിനറേറ്റർ പ്രവർത്തനം നേരിട്ട് പരിശോധിച്ചതിൽ സാങ്കേതിക പരിജ്ഞാനം ആവശ്യമില്ലാത്ത മാലിന്യങ്ങൾ വേർതിരിക്കുകയും, കത്തിക്കുകയും ചെയ്യുന്ന പ്രവൃത്തിയാണ് നടക്കുന്നത് എന്ന് വ്യക്തമായി. നഗരസഭയിലെ ഒരു കണ്ടിജന്റ് ജീവനക്കാരനെ കൊണ്ട് പ്രവർത്തിപ്പിക്കാവുന്ന ഇൻസിനറേറ്റർ പ്രവർത്തിപ്പിക്കുന്നതിന്

മാത്രം ഭീമമായ തുകയാണ് പ്രതിവർഷം നഗരസഭ ചെലവഴിക്കുന്നത്. മാലിന്യം സംസ്കരിക്കുന്നതിന്റെ അളവ് കാണിക്കുന്ന പ്രഫോർമ പ്രകാരം പ്രതിദിനം 11 Am മുതൽ 3 Pm വരെയുള്ള സമയത്താണ് ഇൻസിനറേറ്ററിന്റെ പ്രവർത്തനം. ശരാശരി കത്തിക്കുന്ന മാലിന്യത്തിന്റെ അളവ് ഒരു ടണ്ണമാണ്. പ്രതിദിനം ശരാശരി 4 മണിക്കൂർ ഇൻസിനറേറ്റർ പ്രവർത്തിപ്പിക്കുന്നതിനാണ് ഭീമമായ തുക ചെലവഴിക്കുന്നത് എന്ന് വ്യക്തമാവുന്നു.

ഇത് സംബന്ധിച്ച് പരിശോധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 24/2020-21 തി. 28.12.2021) ലഭ്യമാക്കിയ മറുപടിയിൽ ഇൻസിനറേറ്റർ പ്രവർത്തിപ്പിക്കുന്നതിന് നഗരസഭക്ക് കനത്ത സാമ്പത്തിക ബാധ്യത വരുന്നുണ്ട് എന്ന വിഷയം ബഹു. കൗൺസിൽ മുമ്പാകെ വെക്കുന്നതായിരിക്കും എന്നറിയിച്ചിട്ടുണ്ട്.

മാലിന്യ സംസ്കരണത്തിനായി ഇൻസിനറേറ്റർ പ്രവർത്തിപ്പിക്കേണ്ടതുണ്ടെങ്കിൽ നഗരസഭക്ക് പരമാവധി സാമ്പത്തിക ബാധ്യത വരാത്ത രീതിയിൽ പ്രവർത്തിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. മേൽ വിഷയം ഭരണസമിതി, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-37 ക്ലബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം - അധിക തുക ചെലവഴിച്ച

നിർവഹണം : സെക്രട്ടറി

പ്രൊജക്ട് നമ്പർ, പേര് : 322/21, നഗരസഭയിലെ രജിസ്റ്റേഡ് ക്ലബുകൾക്ക് സ്പോർട്സ് കിറ്റ് നൽകൽ

അടങ്കൽ : 8,00,000

തുക : 7,90,545 (തനത് ഫണ്ട്)

ചെക്ക് നമ്പർ / തിയ്യതി : 314875/24.12.2020

വിവിധ ക്ലബുകൾക്ക് സ്പോർട്സ് കിറ്റുകൾ വാങ്ങി വിതരണം നടത്തുന്നതിനാണ് സെക്രട്ടറി 2020-21 വർഷത്തിൽ നടപ്പാക്കിയ മേൽ പ്രൊജക്ട്. ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറവ് രേഖപ്പെടുത്തിയ പ്ലേ വെൽ സേപോർട്സ്, എറളാകുളം എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ച് 13650 രൂപയുടെ 58 കിറ്റുകൾ വാങ്ങിയിട്ടുണ്ട് (ഇൻവോയ്സ് നമ്പർ : CA 755/27.10.2020 – 613354/- രൂപ, CA 819/09.11.2020 – 177191/- രൂപ) മേൽ സ്പോർട്സ് കിറ്റുകൾ നഗരസഭയിലെ 58 ക്ലബുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ഇതിലെ അപാകതകൾ ഖണ്ഡിക 3-3 ആയി ചേർത്തിട്ടുണ്ട്.

## 1-38 KSEB – തുക അടവാക്കൽ പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല

ചുവടെ ചേർക്കുന്ന വൗച്ചറുകൾ പ്രകാരം വിവിധ പ്രവൃത്തികൾ നടത്തുന്നതിനായി 2020-21 വർഷത്തിൽ KSEB യിൽ തുക അടവാക്കിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| വൗച്ചർ നമ്പർ / തിയ്യതി | പ്രവൃത്തി | അടവാക്കിയ തുക | KSEB സെക്ഷൻ | ഫയൽ നമ്പർ |
|---|---|---|---|---|
| 22000368/09.07.2020 | ഇലക്ട്രിക്കൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ - വാർഡ് - 14 | 39067 | ചട്ടിപ്പറമ്പ് | E 2 – 8087/20 |
| 22000585/08.09.2020 | ബസ്സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് ഇലക്ട്രിക്കൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ, പുതിയ ലൈൻ സ്ഥാപിക്കൽ | 112067 | കോട്ടക്കൽ | E 2 – 12547/13 |
| 22000668/06.10.2020 | ഇലക്ട്രിക്കൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ - വാർഡ് - 16 | 25954 | കോട്ടക്കൽ | E 2 – 8134/20 |
| 22000802/12.11.2020 | ബസ്സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് ഇലക്ട്രിക്കൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ, പുതിയ ലൈൻ സ്ഥാപിക്കൽ | 67748 | കോട്ടക്കൽ | E 2 – 12547/13 |
| 22001159/22.10.2020 | ഇലക്ട്രിക്കൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ - വാർഡ് - 24 | 40125 | കോട്ടക്കൽ | E 2 – 15340/20 |
| 22001179/06.10.2020 | ഇലക്ട്രിക്കൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ - വാർഡ് - 3 | 54193 | കോട്ടക്കൽ | E 2 – 17294/20 |

| | | | | |
|---|---|---|---|---|
| 22001225/03.02.2021 | ഇലക്ട്രിക്കൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ - വാർഡ് - 14 | 25588 | കോട്ടക്കൽ | E 2 – 14386/20 |
| | ആകെ | 364742 | | |

മേൽ ഫയലുകൾ പരിശോധിച്ച് പ്രവൃത്തിയുടെ നിലവിലെ പുരോഗതി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 25/2020-21 തി. 28.12.2021) ലഭ്യമാക്കിയ മറുപടിയിൽ പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് കോട്ടക്കൽ കെ.എസ്.ഇ.ബി അസി.എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ട് എന്നറിയിച്ചു. പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 3,64,742 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-39 തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം ലഭ്യമായില്ല.

ഒരു ഗ്രാമപഞ്ചായത്തിന്റെ/ നഗരസഭ പരിധിയിൽ ഒരു അർദ്ധവർഷത്തിൽ തുടർച്ചയായോ, അല്ലാതെയോ 60 ദിവസം വരുമാനം ആർജ്ജിക്കുന്ന ഓരോ വ്യക്തിയും ആ ഗ്രാമപഞ്ചായത്തിൽ/നഗരസഭയിൽ അതാത് അർദ്ധവർഷത്തെ തൊഴിൽ നികുതി അടക്കാൻ ബാദ്ധ്യസ്ഥനാണ്. ഇതു പ്രകാരം താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ/ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയ വിവരം ലഭ്യമാക്കിയിട്ടില്ല.

1) കോൺട്രാക്ടേഴ്സ്

2) വില്ലൂർ ക്ഷീരോൽപാദകസഹകരണ സംഘം

3) PTZ Technologies, കോട്ടക്കൽ

4) CEEG (Centre For Employment And Educational Guidance), കോട്ടക്കൽ

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ. 18/2020-21/28-12-21 ക്ക് തൊഴിൽ നികുതി അടവാക്കാത്ത കരാറുകാരിൽ നിന്നും, വില്ലൂർ ക്ഷീരോൽപാദകസഹകരണ സംഘത്തിൽ നിന്നും, സി.ഇ.ഇ.ജി യിൽ നിന്നും നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായി അറിയിച്ചിട്ടുണ്ട്. PTZ ടെക്നോളജീസ് എന്ന സ്ഥാപനം നിലവിൽ പ്രവർത്തിക്കുന്നത് എടരിക്കോട് പഞ്ചായത്തിലാണെന്നും അറിയിച്ചിട്ടുണ്ട്. നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-40 ഗുണഭോക്തൃ സമിതി മുഖേനയുള്ള മരാമത്ത് നിർവ്വഹണം - കൺവീനർക്ക് അധിക തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികൾ പൂർത്തീകരിച്ച് ബിൽ നൽകിയപ്പോൾ കൺവീനർക്ക് 5% തുക അധികം നൽകാനിടയായിട്ടുണ്ട്.

ഗുണഭോക്തൃസമിതി മുഖേന നിർവ്വഹിക്കുന്ന പ്രവൃത്തികൾക്ക് പ്രൈസ് സോഫ്റ്റ്‌വെയറിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിലെല്ലാം പ്രവൃത്തിയുടെ ഓരോ ഇനത്തിനും അനുവദനീയമായ നിരക്കിന് പുറമെ 7.5% തുക നികുതികൾക്കായി അധികം വകയിരുത്തുന്നുണ്ട്. ഇപ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് പ്രവൃത്തി നിർവ്വഹിച്ചതിന് ശേഷം ആകെ മൂല്യ നിർണ്ണയ തുകയിൽ നിന്ന് 5% വാറ്റ്, 2% ആദായ നികുതി, 1% നിർമ്മാണ തൊഴിലാളി ക്ഷേമനിധി എന്നിവ കുറവ് ചെയ്താണ് കൺവീനർക്ക് തുക നൽകേണ്ടിയിരുന്നത്. എന്നാൽ വാറ്റ് ഇപ്പോൾ നിലവിലില്ലാത്തതിനാൽ ഈ ഇനത്തിനായി വകയിരുത്തിയ 5% തുക കുറവ് ചെയ്താണ് കൺവീനർമാർക്ക് ബിൽ അനുവദിക്കേണ്ടതെന്ന് തദ്ദേശ സ്വയം ഭരണ വകുപ്പ് 16.3.2018 ലെ ഡി.ബി-9058/17/സി.ഇ/ത.സ്വ.ഭ.വ നമ്പർ കത്തിലൂടെ അറിയിച്ചിട്ടുള്ളതാണ്. അപ്രകാരം ചെയ്യാതിരുന്നത് വഴിയാണ് കൺവീനർമാർക്ക് അധിക തുക നൽകാനിടയായത്. ഇതു സംബന്ധിച്ച വിശദ വിവരങ്ങൾ ഖണ്ഡിക 3-1 ആയി ചേർത്തിട്ടുണ്ട്.

## 1-41 പൊതു മരാമത്ത് പ്രവൃത്തികൾ - അവലോകനം

1. പദ്ധതികൾ യഥാസമയം പൂർത്തീകരിക്കാനാവുന്നില്ല.

2020-21 വർഷത്തിൽ നഗരസഭയിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 207പദ്ധതികൾ തയ്യാറാക്കിയതിൽ 95 പ്രൊജക്ടുകൾക്ക് മാത്രമാണ് ഓഡിറ്റ് വർഷത്തിൽ ചെലവ് ഉള്ളത്. പദ്ധതികൾ സ്പിൽ ഓവർ ആയി ഉൾപ്പെടുത്തിയതിൽ മുഴുവൻ പദ്ധതികളും ഈ വർഷം നടപ്പിലാക്കുകയുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 207 | ആകെ അടങ്കൽ | 93101417 |
| ചെലവ് വന്നത് | 95 | ചെലവ് | 35360841 |
| ശതമാനം | 45.89% | ചെലവ് ശതമാനം | 37.98% |

ഒരു അസിസ്റ്റന്റ് എഞ്ചിനിയർ, ഓവർസിയർമാർ എന്നീ സാങ്കേതിക ജീവനക്കാർക്ക് നടപ്പാക്കാവുന്നതിലും വളരെയധികം പ്രൊജക്ടുകൾ ഏറ്റെടുക്കുന്നതാണ് ഇത്തരത്തിൽ വളരെയധികം പ്രൊജക്ടുകൾ നടപ്പാക്കാതെ വരുന്നതിനും പലപ്പോഴും പദ്ധതിപ്പണം ലാപ്സാവുന്നതിനും ഇടയാക്കുന്നത്. ഇത്തരത്തിൽ പ്രൊജക്ടുകൾ ഏറ്റെടുക്കുന്നത് ഒഴിവാക്കാൻ ശ്രമിക്കേണ്ടതാണ്.

നഗരസഭയെ മൊത്തം ഒരു യൂണിറ്റായി കണ്ട് പദ്ധതികൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റികൾ നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതും ഫണ്ടുകൾ വാർഡുകൾക്കായി വീതം വെക്കുന്ന പ്രവണത ഒഴിവാക്കാൻ ശ്രമിക്കേണ്ടതുമാണ്.

II.റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രൊജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ ഒരു പ്രവൃത്തിയിലും ഈ നിബന്ധനകൾ പാലിച്ചതായി കണ്ടില്ല.

കൂടാതെ നഗരസഭയുടെ ആസ്തികളുടെ സംരക്ഷണത്തിന് മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കേണ്ട പ്രവൃത്തികൾ ഉൾപ്പെടുത്തി ഒരു മെയിന്റനൻസ് പ്ലാനും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ഇക്കാരണങ്ങളാൽ തന്നെ മേൽ വർഷത്തിൽ നടപ്പാക്കേണ്ട ഏറ്റവും അനിവാര്യമായ പ്രൊജക്ടുകളാണോ നടപ്പാക്കിയത് എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കുകയും, പ്രസ്തുത രേഖകളും സ്റ്റാറ്റസ് റിപ്പോർട്ടും അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ മാത്രം പ്രൊജക്ടുകൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതും ആയത് പ്രകാരമാണ് പദ്ധതികൾ രൂപീകരിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

III. പ്രവൃത്തി പൂർത്തീകരിച്ച ശേഷം അവശിഷ്ടങ്ങൾ, ബാക്കി വരുന്ന സാമഗ്രികൾ, താത്കാലിക നിർമ്മിതികൾ എന്നിവ നീക്കം ചെയ്ത് സൈറ്റ് ക്ലീൻ ചെയ്ത ശേഷം ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർക്ക് തിരിച്ചേൽപിക്കണമെന്ന് കേരള പൊതു മരാമത്ത് മാന്വൽ ഖ.2119 ൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരന് സൈറ്റ് കൈമാറിയതിന്റെ രേഖകൾ മിക്ക ഫയലുകളിലും ഉണ്ടെങ്കിലും പ്രവൃത്തി പൂർത്തിയാക്കി സൈറ്റ് തിരിച്ചേൽപിച്ചതിന്റെ രേഖകൾ ഒരു പ്രവൃത്തിയുടെയും ഫയലിൽ ഇല്ല. മരാമത്ത് പ്രവൃത്തി ഫയലുകളോടൊപ്പം കേരള പൊതു മരാമത്ത് മാന്വൽ നിർദ്ദേശിക്കും പ്രകാരമുള്ള മുഴുവൻ രേഖകളും ഉള്ളടക്കം ചെയ്യാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

IV.1996 ലെ The Building And Other Construction Workers' Welfare Cess Act പ്രകാരം നിർമ്മാണ പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനം ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം ഇതിന്റെ കളക്ഷൻ ചാർജ് ഇനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ് (The Building And Other Construction Workers' Welfare Cess Act,1996 Section 3-3).

ഓഡിറ്റ് വർഷത്തിൽ നഗരസഭയിൽ നിർവ്വഹണം നടത്തിയ പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഈടാക്കിയ നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതത്തിൽ നിന്ന് കളക്ഷൻ ചാർജ് ഈടാക്കാതെ മുഴുവൻ തുകയും ബന്ധപ്പെട്ട ബോർഡിൽ അടവാക്കിയിരിക്കുകയാണ്. ഭാവിയിൽ കളക്ഷൻ ചാർജ് കുറവ് ചെയ്ത് മാത്രം ക്ഷേമനിധി വിഹിതം അടവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

V. ആസ്തി രജിസ്റ്റർ പൂർത്തിയാക്കിയിട്ടില്ല .

2019-20 വർഷത്തിൽ പൂർത്തീകരിച്ച മരാമത്ത് പ്രവൃത്തികളുടെ വിവരം ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ പൂർണ്ണമാക്കിയിട്ടില്ല. ആസ്തി രജിസ്റ്റർ പൂർണ്ണമാക്കേണ്ടതും നഗരസഭയുടെ ആസ്തികളെല്ലാം അന്യാധീനപ്പെടാതെ സംരക്ഷിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-42 പാരാമെഡിക്കൽ സ്ഥാപനങ്ങളിൽ നിന്നും വാർഷിക ഫീസ് ഈടാക്കിയില്ല.

1994 കേരള മുനിസിപ്പാലിറ്റി (സ്വകാര്യ ആശുപത്രികളുടേയും, സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ 341 A പ്രകാരം മുനിസിപ്പാലിറ്റിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികൾക്കും, പാരാമെഡിക്കൽ സ്ഥാപനങ്ങൾക്കും മുനിസിപ്പാലിറ്റി ഏതെങ്കിലും സേവനം നൽകുന്നുണ്ടെങ്കിൽ ആ സേവനങ്ങൾക്ക് വേണ്ടി കൗൺസിൽ നിശ്ചയിക്കുന്ന നിരക്കിലുള്ള വാർഷിക ഫീസ് ഈടാക്കാവുന്നതാണ്. ഇത് പ്രകാരം 2019-20 സാമ്പത്തിക വർഷത്തിൽ 58 പാരാമെഡിക്കൽ സ്ഥാപനങ്ങൾ വാർഷിക ഫീസ് അടവാക്കിയിട്ടുണ്ട്. എന്നാൽ 2020-21 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും വാർഷിക ഫീസ് ഈടാക്കിയിതായി കാണുന്നില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | കുറിഞ്ഞിക്കാട് വൈദ്യശാല |
| 2 | ഇഷാൽ ഹോമിയോ ക്ലിനിക്ക് |
| 3 | I . J . ഡെന്റൽ ക്ലിനിക്ക് |
| 4 | Child To Youth Medical Centre |
| 5 | V – Care Lab & ECG |
| 6 | മാസ് ലബോറട്ടറി |
| 7 | 7/747, 748, 749 (സ്ഥാപനം വ്യക്തമല്ല) |
| 8 | Mazi Dental Care |
| 9 | റിലീഫ് നാച്വറൽ ഫുഡ് |

ഇഉ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ.34/2020-21/30.12.2021 ന് 06.09.2021 ലെ 1683/2021/LSGD സർക്കാർ ഉത്തരവ് പ്രകാരം 31.12.2021 വരെ മുൻകാല പ്രാബല്യത്തോടെ പിഴയില്ലാതെ ലൈസൻസ് പുതുക്കാവുന്നതാണ്. നിലവിൽ ലൈസൻസ് പുതുക്കാത്ത സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി ഫീ ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അനുവദനീയമായ ലൈസൻസ് ഫീ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-43 വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് - തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

നിർവഹണ ഉദ്യോഗസ്ഥൻ - അസി. എഞ്ചിനീയർ,

ഫയൽ നമ്പർ- PW2-11038/17

നഗരസഭ മത്സ്യ മാർക്കറ്റിൽ മലിനജല സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പ്രൊജക്ട് 30 ലക്ഷം രൂപയുടെ ഭരണാനുമതിയോടെ 2017-18 വർഷത്തെ വാർഷിക പദ്ധതിയിലുൾപ്പെടുത്തിയിരുന്നു (പ്രൊജക്ട് നമ്പർ-223/18). പ്രൊജക്ടിന് ശുചിത്വ മിഷൻ 24 ലക്ഷം രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട് (നം.3761/ജി/2017/ എസ്.എം. തി-23-2-2018). പ്ലാന്റ് സ്ഥാപിക്കുന്നതിന് കോഴിക്കോട് റാം ബയോളജിക്കൽ എന്ന സ്ഥാപനം മുഖേന വിശദമായ പ്രൊജക്ട് റിപ്പോർട്ട് (ഡി.പി.ആർ) തയ്യാറാക്കുകയും ചെയ്തു.

2018-19 വർഷത്തിൽ പ്രൊജക്ട് സ്പിൽഓവർ ആയി ഉൾപ്പെടുത്തുകയും (പ്രൊജക്ട് നമ്പർ- 170/19) റാം ബയോളജിക്കൽ എന്ന സ്ഥാപനത്തിന് ഡി.പി.ആർ. തയ്യാറാക്കിയ വകയിൽ നൽകേണ്ട കൺസൾട്ടൻസി ചാർജിന്റെ 50% തുക 32993 രൂപ (നികുതികൾ കിഴിച്ച്) നൽകുകയും ചെയ്തു. (ബിൽ നമ്പർ- 23/22-11-2018, 32993 രൂപ)

31.12.2018 ന് പ്ലാന്റ് സ്ഥാപിക്കുന്നതിന് ടെണ്ടർ നടത്തിയതിൽ ആരും പങ്കെടുത്തില്ല. 25-1-2019 ന് റീടെണ്ടർ ചെയ്തതിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ഷാരോൺ വാട്ടർ സൊല്യൂഷൻ, കോട്ടയം എന്ന സ്ഥാപനത്തെയാണ് പ്ലാന്റ് സ്ഥാപിക്കാൻ ഏൽപിച്ചത്. ആന്വൽ മെയിന്റനൻസ് ചാർജടക്കം 34,63000 രൂപയ്ക്കാണ് ടെണ്ടർ ചെയ്തിട്ടുള്ളത്. പ്രസ്തുത സ്ഥാപനവുമായി 14-2-2019 ന് നഗരസഭ കരാറിലേർപ്പെടുകയും ചെയ്തു. ശുചിത്വ മിഷന്റെ സാങ്കേതികാനുമതി രേഖയിലെ നിബന്ധനകൾ പ്രകാരം പ്ലാന്റിന്റെ 5 വർഷത്തെ OPERATION & Maintenance നടത്തേണ്ടത് പ്ലാന്റ് സ്ഥാപിക്കുന്ന ഏജൻസി തന്നെയാണ്. ഇപ്രകാരം സ്ഥാപനവുമായുള്ള കരാർ തുക ചുവടെ ചേർത്തിട്ടുള്ള വിധമാണ്.

| | |
|---|---|
| പ്ലാന്റ് സ്ഥാപിക്കുന്നതിന് | 2350000 |
| AMC രണ്ടാം വർഷം | 240000 |
| AMC മൂന്നാം വർഷം | 264000 |
| AMC നാലാം വർഷം | 290000 |
| AMC അഞ്ചാം വർഷം | 319000 |
| ആകെ | 3463000 |

എന്നാൽ പ്ലാന്റിന് വേണ്ടിയുള്ള മെഷിനറി 2019 മാർച്ചിൽ ഇൻസ്റ്റാൾ ചെയ്തിട്ടുണ്ടെങ്കിലും നാളിതു വരെയായി പ്ലാന്റ് പ്രവർത്തനക്ഷമമാക്കുകയോ സ്ഥാപനത്തിന് ഫൈനൽ ബിൽ തുക നൽകുകയോ ചെയ്തിട്ടില്ല. മേൽ പ്രൊജക്ട് നിർവ്വഹണത്തിൽ ചുവടെ ചേർത്തിട്ടുള്ള അപാകതകൾ ശ്രദ്ധയിൽപെട്ടു.

1. ഇൻസ്റ്റാൾ ചെയ്ത യന്ത്ര സാമഗ്രികളുടെ ഗുണനിലവാരം ക്ഷമതയുള്ള എഞ്ചിനീയറിംഗ് വിഭാഗം പരിശോധിച്ച് സാക്ഷ്യപത്രം നൽകേണ്ടതുണ്ട്. പ്ലാന്റിന്റെ ഗുണ നിലവാരം പരിശോധിച്ച് സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് നഗരസഭ 27.2.2020 ലെ PW2-11038/17 നമ്പർ കത്തിൽ സിവിൽ എഞ്ചിനീയറിംഗ് വിഭാഗം, എൻ.ഐ.ടി, കോഴിക്കോട് എന്ന

സ്ഥാപനത്തിനോട് അഭ്യാർത്ഥിച്ചിരുന്നു. എന്നാൽ പ്ലാന്റ് പ്രവർത്തനക്ഷമമാക്കിയാൽ മാത്രമേ ഗുണമേൻമ സർട്ടിഫിക്കറ്റ് നൽകാനാവൂയെന്ന് കോഴിക്കോട്, എൻ.ഐ.ടിയിൽ നിന്നും നഗരസഭയെ അറിയിച്ചിട്ടുണ്ട്. പ്ലാന്റ് പ്രവർത്തനക്ഷമമാക്കേണ്ടതായ അനിവാര്യത നഗരസഭ പല തവണ പ്ലാൻറ് സ്ഥാപിച്ച സ്ഥാപനത്തെ അറിയിച്ചിരുന്നുവെങ്കിലും സ്ഥാപനം അനുകൂലമായി പ്രതികരിച്ചിട്ടില്ല.

2. പ്ലാന്റിന്റെ പ്രവർത്തനക്ഷമത പരിശോധിക്കുന്നത് സംബന്ധിച്ച് 22.2.20 ലെ E2-11038/17 നമ്പർ കത്ത് പ്രകാരം ഡയറക്ടർ, IRTC ക്യാമ്പസ്, മുണ്ടൂർ, പാലക്കാട് എന്ന സ്ഥാപനത്തിന് നഗരസഭ കത്ത് നൽകി. പ്ലാന്റ് നിലവിൽ പ്രവർത്തനക്ഷമമാണെന്ന് 11.3.2020 മുതൽ 15.3.2020 വരെയുള്ള 5 ദിവസങ്ങളിലെ പരിശോധനയിലൂടെ സാക്ഷ്യപത്രം നൽകുകയും ചെയ്തു. പരിശോധനക്ക് വേണ്ടി വെഹിക്കിൾ ഹയർചാർജ്, ഹോണറേറിയം, വാട്ടർ ക്വാളിറ്റി ടെസ്റ്റിംഗ് ചാർജ് എന്നിവ ഉൾപ്പെടെ 130980 രൂപ IRTC ക്യാമ്പസ്, മുണ്ടൂർ, പാലക്കാട് എന്ന സ്ഥാപനത്തിന് നൽകി (ബിൽ നമ്പർ- 10/20-21/14.1.2021). ഈയിനത്തിൽ നഗരസഭയ്ക്ക് അധികചെലവുണ്ടായി.

3. സ്ഥാപനത്തിന് 1000000 രൂപ പാർട്ട് ബിൽ അനുവദിക്കുകയും ഇൻകം ടാക്സ് 10,000 രൂപ, ക്ഷേമ നിധി വിഹിതം 10000 രൂപ എന്നിവ കുറവ് ചെയ്ത് 9,80000 രൂപ നൽകിയിട്ടുണ്ട്. (ബിൽ നമ്പർ- 5/20-21/10.12.2020). എന്നാൽ അളവ് പുസ്തകം 137/18-19 ൽ മേൽ പ്രവൃത്തി അളവെടുത്തിട്ടുണ്ടെങ്കിലും ചെക്ക് മെഷർ ചെയ്യുകയോ ഫൈനൽ ബിൽ തയ്യാറാക്കുകയോ ചെയ്തിട്ടില്ല.

4. പ്ലാന്റ് പ്രവർത്തനക്ഷമമാക്കിയതിന്റെയും മെഷീനറികളുടെ ഗുണനിലവാരം പരിശോധിച്ച് സാക്ഷ്യപത്രം ലഭിച്ചതിന്റെയും ശുചിത്വ മിഷന്റെ നിബന്ധനകൾക്ക് വിധേയമായി പ്ലാന്റിന്റെ പ്രവർത്തനം ക്രമീകരിച്ചതിന്റെയും വിവരം ഓഡിറ്റിനെ അറിയിക്കുന്നതിന് 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശിച്ചിരുന്നു. എന്നാൽ ഇക്കാര്യത്തിൽ തുടർ നടപടി ഉണ്ടായിട്ടില്ല.

പ്ലാന്റിന്റെ നിലവിലെ സ്ഥിതി വിവരം അറിയിക്കേണ്ടതും ഇൻസ്റ്റാൾ ചെയ്ത് രണ്ടര വർഷം പിന്നിട്ടിട്ടും മേൽ സ്ഥാപനം പ്രവർത്തനക്ഷമമാക്കാത്തതിന് കാരണം വിശദമാക്കേണ്ടതുമാണ്. എഗ്രിമെൻറിലെ വ്യവസ്ഥകൾക്കും ശുചിത്വ മിഷന്റെ നിബന്ധനകൾക്കും വിധേയമായി ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിച്ചതിന്റെ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. മറ്റൊരു സ്ഥാപനം വഴി പ്രവർത്തനക്ഷമത പരിശോധിക്കേണ്ടി വന്നതിനാൽ അധികചെലവ് വരാനുണ്ടായ സാഹചര്യവും പരിശോധന വിധേയമാക്കേണ്ടതാണ്.

(ഇത് സംബന്ധിച്ച് നൽകിയ 6/20-21/27.12.2021 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-44 തൊഴിൽനികുതി: രജിസ്റ്ററുകളുടേയും റിട്ടേണുകളുടേയും സൂക്ഷിപ്പിലെ അപാകതകൾ

കോട്ടയ്ക്കൽ നഗരസഭയിൽ 2020-21 വർഷത്തെ തൊഴിൽനികുതിയുമായി ബന്ധപ്പെട്ട് ലഭ്യമാക്കിയ രജിസ്റ്ററുകളും റിട്ടേൺ ഫയലുകളും പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. ജീവനക്കാരുടെയും വ്യാപാരസ്ഥാപനങ്ങളുടേതുമുൾപ്പെടെ ആകെ ഹാജരാക്കിയ 281 അർദ്ധ വാർഷികറിട്ടേണുകളിൽ പല സ്ഥാപനങ്ങളുടേയും 2 അർദ്ധ വർഷങ്ങളിലേയും റിട്ടേണുകൾ മുഴുവനായും ലഭ്യമാക്കിയിട്ടില്ല. മുഴുവൻ റിട്ടേണുകളും ഡിമാന്റ് രജിസ്റ്ററിലെ നമ്പർ പ്രകാരം ക്രമമായി നമ്പറിട്ട് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

2. 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം തൊഴിൽനികുതി അടയ്ക്കുവാൻ ബാധ്യസ്ഥരായ ഓരോ സ്ഥാപനത്തിനും പ്രത്യേകം പേജുകൾ അനുവദിച്ചുകൊണ്ട് വാർഡു തിരിച്ചുള്ള ഡിമാന്റ് രജിസ്റ്റർ സൂക്ഷിയ്ക്കേണ്ടതാണ്. എന്നാൽ നഗരസഭയിൽ 2020-21 വർഷത്തിലും തൊഴിൽനികുതിയ്ക്ക് ഡിമാന്റ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. ഡിമാന്റ് രജിസ്റ്ററിൽ വിവരങ്ങൾ യഥാവിധി രേഖപ്പെടുത്തുകയും ചെയ്തിട്ടില്ല. ജീവനക്കാരുടേയും വ്യാപാര സ്ഥാപനങ്ങളുടേയും നികുതി പിരിച്ചെടുത്തതിന്റെ വിവരങ്ങൾ പ്രത്യേകമായി എഴുതുകയോ സംക്ഷിപ്തം തയ്യാറാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ കളക്ഷൻ വിവരങ്ങളുടെ കൃത്യത പരിശോധിയ്ക്കാനായിട്ടില്ല.

3) 2019-20 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കു പ്രകാരം 91,040/- രൂപ കുടിശ്ശികയും, തൻവർഷ തൊഴിൽനികുതി 84,180/- രൂപയും ഈടാക്കാനവശേഷിയ്ക്കുന്നുണ്ട്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 26/2020-21/ 29.12.2021 ന് ഭാവിയിൽ ഓരോ സ്ഥാപനത്തിനും പ്രത്യേകം പേജുകൾ അനുവദിച്ചുകൊണ്ട് വാർഡു തിരിച്ചുള്ള ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നതാണെന്നും, മുഴുവൻ റിട്ടേണുകളും ഡിമാന്റ് രജിസ്റ്ററിലെ നമ്പർ പ്രകാരം ക്രമമായി നമ്പറിട്ട് പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായും അറിയിച്ചിട്ടുണ്ട്. തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-45 നിക്ഷേപ പ്രവൃത്തി - പൂർത്തീകരണ വിവരം ലഭ്യമല്ല

സെക്രട്ടറി നിർവഹണം നടത്തിയ ചുവടെ ചേർക്കുന്ന പ്രവർത്തികൾക്ക് മുൻകൂർ തുക നൽകിയെങ്കിലും പ്രവർത്തി പൂർത്തീകരിച്ചതിന്റെ വിവരം ഇല്ല. ചെലവ് തുക 7170127 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം/ ബിൽ നം/ചെക്ക് നം. | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KSEB | നഗര സഭയിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 2/11-04-2020 (679230) 3/11-04-2020 (162792) | 842022 | 00 | പ്രവർത്തി പൂർത്തീകരിച്ചതിന്റെ വിനിയോഗം സാക്ഷ്യപത്രം ലഭ്യമല്ല | |
| ജലസേചന വകുപ്പ് | ഈനിക്കൽ ചിറ പുനരുദ്ധാരണം | 235/15-02-2021 | 2375000 | 00 | പ്രവർത്തി പൂർത്തീകരിച്ചതിന്റെ വിനിയോഗം സാക്ഷ്യപത്രം ലഭ്യമല്ല | |
| ജലസേചന വകുപ്പ് | മരവട്ടം പാടശേഖരത്ത് നിരയായുള്ള ബണ്ടുകളുടേയും തടയണകളുടേയും നിർമ്മാണം | 234/15-02-2021 | 1160000 | 00 | പ്രവർത്തി പൂർത്തീകരിച്ചതിന്റെ വിനിയോഗം സാക്ഷ്യപത്രം ലഭ്യമല്ല | |
| ജലസേചന വകുപ്പ് | കുറ്റപ്പുള്ളി ചിറതോട് സൈഡ് കെട്ടലും റിപ്പയറിംഗും | 237/15-02-2021 | 1900000 | 00 | പ്രവർത്തി പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | |
| കെ.എസ്.ഇ.ബി | കോട്ടക്കൽ ബസ്സ്റ്റാന്റിനടുത്തുള്ള ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കുക. (86) | 4/11-04-2020 | 893105 | | പ്രവർത്തി പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| | | ആകെ | 7170127 | | | |

മേൽപ്പറഞ്ഞ നിർവ്വഹണ ഏജൻസികളിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി മുൻകൂർ നൽകിയ തുക ക്രമീകരിക്കുന്നതുവരെ 71,70,127/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഗുണഭോക്തൃ സമിതി മുഖേനയുള്ള മരാമത്ത് നിർവ്വഹണം - കൺവീനർക്ക് അധിക തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ ചേർത്തിട്ടുള്ള പ്രവ്യത്തികൾ പൂർത്തീകരിച്ച് ബിൽ നൽകിയപ്പോൾ കൺവീനർക്ക് 5% തുക അധികം നൽകാനിടയായിട്ടുണ്ട്.

ഗുണഭോക്തൃസമിതി മുഖേന നിർവ്വഹിക്കുന്ന പ്രവൃത്തികൾക്ക് പ്രൈസ് സോഫ്റ്റ്വെയറിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിലെല്ലാം പ്രവൃത്തിയുടെ ഓരോ ഇനത്തിനും അനുവദനീയമായ നിരക്കിന് പുറമെ 7.5% തുക നികുതികൾക്കായി അധികം വകയിരുത്തുന്നുണ്ട്. ഇപ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് പ്രവൃത്തി നിർവ്വഹിച്ചതിന് ശേഷം ആകെ മൂല്യനിർണ്ണയ തുകയിൽ നിന്ന് 5% വാറ്റ്, 2% ആദായ നികുതി, 1% നിർമ്മാണ തൊഴിലാളി ക്ഷേമ നിധി എന്നിവ കുറവ് ചെയ്താണ് കൺവീനർക്ക് തുക നൽകേണ്ടിയിരുന്നത്. എന്നാൽ വാറ്റ് ഇപ്പോൾ നിലവിലില്ലാത്തതിനാൽ ഈ ഇനത്തിനായി വകയിരുത്തിയ 5% തുക കുറവ് ചെയ്താണ് കൺവീനർമാർക്ക് ബിൽ അനുവദിക്കേണ്ടതെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് 16.3.2018 ലെ ഡി.ബി-9058/17/സി.ഇ/ത.സ്വ.ഭ.വ നമ്പർ കത്തിലൂടെ അറിയിച്ചിട്ടുള്ളതാണ്. അപ്രകാരം ചെയ്യാതിരുന്നത് വഴിയാണ് കൺവീനർമാർക്ക് അധിക തുക നൽകാനിടയായത്. അധിക തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കുകയോ അല്ലാത്തപക്ഷം അധികം നൽകിയ 72966 രൂപ ഈടാക്കുകയോ ചെയ്യേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഈടാക്കേണ്ട തുക (5%) |
|---|---|
| ഗവ. രാജാസ് ഹയർ സെക്കണ്ടറി സ്കൂളിൽ വനിതകൾക്ക് ടോയ്‌ലറ്റ് നിർമ്മാണം<br>കൺവീനർ- ശ്രീമതി വനജ. ഇ.എൻ, പ്രിൻസിപ്പാൾ, ഗവ. രാജാസ് ഹയർ സെക്കണ്ടറി സ്കൂൾ ,കോട്ടക്കൽ<br>പ്രൊജക്റ്റ് നമ്പർ- 42/21<br>TS- 490000<br>കരാർ 72/19.2.2018<br>അളവ് പുസ്തകം -72/17-18, 72 A /17-18<br>ഫസ്റ്റ് പാർട്ട് ബിൽ 182537 (2017-18 ൽ നൽകിയത്)<br>ഫൈനൽ ബിൽ 283035<br>ആകെ മൂല്യ നിർണ്ണയം 465572 | 23279 |

| | |
|---|---|
| ബിൽ 20151747001400030584/12.4.2020 തുക -- 217463<br>ബിൽ 20151747001400143248/10.5.2020. തുക - 65572<br>കോസ്റ്റ് ഇൻഡക്സ് 37.25% | |
| രാജാസ് സ്കൂളിൽ പെൺകുട്ടികൾക്കായുള്ള കൗൺസിലിങ് സെന്ററും ശുചിമുറി<br>നിർമ്മാണവും (43/21)<br>കൺവീനർ ശ്രീമതി വനജ.ഇ.എൻ, പ്രിൻസിപ്പാൾ രാജാസ് സ്കൂൾ കോട്ടക്കൽ<br>കരാർ 74/9.3.2018<br>അളവ് പുസ്തകം 74/17-18, 111/17-18<br>ഫസ്റ്റ് പാർട്ട് ബിൽ 538924 (2017-18 ൽ നൽകിയത്)<br>ഫൈനൽ ബിൽ 454817<br>ആകെ മൂല്യ നിർണ്ണയം 993744<br>ബിൽ 19151747001401210933/5.2.2020 തുക 422654<br>ചെക്ക് 2829673/31.3.2020 തുക 32163<br>454817<br>കോസ്റ്റ് ഇൻഡക്സ് 37.25% | 49687 |
| രാജാസ് ഹയർ സെക്കന്ററി സ്കൂളിൽ ലാബ്, വരാന്ത, ക്ലാസ് റൂം നവീകരണം (303/21)<br>കൺവീനർ ശ്രീമതി വനജ.ഇ.എൻ കരാർ 35/12.12.2019 അളവ് പുസ്തകം 35/19-20<br>ബിൽ 20151747001400853888/23.12.20 തുക 663700<br>ബിൽ 20151747001400853890/23.12.20 തുക 780000<br>ആകെ മൂല്യ നിർണ്ണയം 993744 കോസ്റ്റ് ഇൻഡക്സ് 31.06% | 72185 |

ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി 1/19-20/20.12.2021, 4/20-21/23.12.2021, 12/20-21/27.12.2021 എന്നിവ നൽകിയതിന് തുക കൺവീനറിൽ നിന്ന് ഈടാക്കി അടവാക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കി.

അധികം നൽകിയ 145151 രൂപ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3-2 ബഡ്സ് സ്കൂൾ നിർമ്മാണം -പ്ലാസ്റ്ററിങ് പ്രവൃത്തിക്ക് 18139 രൂപ കരാറുകാരന് അധികം നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ബഡ്സ് സ്കൂൾ നിർമ്മാണം എന്ന പ്രവൃത്തിയുടെ ഭാഗമായി 1001.913$m^2$പ്ലാസ്റ്ററിങ് പ്രവൃത്തി ചെയ്തതായി കാണിച്ച് കരാറുകാരന് തുക നൽകിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി യഥാർത്ഥത്തിൽചെയ്തത് 916.5288$m^2$ മാത്രമാണ്. പ്രവൃത്തിയുടെ ആകെ അളവ് 959.2188$m^2$ ആണ്. പ്രസ്തുത അളവിൽ നിന്ന് Deductions ആയി കാണിച്ച 42.6942$m^2$ കുറവ് ചെയ്യുന്നതിന് പകരം ആകെ അളവിന്റെ കൂടെ ഇവ കൂട്ടിയത് കാരണമാണ് അപാകത സംഭവിച്ചത്.

അധികം നൽകിയ തുക ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | പ്രവൃത്തിയുടെ യഥാർത്ഥ അളവ് | നൽകിയ തുക @212.44/$m^2$ | നല്കാവുന്ന തുക @212.44/$m^2$ | അധികം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | | |
| ബഡ്സ് സ്കൂൾ നിർമ്മാണം (302/21)<br>ബിൽ 20151747001400815931/10.12.2020 തുക 1000000<br>ചെക്ക് 306799/26.11.2019 തുക 1671342<br>കരാർ 103/22.1.2019.<br>കോൺട്രാക്ടർ വൈറ്റ് പേൾ കൺസ്ട്രക്ഷൻസ് തുക 4409827.11<br>അളവ് പുസ്തകം 103/18-19 103A/18-19, 147/20-21<br>കോസ്റ്റ് ഇൻഡക്സ് 31.06% | 916.5288 $M^2$ | 212846<br>(1001.913 $M^2$ *212.44) | 194707 | 18139 |

മറ്റ് അപാകതകൾ:-

1. ഈ പ്രവൃത്തിയുടെ അളവ് പുസ്തകം 103/18-19 പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി 11/2020-21/27.12.2021നൽകിയതിന് - തുക ഈടാക്കി ഓഡിറ്റിനെ വിവരം അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. അധികം നൽകിയ തുക അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ, മേൽ പരിശോധന നടത്തിയ അസി.എക്സി. എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

## 3-3 ക്ലബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം - അധിക തുക ചെലവഴിച്ചു

നിർവഹണം : സെക്രട്ടറി

പ്രൊജക്റ്റ് നമ്പർ, പേര് : 322/21, നഗരസഭയിലെ രജിസ്റ്റേഡ് ക്ലബുകൾക്ക് സ്പോർട്സ് കിറ്റ് നൽകൽ

അടങ്കൽ : 8,00,000

തുക : 7,90,545 (തനത് ഫണ്ട്)

ചെക്ക് നമ്പർ / തിയ്യതി : 314875/24.12.2020

വിവിധ ക്ലബുകൾക്ക് സ്പോർട്സ് കിറ്റുകൾ വാങ്ങി വിതരണം നടത്തുന്നതിനാണ് സെക്രട്ടറി 2020-21 വർഷത്തിൽ നടപ്പാക്കിയ മേൽ പ്രൊജക്റ്റ്. ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറവ് രേഖപ്പെടുത്തിയ പ്ലേ വെൽ സേപോർട്സ്, എറളാകുളം എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ച് 13650 രൂപയുടെ 58 കിറ്റുകൾ വാങ്ങിയിട്ടുണ്ട് (ഇൻവോയ്സ് നമ്പർ : CA 755/27.10.2020 – 613354/- രൂപ, CA 819/09.11.2020 – 177191/- രൂപ) മേൽ സ്പോർട്സ് കിറ്റുകൾ നഗരസഭയിലെ 58 ക്ലബുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ ജി.ഒ (എം.എസ്) 22/2018 ത.സ്വ.ഭ.വ തിയ്യതി : 14.02.2018 ഖണ്ഡിക 7.6.13 പ്രകാരം രജിസ്റ്റേഡ് യുവജന ക്ലബുകൾക്ക് 4000 രൂപയിൽ അധികരിക്കാത്ത സ്പോർട്സ് കിറ്റുകൾ വാങ്ങി നൽകാം. സ.ഉ (സാധാ) നമ്പർ 811/2018/തസവഭവ തിയ്യതി : 26.03.2018 പ്രകാരം 5000 രൂപയുടെ വരെ സ്പോർട്സ് കിറ്റുകൾ നൽകാവുന്നതാണ് എന്ന് ഭേദഗതി വരുത്തിയിട്ടുണ്ട്. എന്നാൽ ഒരു ക്ലബിന് 13650/- രൂപയുടെ സ്പോർട്സ് കിറ്റാണ് വാങ്ങി നൽകിയത്. ഒരു ക്ലബിന് 5000 രൂപ വെച്ച് പരമാവധി അനുവദിക്കാവുന്ന തുക 290000 (58x5000) രൂപയാണ്. അധികമായി ചെലവഴിച്ച തുക 500545 രൂപ (790545 - 290000)

മാർഗ്ഗരേഖ നിബന്ധനയിൽ അധികരിച്ച് 13650/- രൂപയുടെ സ്പോർട്സ് കിറ്റ് വാങ്ങി നൽകിയതിന് ആധാരമാക്കിയ അനുമതി ഉത്തരവ് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 36/2020-21 തി. 31.12.2021) മറുപടി ലഭ്യമാക്കിയില്ല. അധികമായി ചെലവഴിച്ച 5,00,545 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയ്യതി | സർട്ടിഫിക്കറ്റ് നമ്പർ/തിയ്യതി |
|---|---|---|
| 2020-21 | 17.12.2021 മുതൽ 31.12.2021 വരെയുള്ള മുനിസിപ്പാലിറ്റിയുടെ ഓഡിറ്റ് കാലയളവിൽ വാർഷിക ധനകാര്യപത്രിക പരിശോധിച്ചു. | റിപ്പോർട്ടിന്റെ നമ്പറും തിയ്യതിയും |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ പേരും നമ്പറും | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| തൻവർഷം ഈ ഇനത്തിൽ വരവില്ല. | | | | |

## 4-3 നിക്ഷേപ പ്രവർത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് വർക്കിന് തുക നല്കിയതിന്റേയും ചെലവഴിച്ചതിന്റേയും വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം/ ബിൽ നം/ചെക്ക് നം. | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KSEB | കോട്ടയ്ക്കൽ ബസ്സ്റ്റാന്റിനടുത്തുള്ള ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കൽ | Requisition No. 3124807601200005 | 893105 | 00 | പ്രവർത്തി പൂർത്തീകരിച്ചതിന്റെ വിനിയോഗം സാക്ഷ്യപത്രം ലഭ്യമല്ല | |
| KSEB | നഗരസഭയിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | Requisition No. 3124807601200004 | 842022 | 00 | പ്രവർത്തി പൂർത്തീകരിച്ചതിന്റെ വിനിയോഗം സാക്ഷ്യപത്രം ലഭ്യമല്ല | |
| ജലസേചന വകുപ്പ് | ഈനിക്കൽ ചിറ പുനരുദ്ധാരണം | Requisition No. 3124807601200048 | 2375000 | 00 | പ്രവർത്തി പൂർത്തീകരിച്ചതിന്റെ വിനിയോഗം സാക്ഷ്യപത്രം ലഭ്യമല്ല | |
| ജലസേചന വകുപ്പ് | മരവട്ടം പാടശേഖരത്ത് നിരയായുള്ള ബണ്ടുകളുടേയും തടയണകളുടേയും നിർമ്മാണം | Requisition No. 3124807601200048 | 1160000 | 00 | പ്രവർത്തി പൂർത്തീകരിച്ചതിന്റെ വിനിയോഗം സാക്ഷ്യപത്രം ലഭ്യമല്ല | |
| ജലസേചന വകുപ്പ് | കുറ്റപ്പുള്ളി ചിറതോട് സൈഡ് കെട്ടലും റിപ്പയറിംഗും | Requisition No. 3124807601200047 | 1900000 | 00 | പ്രവർത്തി പൂർത്തീകരിച്ചതിന്റെ വിനിയോഗം സാക്ഷ്യപത്രം ലഭ്യമല്ല | |
| | | | 7170127 | | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരം

| ക്രമ നം | പ്രവർത്തിയുടെ പേര് | കൺവീനർ | ബിൽനം./വൗച്ചർ നം. | തുക | ക്രമീകരിച്ചത് | ബാക്കി | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം | ULCCS കോഴിക്കോട് | 34/1-21 /08-01-2021 | 5000000 | ഇല്ല | 5000000 | പ്രവർത്തി പൂർത്തീകരിച്ചിട്ടില്ല |
| 2 | ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം | ULCCS കോഴിക്കോട് | 38/1-21 /08-01-2021 | 5000000 | ഇല്ല | 5000000 | പ്രവർത്തി പൂർത്തീകരിച്ചിട്ടില്ല |

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടവിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പതുകയുടേയും വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ഭവനശ്രീ ലോൺ ഹഡ്കോ | | 00 | 12200000 | 3200000 | | 9000000 |
| 2 | KURDFC-PMAY | | 11000000 | 12426667 | 1693334 | | 21733333 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിലുണ്ടായിരുന്ന സ്ഥിര നിക്ഷേപം | 25980475 |
| തൻവർഷം നിക്ഷേപിച്ച തുക | 1352235 |
| ആകെ | 27332710 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 00 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 27332710 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം. |
|---|---|---|
| PNB | 525175 | 3568/13.12.202 |
| KSCB | 545298 | 13427/06.09.2020 |
| KCUB(Town Ladies Branch) | 646528 | 12317/22.09.2020 |
| KGB (Kerala Gramin Bank) | 426477 | 50009/25.01.2021 |
| KCUB-Main Branch | 609167 | 58135/02.11.2020 |

| | | |
|---|---|---|
| MDCB | 517412 | 520050/28.03.2021 |
| MDCB | 488610 | 520014/26.03.2021 |
| Sub Treasury, Kottakkal | 5521221 | 1436454/22.11.2020 |
| Sub Treasury-Kottakkal | 679366 | 1436472/24.11.2020 |
| KSCB(Kottakkal Service Co-Operataive Bank | 4527479 | 13751/23.01.2021 |
| KSCB | 4527479 | 13750/23.01.2021 |
| KSCB | 3305845 | 13483/19.10.2020 |
| KCUB Town Ladies Branch | 3006653 | 12318/22.02.2021 |
| Clean Kerala Mission | 2006000 | 025/26.05.2014 |
| Total | 27332710 | |

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നം./തിയ്യതി |
|---|---|---|---|---|
| 2005-06 മുതൽ 16-17 വരെയുള്ള ഓഡിറ്റ് സമാഹൃത റിപ്പോർട്ട് | 5.3.11 | 330000<br>146032 | ശ്രീ.എം.പി.നന്ദകുമാർ, സെക്രട്ടറി, കോട്ടക്കൽ പഞ്ചായത്ത് | 1020110900219/29.03.21<br>120110900220/29.03.21 |
| 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് | 3-1(9) | 36000 | ശ്രീമതി ഷീബ.ഒ സീനിയർ ടൈപ്പിസ്റ്റ്, കോട്ടക്കൽ നഗര സഭ (12x3000=36000 | Vr.No.42000023/06.05.20, 42000035/29.05.20, 42000065/01.07.20, 42000088/29.07.20, 42000116/25.08.20, 42000128/30.09.20, 42000150/31.10.20 42000181/02.12.20, 42000204/04.01.21, 42000219/01.02.21, 42000255/03.03.21, 42000281/31.03,21 |
| TOTAL | | 512032 | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 37(3)(a) | 2002-03 | --- | പത്രം പരസ്യം 15160/-രൂപ അധിക തുക നല്കി | നടപടി തുടരുന്നു |
| 2002-03 | 18 | 2005-06 | --- | വനിതകൾക്ക് കമ്പ്യൂട്ടർ പരിശീലനത്തിന് അധിക തുക നല്കി | നടപടി തുടരുന്നു |
| 2007-08 | 3(33), 3-29, 3-32 | 2010-11 | | സ്റ്റേഡിയം നിർമ്മാണം, (ഭൂമി), കുടിവെള്ള പദ്ധതി, പേപ്പർ ബാഗ് യൂണിറ്റ് | നടപടി തുടരുന്നു |
| 2010-11, 2011-12, 2012-13 | 3-1, 3-38, 3-39 | 2013-14 | | ലഘു അവലോകനം (പെർഫോമൻസ് ഗ്രാന്റ്) | നടപടി തുടരുന്നു |
| 2016-17 | 2(4)2 | 2017-18 | | വസ്തു നികുതി നിർണ്ണയത്തിലും നികുതി പിരിവിലുമുള്ള അപാകതകൾ | നടപടി തുടരുന്നു |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

എ) ചാർജ് നടപടികൾ വഴി തുക ഈടാക്കിയ /ഈടാക്കുവാൻ അവശേഷിക്കുന്ന തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നംപർ | ഉത്തരവാദിയായ വ്യക്തി | സർചാർജ് സർട്ടിഫിക്കറ്റ് | | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| | | | | നംപർ/തീയതി | തുക | |
| 1 | 2004-05 | 2-1 | എം പി നന്ദകുമാർ സെക്രട്ടറി | LF 14219/ Spl.cell/SC/D1/12 14.12.2012 | 46850 | തുക അടവാക്കാൻ അവശേഷിയ്ക്കുന്നു |
| 2 | 2006-07 | 2-1 | എം ശിവശങ്കരൻ | LF 7325/spl.cell /SCD1/12.dt.12.09.14 (ചാർജ്) | 41952 | തുക അടവാക്കാൻ അവശേഷിയ്ക്കുന്നു. |
| 3 | 2006-07 | 2-4<br>2-11 | കെ സോമസുന്ദരൻ | LF 8588/spl.cell/CSC/D1 /12.dt.14.07.14 (ചാർജ്) | 4920 | തുക അടവാക്കാൻ അവശേഷിയ്ക്കുന്നു. |

ബി )സർചാർജ് നടപടി വഴി ഈടാക്കുവാൻ അവശേഷിക്കുന്ന തുക

സർചാർജ് നടപടികളുടെ വിവരം

| ക്ര നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നംപർ | ഉത്തരവാദിയായ വ്യക്തി | സർചാർജ് സർട്ടിഫിക്കറ്റ് | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | നംപർ/തീയതി | തുക | |
|---|---|---|---|---|---|---|
| 1 | 1998-99 | 58pt. | പി കെ ബാബു സെക്രട്ടറി | LF 20573/spl.cell /SC3/00.dt.06.03.03 | 2521 | തുക അടവാക്കാൻ അവശേഷിയ്ക്കുന്നു. |
| 2 | 1998-99 | 58pt. | കെ മുഹമ്മദ് അഷ്റഫ് | LF 20573/spl.cell /SC3/00.dt.06.03.03 | 281668 | കോടതിയിൽ കേസ് നടന്നു വരുന്നു. |
| 3 | 2003-04 | 3-1 | എം പി നന്ദകുമാർ സെക്രട്ടറി | LF 1857/spl.cell /SC5/10.dt.15.12.10 | 13,500 | തുക അടവാക്കാൻ അവശേഷിയ്ക്കുന്നു. |
| 4 | 2003-04 | 3-14 | കെ എസ് ശശികല, ഹെഡ്മിസ്ട്രസ് | LF 1857/spl.cell /SC5/10.dt.15.12.10 | 2240 | തുക അടവാക്കാൻ അവശേഷിയ്ക്കുന്നു. |
| 5 | 2004-05 | 3-20(2) 3-21 3-23 | എം പി നന്ദകുമാർ സെക്രട്ടറി | LF 14219/spl.cell /SCD1/12.dt.14.12.12 | 33461 | തുക അടവാക്കാൻ അവശേഷിയ്ക്കുന്നു. |
| 6 | 2006-07 | 3-5(2) 3-8 3-12 3-15 | കെ സോമസുന്ദരൻ | LF 7325/spl.cell /SCD1/12.dt.09.07.12 | 241007 | തുക അടവാക്കാൻ അവശേഷിയ്ക്കുന്നു. |
| 7 | 2006-07 | 3-11 | എം പി നന്ദകുമാർ സെക്രട്ടറി | LF 7325/spl.cell /SCD1/12.dt.09.07.12 | 178655 | തുക അടവാക്കാൻ അവശേഷിയ്ക്കുന്നു. |
| 8 | 2007-08 | 3-5 3-12 3-13 3-14 3-21 3-22 3-31 3-34(5) | കെ സോമസുന്ദരൻ | LF 8588/spl.cell /SCD1/12.dt.14.02.14 | 1345621 | തുക അടവാക്കാൻ അവശേഷിയ്ക്കുന്നു. |
| 9 | 2005-06 | 3-19pt. | എം പി നന്ദകുമാർ സെക്രട്ടറി | LF 4100/spl.cell /SC5/10.dt.10.09.12 | 137146 | തുക അടവാക്കാൻ അവശേഷിയ്ക്കുന്നു. |
| 10 | 2003-04 | 2-2 | എം പി നന്ദകുമാർ സെക്രട്ടറി | LF 1857/ Spl.cell/SC5/10 15.12.10 12778 | 12778 | തുക അടവാക്കാൻ അവശേഷിയ്ക്കുന്നു. |
| | | | | | | |
| 12 | 2006-07 | 2-1 | എം.ശിവശങ്കരൻ സെക്രട്ടറി | LF 7325/ Spl.cell/SCD1/12 12.09.14 | 41952 | തുക അടവാക്കാൻ അവശേഷിയ്ക്കുന്നു |
| 13 | 2007-08 | 2-4,2-11 | കെ സോമസുന്ദരൻ | LF 8588/ Spl.cell/CSC/D1/12 14.7.14 - | 4920 | തുക അടവാക്കാൻ അവശേഷിയ്ക്കുന്നു |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുൻ ബാക്കി ഉൾപ്പെടെ) | : 323388813.97 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 233350667.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : 663835 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 2,32,80,043 |

(ബി). നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | 145151 | 72966- ശ്രീമതി. മിനിമോൾ പി ടി, അസിസ്റ്റന്റ് എഞ്ചിനീയർ |
| | | 72185- ശ്രീ. ക്ലമന്റ് പി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | 18139 | 9070- ശ്രീമതി. മിനിമോൾ പി ടി, അസിസ്റ്റന്റ് എഞ്ചിനീയർ |
| | | 9069- ശ്രീ. മാധവൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

| | | |
|---|---|---|
| 3-2 | 500545 | ശ്രീ. സുഗതകുമാർ എം, സെക്രട്ടറി |
| ആകെ | 663835 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 5475548 | ശ്രീ. അരുൺ എസ് ദാസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-17 | 15,52,734 | ശ്രീ. സുഗതകുമാർ എം, സെക്രട്ടറി |
| 1-21 | 30000 | ശ്രീ. റഷീദ്ദീൻ എം, പ്രോജക്ട് ഓഫീസർ |
| 1-22 | 50000 | ശ്രീ. റഷീദ്ദീൻ എം, പ്രോജക്ട് ഓഫീസർ |
| 1-23 | 79,86,739 | ശ്രീ. സുഗതകുമാർ എം, സെക്രട്ടറി |
| 1-28 | 21,750 | ശ്രീമതി. മുംതാസ് ടി പി, ഐ സി ഡി എസ് സൂപ്പർവൈസർ |
| 1-35 | 54,847 | ശ്രീ. സുഗതകുമാർ എം, സെക്രട്ടറി |
| 1-38 | 364742 | 39067- ശ്രീമതി ജൂബി കൃഷ്ണൻ, സെക്രട്ടറി ഇൻ ചാർജ്ജ് |
| | | 325675- ശ്രീ. സുഗതകുമാർ എം, സെക്രട്ടറി |
| 1-45 | 71,70,127 | ശ്രീ. സുഗതകുമാർ എം, സെക്രട്ടറി |
| ആകെ | 2,32,80,043 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സുഗതകുമാർ എം, സെക്രട്ടറി | സെക്രട്ടറി, മഞ്ചേരി നഗരസഭ | റിത്ത് ഹൗസ് 12/155<br>രാമനാഥപുരം ഗ്രാമം<br>പാലക്കാട് - 678001 |
| ശ്രീമതി. മിനിമോൾ പി ടി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, എടക്കാട്ടുവയൽ ഗ്രാമപഞ്ചായത്ത് | അരമുറി പറമ്പിൽ,<br>തിരുവോണം, ഉരുത്തിക്കര<br>പൈനാംപ്പള്ളി പി ഒ<br>മുളംതുരുത്തി,എറണാകുളം |
| ശ്രീ. മാധവൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ | ആലയിൽ ഹൗസ്,<br>തോക്കാംപാറ, കോട്ടക്കൽ |
| ശ്രീ. ക്ലമന്റ് പി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, തിരുവല്ല മുനിസിപ്പാലിറ്റി | കുഴിവില്ല ഹൗസ്,<br>മരിയാപുരം,<br>നെയ്യാറ്റിൻക്കര<br>തിരുവനന്തപുരം |

| | | |
|---|---|---|
| ശ്രീ. റഷീദുദ്ദീൻ എം, | പ്രോജക്ട് ഓഫീസർ, കോട്ടക്കൽ മുനിസിപ്പാലിറ്റി | മുല്ലപ്പള്ളി വീട് കുറവ, മക്കരപ്പറമ്പ് മലപ്പുറം |
| ശ്രീമതി. മുംതാസ് ടി | ഐ സി ഡി എസ് സൂപ്പർവൈസർ കോട്ടക്കൽ നഗരസഭ | ടി വി മൻസിൽ കോട്ടൂർ, ഇന്ത്യനൂർ (പി ഒ) കോട്ടക്കൽ |
| ശ്രീമതി ജൂബി കൃഷ്ണൻ | സൂപ്രണ്ട്, തിരൂർ നഗരസഭ | രേവതി(ഹൗസ്) അരിയല്ലൂർ (പി ഒ) മലപ്പുറം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

നഗരസഭയുടെ മുൻവർഷ ഓഡിററ് റിപ്പോർട്ടുകളിൽ തീർപ്പാക്കാനവശേഷിക്കുന്നവയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു

| ക്രമ നമ്പർ | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1 | 1985-86<br>86-87<br>87-88 | എൽ എഫ് എം . 18/1294/2010 തി.27.07.2010 | 10 |
| 2 | 1988-89<br>89-90<br>90-91 | എൽ എഫ് എം.14/281/2003 തി.30.01.2003 | 5 |
| 3 | 1991-92 | എൽ എഫ് എം.14/282/2003 തി.30.01.2003 | 3 |
| 4 | 1994-95<br>95-96 | എൽ എഫ് എം.17/1297/2010 തി.27.07.2010 | 14 |
| 5 | 1996-97 | എൽ എഫ് എം. 14/285/03 തി.29.01.03 | 8 |
| 6 | 1997-98 | എൽ എഫ് എം .17/1298/തി.27.07.2010 | 1 |
| 7 | 1998-99 | എൽ എഫ് എം .17/1299/തി.27.07.2010 | 5 |
| 8 | 1999-00 | എൽ എഫ്എം.18/1300/തി.27.07.2010 | 1 |
| 9 | 2000-01 | എൽ എഫ് എം.17//1301/തി.27.07.2010 | 0 |
| 10 | 2001-02 | എൽ എഫ് എം.21/1302 തി.27.07.2010 | 8 |

| | | | |
|---|---|---|---|
| 11 | 2002-03 | എൽ എഫ് എം.17/1303 തി.27.07.2010 | 11 |
| 12 | 2003-04 | എൽ എഫ് എം.10/1002/09 തി.06.01.2010 | 6 |
| 13 | 2004 -05 | എൽ എഫ് എം.20/1998/10 തി.2.05.2011 | 31 |
| 14 | 2005-06 | എൽ എഫ് എം.16/1550/10 തി.2.12.2010 | 9 |
| 15 | 2006-07 | എൽ എഫ് എം.10/1136/09 തി.17.12.2009 | 13 |
| 16 | 2007-08 | എൽ എഫ് എം.11/1137/09 തി.19.12.2009 | 21 |
| 17 | 2008-09 | എൽ എഫ് എം.20/112/12 തി.10.02.2012 | 21 |
| 18 | 2009-10 | എൽ എഫ് എം.20/113/12 തി.10.02.2012 | 27 |
| 19 | 2010-11<br>2011-12<br>2012-13 | എൽ എഫ് എം.20/37/14 തി.14.03.2014 | 55 |
| 20 | 2013-14 | കെ എസ് എ -എം.പി എം 20/1960/2015 തി.10.09.2015 | 32 |
| 21 | 2014-15 | കെ എസ് എ -എം.പി എം 21/344/16 തി.24.05.2016 | 18 |
| 22 | 2015-16 | കെ എസ് എ -എം.പി എം 20/2758/2016 തി.03.05.2018 | 17 |
| 23 | 2016-17 | കെ എസ് എ -എം.പി എം 20/2439/2017 തി.22.03.2018 | 25 |
| 24 | 2017-18 | കെ എസ് എ -എം.പി എം 20/445/2018 തി.28.05.2019 | 29 |
| 25 | 2018-19 | കെ എസ് എ -എം.പി എം 20/212/20 തി.23.03.2020 | 32 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

മലപ്പുറം

എൽ. 2/22

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ കോട്ടക്കൽ മുൻസിപ്പാലിറ്റിയുടെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ കോട്ടക്കൽ മുൻസിപ്പാലിറ്റിയുടെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്